പതിമൂന്നാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2014–2016)

**ഇരുപത്തി ആറാമത് റിപ്പോർട്ട്**

(2014 ജൂലൈ മാസം 16-ാം തീയതി സഭയിൽ സമർപ്പിച്ചത്)

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002–2003 മുതൽ 2005–2006 വരെ
വർഷങ്ങളിലേക്കുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള
വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട
ഓഡിറ്റ് ഖണ്ഡികകൾ സംബന്ധിച്ച്

1089/2014.

# ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| മുഖവുര | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം I : | പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 73 |
| അനുബന്ധം II : | ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാരിൽനിന്നും ലഭിച്ച മറുപടി | .. | 109 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. വർക്കല കഹാർ

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. അച്ചുതൻ

,, എം. ചന്ദ്രൻ

,, കെ. കെ. ജയചന്ദ്രൻ

,, മുല്ലക്കര രത്നാകരൻ

,, എൻ. ഷംസുദ്ദീൻ

,, കെ. ശിവദാസൻ നായർ

,, പി. ശ്രീരാമകൃഷ്ണൻ

,, ജി. സുധാകരൻ

,, എം. എ. വാഹീദ്.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, എസ്. പ്രസന്നകുമാർ, ജോയിന്റ് സെക്രട്ടറി

,, റ്റി. എം. രത്നാകരൻ, ഡെപ്യൂട്ടി സെക്രട്ടറി

,, എസ്. രാമദാസൻ പോറ്റി, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, കമ്മിറ്റിയുടെ നിയോഗാനുസരണം സമിതിയുടെ (2014-2016) ഇരുപത്തി ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ (2002-03 മുതൽ 2005-06 വരെയുള്ള) ഉൾപ്പെട്ടിട്ടുള്ള വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2014 ജൂലൈ മാസം 10-ാം തീയതി ചേർന്ന സമിതി യോഗത്തിലാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

വർക്കല കഹാർ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ജൂലൈ 16.

# റിപ്പോർട്ട്

## വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ

## പൂതാടി ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ഇരുളം-കോളേരി റോഡ് ടാറിംഗ് പൂർത്തീകരിച്ചില്ല-നിർവ്വഹണത്തിൽ വൻക്രമക്കേട്**

**[1991-92 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 10]**

ഇരുളം-കോളേരി റോഡ് ടാറിംഗ് പണിക്കായി 6,39,968 രൂപ ചെലവഴിച്ചിട്ടും പണി പൂർത്തീകരിച്ചില്ല. പദ്ധതി നടത്തിപ്പിൽ 1,65,082 രൂപയുടെ ക്രമക്കേട്.

1990-91-ൽ പഞ്ചായത്ത് ആരംഭിച്ച പ്രവൃത്തിക്ക് 1991-92-ൽ ആകെ 6,39,968 രൂപ ചെലവഴിച്ചിട്ടും പൂർത്തീകരിച്ചില്ലെന്ന് മാത്രമല്ല പ്രവൃത്തിയിൽ വൻ അഴിമതിയും കണ്ടെത്തിയിട്ടുണ്ട്. വയനാട് വിജിലൻസ് ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് പി.ഡബ്ല്യൂ.ഡി. ലോക്കൽ വർക്ക് വിഭാഗത്തിന്റെ സഹായത്തോടെ നടത്തിയ അന്വേഷണത്തിൽ 1,65,082 രൂപ പഞ്ചായത്തിന് നഷ്ടവും കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് 24-3-98-ലെ സർക്കാർ ഉത്തരവ് ആർടി. 837/98 ത.സ്വ.ഭ.വ. മേൽ തുക ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുവാൻ ഉത്തരവായിട്ടുണ്ട്. നാളിതുവരെ 83,054 രൂപ മാത്രമേ ഉത്തരവാദികളിൽനിന്നും ഈടാക്കിയിട്ടുള്ളൂ. സർക്കാർ ഉത്തരവിറക്കി വർഷങ്ങൾ കഴിഞ്ഞിട്ടും നഷ്ടം പൂർണ്ണമായി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കാത്ത ഉദ്യോഗസ്ഥരുടെ അനാസ്ഥയിലേക്ക് ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.81.1.]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഓഡിറ്റ് പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. പഞ്ചായത്ത് മെമ്പറായിരുന്ന ശ്രീ. എസ്. ജി. സുകുമാരൻ ഒഴികെ മറ്റുള്ളവരിൽനിന്നും തുക തിരികെ ഈടാക്കിയിട്ടുണ്ടെന്നും ശ്രീ. സുകുമാരനെതിരെ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും ഇതിനെതിരെ ടിയാൻ ഹൈക്കോടതിയിൽ കേസ് കൊടുത്തതിന് തീരുമാനമായില്ലെന്നും പൂതാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

2. 1998-ലെ ഉത്തരവിന്മേൽ 2008-ലാണ് നടപടി ആരംഭിച്ചതെന്നും കാലതാമസം വരുത്തുന്നത് കുറ്റക്കാരെ രക്ഷിക്കാനാണെന്നും സമിതി അഭിപ്രായപ്പെടുകയും കേസ് നിലവിലുള്ള കാര്യം കളക്ടറെ അറിയിച്ചോയെന്ന് ആരായുകയും ചെയ്തു.

3. ആർ.ആർ. നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട കാര്യമാണ് കോടതിയിൽ ചോദ്യം ചെയ്തതെന്നും സ്റ്റേയില്ലെന്നും കേസ്സ് തീർപ്പാക്കിയിട്ടില്ലെന്നും കേരള സർക്കാർ, അമ്പലവയൽ തഹസിൽദാർ, പൂതാടി ഗ്രാമപഞ്ചായത്ത് എന്നിവരാണ് കേസിൽ എതിർകക്ഷികളെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചു. സ്റ്റേയില്ലാത്ത

സാഹചര്യത്തിൽ ആർ. ആർ. നടപ്പാക്കികിട്ടുന്നതിന് തഹസിൽദാരുമായി ബന്ധപ്പെട്ട് അടിയന്തരമായി തുടർനടപടി സ്വീകരിക്കണമെന്നും പഞ്ചായത്ത് ഡയറക്ടർ നടപടികളുടെ പുരോഗതി പരിശോധിക്കണമെന്നും തുക പലിശ സഹിതം ഈടാക്കണമെന്നും സമിതി നിർദ്ദേശം നൽകി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

4. "സർക്കാർ ഉത്തരവ് നമ്പർ (ആർടി.) 837/08 ത.സ്വ.ഭ.വ. തീയതി 24-3-1998-ലെ നിർദ്ദേശപ്രകാരം മുൻ എക്സിക്യൂട്ടീവ് ഓഫീസർ ശ്രീ. ടി. ബാലകൃഷ്ണനിൽനിന്ന് ഈടാക്കേണ്ടിയിരുന്ന 55,027 രൂപ ടിയാൻ മരണപ്പെട്ടുപോയതിനാൽ അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി കെ. ശോഭനാറാണി 52870/60/3-12-2008-ാം നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ അടവ് വരുത്തിയിട്ടുണ്ട്. മുൻ പഞ്ചായത്ത് മെമ്പർ എസ്.ജി. സുകുമാരനിൽനിന്ന് ഈടാക്കേണ്ടിയിരുന്ന 27,514 രൂപ ഈടാക്കുന്നതിന് പൂതാടി ഗ്രാമപഞ്ചായത്ത് എ1-1644/08 തീയതി 30-10-2008 പ്രകാരം വയനാട് ജില്ലാ കളക്ടറോട് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് അമ്പലവയൽ തഹസിൽദാരെ (ആർ.ആർ.) ചുമതലപ്പെടുത്തുകയും ആയതിൻപ്രകാരം തഹസിൽദാർ 1-12-2008-ന് ഡിമാന്റ് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾക്കെതിരെ ശ്രീ. എസ്. ജി. സുകുമാരൻ ബഹു. കേരളാ ഹൈക്കോടതിയിൽ 21-3-2009-ന് ഡബ്ല്യൂ.പി.(സി) നമ്പർ 8172/09-ാം നമ്പർ കേസ് ഫയൽ ചെയ്യുകയും ആയത് ഇപ്പോഴും നിലനിൽക്കുകയുമാണ്".

### നിഗമനങ്ങൾ/ശിപാർശകൾ

5. ഓഡിറ്റ് പരാമർശത്തിന് വിധേയമായ തുകയിൽ പഞ്ചായത്ത് അംഗത്തിൽ നിന്നും ഈടാക്കുവാനുള്ള 27,514 രൂപ ഈടാക്കുന്നതിനുള്ള നടപടിക്കെതിരെ ബഹു. ഹൈക്കോടതി സ്റ്റേ ഉത്തരവ് നൽകിയിട്ടില്ലെന്ന് തെളിവെടുപ്പ് വേളയിലെ മറുപടിയിൽനിന്നും സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. ആയതിനാൽ, പ്രസ്തുത കേസ്സിൽ കോടതി നടപടികൾ ത്വരിതപ്പെടുത്തുവാനും ആർ. ആർ. നടപടിയിന്മേൽ ബഹു. ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് അംഗത്തിൽനിന്നും തുക ഈടാക്കുന്നതിനുള്ള ആർ. ആർ. നടപടി തുടരുന്നതിനും ആവശ്യമായ അടിയന്തരനടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## മീനങ്ങാടി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**നിർദ്ദേശങ്ങൾ പാലിച്ചില്ല ; റോഡ് ടാറിംഗിൽ 3.5 ലക്ഷം അധികച്ചെലവ്**

**[1999-2000 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3-1,**

**2000-2001 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3-1]**

ജനകീയാസൂത്രണ മാനദണ്ഡങ്ങൾ പാലിക്കാതെ റോഡ് ടാറിംഗ് നേരിട്ട് നടത്തുവാൻ തീരുമാനിച്ച് സാധനസാമഗ്രികൾ വാങ്ങുന്നതും കൂലി ചെലവും

കട്ടേഷൻ ക്ഷണിച്ച് ഏൽപ്പിച്ചതുമൂലം അനുവദിച്ചിട്ടുള്ള അംഗീകൃത നിരക്കിനെക്കാൾ 3,55,968 രൂപ അധികം ചെലവായി.

1999-2000-ലെ പദ്ധതി വിഹിതമുപയോഗിച്ച് ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികൾ ഗുണഭോക്തൃ സമിതി രൂപീകരിച്ച് കമ്മിറ്റിയുടെ രേഖാമൂലമുള്ള അനുവാദം വാങ്ങാതെ ആദ്യം ടെണ്ടർ ചെയ്യുകയും ടെണ്ടർ നിരക്ക് കൂടുതലായതിനാൽ പ്രവൃത്തികൾ നേരിട്ടെടുക്കുവാൻ തീരുമാനിക്കുകയുമാണ് ചെയ്തത്. ജനകീയാസൂത്രണ പ്രവൃത്തികൾക്ക് നിഷ്ക്കർഷിച്ച പ്രാഥമിക നടപടികൾ പോലും പാലിക്കാതെ പ്രവൃത്തികൾ ടെണ്ടർ ചെയ്യുകയും പിന്നീട് നേരിട്ട് നടത്തിയ നടപടിയും ക്രമവിരുദ്ധമാണ്. ജനകീയാസൂത്രണ പദ്ധതികൾ കഴിയുന്നതും ഗുണഭോക്തൃ സമിതികളെ ഏൽപ്പിക്കേണ്ടതും പ്രവൃത്തി ടെണ്ടർ ചെയ്യേണ്ട സാഹചര്യമോ നേരിട്ടെടുക്കേണ്ട സാഹചര്യമോ വന്നാൽ അതിനുള്ള കാരണം രേഖപ്പെടുത്തിയശേഷം മാത്രമേ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അങ്ങനെ ചെയ്യാൻ പാടുള്ളൂ. 1999-2000-ലെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് 1-7-1999 മുതൽ പ്രാബല്യത്തിലുള്ള പൊതുമരാമത്ത് നിരക്കിനെക്കാൾ അധികം നൽകാൻ പാടില്ല. സാധനസാമഗ്രികൾക്കും കൂലിക്കും സമർപ്പിച്ച ടെണ്ടറുകൾ പൊതുമരാമത്ത് നിരക്കുകളെക്കാൾ വളരെ കൂടുതലാണ്. ടെണ്ടറുകൾ പഞ്ചായത്ത് അംഗീകരിക്കുകയും അതിനനുസരിച്ച് തുക നൽകുകയും ചെയ്തതിനാൽ പഞ്ചായത്തിന് ഭാരിച്ച നഷ്ടമാണ് ഉണ്ടായിട്ടുള്ളത്. മാത്രമല്ല, ടാർ പഞ്ചായത്തിൽനിന്നും നൽകിയിട്ടുള്ളതിനാൽ ടാറിന്റെ വിലകൂടി കണക്കാക്കുമ്പോൾ പഞ്ചായത്തിനുണ്ടായിട്ടുള്ള നഷ്ടം വളരെക്കൂടുതലാണ്. കൂടാതെ ഉപയോഗശേഷം ടാറിന്റെ കാലി ബാരലുകൾ തിരികെ ഏൽപ്പിച്ചതായും രേഖകളില്ല.

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ മൂല്യം [പി.ഡബ്ല്യു.ഡി. നിരക്കിൽ] | ചെക്ക് പ്രകാരം നൽകിയ തുക | അധികം പണമായി നൽകിയത് | ടാർ വില (രൂപയിൽ) | തിരികെ നൽകാത്ത ബാരൽ വില | വിൽപ്പന നികുതി | ആകെ നഷ്ടം |
|---|---|---|---|---|---|---|---|---|
| 1 | താഴെ അരിവയൽ-നെല്ലിക്കണ്ടം റോഡ് ടാറിംഗ് | 3,79,716 | 4,62,289 | 82,573 | 45,279 | 4,300 | 430 | 1,32,582 |
| 2 | അടിച്ചിലാടി-അത്തിനിലം പത്മശ്രീക്കവല റോഡ് ടാറിംഗ് | 4,07,470 | 5,00,810 | 93,340 | 53,703 | 5,100 | 510 | 1,52,653 |
| 3 | പാതിരിപ്പാലം-പടവയൽ റോഡ് ടാറിംഗ് | 1,87,521 | 2,26,853 | 39,332 | 28,431 | 2,700 | 270 | 70,733 |
| | | ആകെ | | 2,15,245 | 1,27,413 | 12,100 | 1,210 | 3,55,968 |

ജനകീയാസൂത്രണ പ്രസ്ഥാനത്തിൽ, ജനകീയ പങ്കാളിത്തം ഉറപ്പാക്കാതെ മേൽ പ്രവൃത്തികൾ നടത്തിയതുവഴി വന്ന അധിക ചെലവ് ന്യായീകരിക്കത്തക്കതല്ല. സമഗ്രമായ അന്വേഷണത്തിന് ഭരണ വകുപ്പിന് ശിപാർശ ചെയ്യുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.82.1.]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

6. പരാമർശം സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തുന്നതിന് ഭരണവകുപ്പിനോട് ഓഡിറ്റ് ശിപാർശ ചെയ്തത് നടപ്പാക്കിയോ എന്ന് സമിതി ആരാഞ്ഞതിന് ഇക്കാര്യം പഞ്ചായത്ത് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നുവെന്ന് മീനങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു. കൂടാതെ ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദിയായ ശ്രീ. ടി. ഗോപാലൻ മരണപ്പെട്ടുവെന്നും അദ്ദേഹത്തിന്റെ ഡി.സി.ആർ.ജി.യിൽനിന്നും ഈടാക്കിയ 14,322 രൂപ കിഴിച്ച് ബാക്കി തുക നിയമാനുസൃതം ഈടാക്കാൻ, അക്കാലത്ത് സർവ്വീസിലുണ്ടായിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ പേരുവിവരം, ഓരോരുത്തരുടെയും ബാദ്ധ്യതത്തുക എന്നിവ അസി. ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി തുടർന്നറിയിച്ചു. ഇത് സംബന്ധിച്ച് തുടർനടപടികൾ ഒരാഴ്ചയ്ക്കകം പൂർത്തിയാക്കാമെന്ന് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

7. പഞ്ചായത്ത് ഡയറക്ടർ ഇതിലേക്ക് ആവശ്യമായ നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകണമെന്നും സർവ്വീസിലുള്ളവരായതിനാൽ അടിയന്തരമായി തുക അവരുടെ ശമ്പളത്തിൽനിന്ന് ഈടാക്കണമെന്നും സമിതി അഭിപ്രായപ്പെട്ടു. ഇക്കാര്യത്തിൽ പെൻഷനായ ഒരു ഉദ്യോഗസ്ഥന് മുഖ്യപങ്കുണ്ടെന്നും അദ്ദേഹത്തിനുകൂടി ബാദ്ധ്യത നിശ്ചയിക്കേണ്ടതുണ്ടെന്നും വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഈയവസരത്തിൽ സമിതിയിൽ വ്യക്തമാക്കി.

8. മാനദണ്ഡം ലംഘിച്ച് പണി നടത്തിയിട്ടുണ്ടോയെന്നും തീരുമാനത്തിന് വിരുദ്ധമായി വ്യത്യസ്ത ക്വട്ടേഷൻ വിളിക്കാനുണ്ടായ സാഹചര്യം എന്താണെന്നും സമിതി ആരാഞ്ഞതിന് "എബൗറേറ്റ്" വന്നതാണ് കാരണമെന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു.

9. സാധനസാമഗ്രികൾ വാങ്ങുന്നതിനാണ് ക്വട്ടേഷൻ വേണ്ടതെന്നും പഞ്ചായത്തിനു നേരിട്ടു പണി ചെയ്യേണ്ടിവന്നതാണെന്നും എണ്ണക്കമ്പനികളിൽ നിന്നേ ടാർ വാങ്ങാൻ പറ്റൂ എന്ന സാഹചര്യത്തിൽ ടാർ വില കൂടുതലാണ് എന്ന ഓഡിറ്റ് ഒബ്ജക്ഷനും ടാർ ബാരൽ തിരികെ കിട്ടിയില്ല എന്നതും അവ്യക്തമാണെന്നും എല്ലാംകൂടി ചേർത്ത് തുക തിരികെ പിടിക്കണമെന്നത് ശരിയല്ലെന്നും എസ്.പി.എ.ഒ. അഭിപ്രായപ്പെട്ടു.

10. പഞ്ചായത്ത് സെക്രട്ടറിമാർ ഓഡിറ്റ് ഒബ്ജക്ഷന് മറുപടി നൽകുമ്പോൾ ശരിയായ വസ്തുത പരിശോധിക്കുന്നില്ലെന്നും മരിച്ചുപോയ സെക്രട്ടറിയുടെ പേരിലാണ് ബാദ്ധ്യതയെല്ലാം ചുമത്തിയിട്ടുള്ളതെന്നും വേണ്ടരീതിയിൽ വസ്തുതകൾ

പരിശോധിച്ചിരുന്നെങ്കിൽ ബാദ്ധ്യതത്തുക പകുതിയായി കുറഞ്ഞേനെയെന്നും പഞ്ചായത്ത് അസി. ഡയറക്ടർ സമഗ്രമായി അന്വേഷിച്ച് ഈടാക്കേണ്ട തുക എത്ര യെന്ന് പരിശോധിക്കണമെന്നും എസ്.പി.എ.ഒ. തുടർന്ന് അഭിപ്രായപ്പെട്ടു.

11. ഓഡിറ്റ് പരാമർശം സംബന്ധിച്ച് അസി. ഡയറക്ടർ സമഗ്രമായി അന്വേഷിച്ച് ഉത്തരവാദികളെ കണ്ടെത്തി ബാദ്ധ്യതത്തുക നിശ്ചയിച്ച് അത് ആത്യന്തികമായി തിട്ടപ്പെടുത്തി ഈടാക്കാൻ നടപടി സ്വീകരിച്ച് അറിയിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

ഓഡിറ്റ് പരാമർശത്തിന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19-3-2010-ലെ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

12. "നിയമസഭാ സമിതി നിർദ്ദേശമനുസരിച്ച് ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിരിക്കുന്ന ആകെ നഷ്ടം 3,55,968 രൂപയിൽനിന്നും ടാർ, ടാർബാരൽ എന്നിവ സംബന്ധിച്ച നഷ്ടം ഒഴിവാക്കി ബാക്കിത്തുക 2,15,245 രൂപ (അസി. പഞ്ചായത്ത് ഡയറക്ടർക്കയച്ച കത്തിൽ 2,16,455 രൂപ എന്നാണ് രേഖപ്പെടുത്തിയത്) ടി കാലയളവിൽ ജോലി ചെയ്തിരുന്ന ശ്രീ. രാജ് മോഹൻ (ജൂനിയർ സൂപ്രണ്ട്), ശ്രീ. ശശി (പ്രസിഡന്റ്) ശ്രീ. ജേക്കബ് സെബാസ്റ്റ്യൻ (ഓവർസിയർ), ശ്രീ. മമ്മു (ക്ലാർക്ക്), ശ്രീ. ജയറാം (അസി. എഞ്ചിനീയർ), ടി കാലയളവിലെ സ്പെഷ്യൽ ഓഫീസർ (പേര് ലഭ്യമാക്കി യില്ല) എന്നിവർക്ക് ബാധ്യത തിട്ടപ്പെടുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്ന തിനും എ4-727/09 തീയതി 20-1-2010-ാം നമ്പർ കത്തുമുഖേന പഞ്ചായത്ത് അസി. ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട്. ഇതല്ലാതെ സമിതി നിർദ്ദേശത്തിന്മേൽ നാളിതുവരെ മറ്റു തുടർനടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല".

## നിഗമനങ്ങൾ/ശിപാർശകൾ

13. ജനകീയാസൂത്രണ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പരാമർശ വിധേയമായ മൂന്ന് പ്രവൃത്തികളും പഞ്ചായത്ത് നിർവ്വഹണം നടത്തിയതെന്ന് സമിതി മനസ്സിലാക്കുന്നു. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലെ അനുപേക്ഷണീയമായ ജനകീയ പങ്കാളിത്തം ഉറപ്പാക്കാതെ മേൽ പ്രവൃത്തികൾ ചെയ്തതിന്റെ ഫലമായി ലക്ഷക്കണക്കിന് രൂപയുടെ അധിക ചെലവ് വന്നതായും അതിനാൽ അക്കാര്യം സമഗ്രമായ അന്വേഷണത്തിന് വിധേയമാക്കേണ്ടതാണെന്ന് ഓഡിറ്റ് ഭരണവകുപ്പിന് ശിപാർശ നൽകിയിട്ടും ആയതിന് ഭരണവകുപ്പ് മതിയായ ഗൗരവം നൽകിയില്ലായെന്ന് സമിതി നിരീക്ഷിക്കുന്നു. ഓഡിറ്റ് ചൂണ്ടിക്കാട്ടിയ നഷ്ടമായ 3,55,968 രൂപയിൽ മരണപ്പെട്ട ഒരു ഉദ്യോഗസ്ഥന്റെ ഡി.സി.ആർ.ജി.യിൽനിന്നും കേവലം 14,322 രൂപ മാത്രമാണ് നാളിതുവരെ ഈടാക്കിയിട്ടുള്ളത്. ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സമഗ്രമായി അന്വേഷണം നടത്തി ഉത്തരവാദികളായവരെ കണ്ടെത്തി ബാധ്യത നിർണ്ണയിച്ച് ആയത് ഈടാക്കി റിപ്പോർട്ട് നൽകാൻ തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശത്തിന്മേൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നോ അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നോ സർക്കാരിൽ നിന്നോ സമിതിക്ക് യാതൊരു മറുപടിയും ഇതുവരെയും ലഭിച്ചിട്ടില്ല.

14. നിയമസഭാ സമിതിയുടെ നിർദ്ദേശമനുസരിച്ച്, ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ആകെ നഷ്ടമായ 3,55,968 രൂപയിൽനിന്ന് ടാർ, ടാർ ബാരൽ എന്നിവ സംബന്ധിച്ച നഷ്ടം ഒഴിവാക്കി ബാക്കി തുക 2,15,245 രൂപ ടി കാലയളവിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ പേർക്ക് ബാധ്യത തിട്ടപ്പെടുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട് എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. ഓഡിറ്റ് ചൂണ്ടിക്കാട്ടുന്ന ക്രമക്കേടുകൾക്ക് അടിയന്തര പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാധ്യസ്ഥരാണ്. പരാമർശ വിധേയമായ സംഗതിയിൽ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികയുടെ പരിശോധനാവേളയിൽ സമഗ്രാന്വേഷണം നടത്തി നഷ്ടത്തുക കണക്കാക്കി ഈടാക്കുവാൻ സമിതി നിർദ്ദേശം നൽകുകയും നഷ്ടത്തുക നിർണ്ണയിച്ച് ഉത്തരവാദികളെ കണ്ടെത്തുകയും ചെയ്തിട്ടും ആയത് ഈടാക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയതായി സമിതി വിലയിരുത്തുന്നു. സമിതി ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിലും ഭരണവകുപ്പ് മതിയായ ശ്രദ്ധ പുലർത്തിയതായി കാണുന്നില്ല. ഇത് സമിതിയോടുള്ള കടുത്ത അനാദരവായി സമിതി നിരീക്ഷിക്കുകയും അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ, പരാമർശവിധേയമായ സംഗതിയിൽ പുനർനിർണ്ണയം നടത്തി തിട്ടപ്പെടുത്തിയ നഷ്ടത്തുക 2,15,245 രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും അടിയന്തരമായി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## എടവക ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**കേസ് നടത്തിപ്പിലെ അപാകത; പഞ്ചായത്തിന് വൻനഷ്ടം**

**[2000-01 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3-4]**

**മണൽ ലേലം സംബന്ധിച്ച കേസിൽ കോടതിയിൽനിന്നും അനുകൂല വിധി സമ്പാദിച്ചിട്ടും പഞ്ചായത്തിന്റെ അലംഭാവത്താൽ വൻ തുക നഷ്ടമായി.**

1992-93-ൽ മണൽ ലേലം ചെയ്ത ഇനത്തിൽ കരാറുകാരനിൽനിന്നും ലഭിക്കുവാനുള്ള 1,07,924 രൂപ ഈടാക്കുന്നതിന് സുൽത്താൻബത്തേരി സബ് കോടതിയിൽ കേസ് നൽകുകയും കോടതിയിൽനിന്നും അനുകൂല വിധി ലഭിക്കുകയും ചെയ്തു. എന്നാൽ കോടതി വിധിച്ച 1,07,924 രൂപയും 24% പലിശയും കോടതി ചെലവ് 8,073 രൂപയും ടിയാളിൽ നിന്ന് ഈടാക്കുന്നതിന് വേണ്ടി പഞ്ചായത്ത് യാതൊരുവിധ തുടർനടപടിയും സ്വീകരിച്ചിട്ടില്ല. ഇ. പി. ഫയൽ ചെയ്യുന്നതിന് വക്കീലിന് 5,000 രൂപ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഫയൽ ചെയ്തിട്ടില്ല.

ഉദ്യോഗസ്ഥരുടെ അലംഭാവംമൂലം പഞ്ചായത്തിന് നിയമാനുസൃതം ലഭിക്കേണ്ട തുക നഷ്ടമാകുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. ഭരണ വകുപ്പിന്റെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.84.1.]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

15. ഓഡിറ്റ് പരാമർശത്തിന്മേൽ സെക്രട്ടറിയുടെ വിശദീകരണം സമിതി ആരാഞ്ഞു. തുക ഈടാക്കുന്നതിനായി കോടതിയിൽ എക്സിക്യൂഷൻ പെറ്റീഷൻ ഫയൽ ചെയ്തിട്ടുണ്ടെന്നും വക്കീലിന്റെ ഉപദേശപ്രകാരമാണങ്ങനെ ചെയ്തതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

16. മുൻ സെക്രട്ടറിയുടെ വിശദീകരണം എന്താണെന്ന് സമിതി ആരാഞ്ഞതിന് 11-2-1998-ൽ എടവക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചാർജെടുക്കുമ്പോൾ മണൽ കേസ്സിന്റെ വിധിയെക്കുറിച്ചൊന്നും തനിക്കറിയില്ലായിരുന്നുവെന്നും സ്ഥലംമാറിപ്പോയ സെക്രട്ടറിയും പ്രസ്തുത കാര്യം തന്റെ ശ്രദ്ധയിൽപ്പെടുത്തിയില്ലെന്നും വിധിന്യായത്തിന്റെ പകർപ്പ് വക്കീൽ അയച്ചുതന്നപ്പോഴാണ് ഇ. പി. ഫയൽ ചെയ്യണമെന്നകാര്യം മനസ്സിലാക്കിയതെന്നും വക്കീൽ ഫീസായി 5,000 രൂപ കൊടുത്തുവെന്നും എടവക മുൻ പഞ്ചായത്ത് സെക്രട്ടറി ശ്രീമതി എ. പി. മേരി സമിതിയിൽ ബോധിപ്പിച്ചു.

17. പിന്നീട് കരാറുകാരന്റെ പേരിൽ ആസ്തിയുണ്ടോയെന്നന്വേഷിക്കാൻ നടപടി തുടങ്ങിയ സമയത്ത് താൻ സ്ഥലംമാറിപ്പോയെന്നും ഇ. പി. ഫയൽ ചെയ്യാൻ 12 വർഷത്തെ സാവകാശമുണ്ടെന്ന് വക്കീൽ രേഖാമൂലം എഴുതിത്തന്നതിനാലാണ് കാലതാമസമുണ്ടായതെന്നും മുൻ സെക്രട്ടറി തുടർന്നറിയിച്ചു.

18. കോടതിയിൽ പോയത് കരാറുകാരനെ സഹായിക്കാനാണെന്നും 2001-ൽ ഫയൽ ചെയ്യാൻ തീരുമാനിച്ച കേസ്, ഫയൽ ചെയ്തത് 2005-ലാണെന്നും ഇത് ക്രിമിനൽ കുറ്റമാണെന്നും വകുപ്പിലെ ഉയർന്ന തലത്തിലുള്ള ഉദ്യോഗസ്ഥർ ഫലപ്രദമായി പ്രവർത്തിക്കാത്തതിനാലാണ് ഇങ്ങനെ സംഭവിച്ചതെന്നും സമിതി കുറ്റപ്പെടുത്തി.

19. ശ്രദ്ധയിൽപ്പെടുത്തുന്ന കേസുകളിൽ ഉപദേശം നൽകാറുണ്ടെന്നും ഡെപ്യൂട്ടി ഡയറക്ടറോ സെക്രട്ടറിയോ ഇക്കാര്യം ശ്രദ്ധയിൽക്കൊണ്ടുവന്നില്ലെന്നും പഞ്ചായത്ത് വകുപ്പ് അഡീഷണൽ ഡയറക്ടർ ഈയവസരത്തിൽ സമിതിയിൽ വിശദീകരണം നൽകി.

20. കേസിന്റെ ആദ്യവിചാരണയ്ക്കുശേഷം 28-8-2009-ലേക്ക് മാറ്റിവയ്ക്കുകയും കൗണ്ടർകേസ് ഫയൽ ചെയ്യാൻ ഒരവസരം നൽകാൻ വേണ്ടി വീണ്ടും 21-1-2010-ലേക്ക് കേസ് മാറ്റിവയ്ക്കുകയും ചെയ്തുവെന്ന് സമിതിയുടെ ചോദ്യത്തിന് ഡെപ്യൂട്ടി ഡയറക്ടർ മറുപടി നൽകി.

21. പന്ത്രണ്ട് വർഷത്തിനകം ഇ.പി. ഫയൽ ചെയ്താൽ മതിയെന്ന നിയമോപദേശം കൊടുത്തത് കരാറുകാരനെ രക്ഷിക്കാനാണെന്നും കേസ് പിൻവലിച്ച് കോടതിയിൽ ചെലവായ തുക സെക്രട്ടറിയിൽ നിന്നീടാക്കി നഷ്ടത്തിനുത്തരവാദികളായവരുടെ പേരിൽ ആർ. ആർ. നടപടി എടുക്കണമെന്നും സമിതി അഭിപ്രായപ്പെട്ടതിന് നിയമപരമായി പരിശോധിച്ചശേഷം തീരുമാനമെടുക്കാമെന്ന് പഞ്ചായത്ത് വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിച്ചു.

22. ആദ്യം കരാറുകാരന് ഭൂമിയില്ലായിരുന്നുവെന്നും 2008-ലാണ് സ്വന്തമായി ഭൂമിയുണ്ടെന്നറിഞ്ഞതെന്നും എടവക ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജയരാജൻ സമിതിയെ അറിയിച്ചതിന് ആർ. ആർ. നടപടി ആ സമയത്ത് സ്വീകരിക്കാമായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെട്ടു. 2008-ൽ പുതുതായി ഭൂമി വാങ്ങിയ സമയത്താണ് രണ്ടാമത് ഇ.പി. ഫയൽ ചെയ്തതെന്ന് എടവക ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വിശദീകരിച്ചതിന് പുതിയ ഇ.പി. പ്രാവർത്തികമാക്കാൻ സാധിക്കുമെന്ന് തോന്നുന്നുവെന്നും അങ്ങനെയെങ്കിൽ പുതിയ ആർ. ആർ. നടപടി സ്വീകരിക്കാതിരുന്നതാണ് നല്ലതെന്നും എസ്.പി.എ.ഒ. അഭിപ്രായപ്പെട്ടു.

23. മണൽ ലേലം ചെയ്ത ഇനത്തിൽ കരാറുകാരനായ ശ്രീ. ഐസക് ജോണിൽനിന്നും ഈടാക്കാനുള്ള തുകയ്ക്ക് ടിയാന്റെ പേരിൽ ഇ. പി. പിൻവലിച്ച് ആർ. ആർ. നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച നിയമവശം പഞ്ചായത്ത് ഡയറക്ടർ പരിശോധിച്ച് നഷ്ടം അടിയന്തരമായി ഈടാക്കുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19-3-2010-ലെ കത്ത് മുഖേന ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

24. "സമിതി നിർദ്ദേശിച്ച പ്രകാരം ഇ. പി. പിൻവലിച്ച് ആർ. ആർ. നടപടി സ്വീകരിക്കുന്നതിലേക്കായി ജില്ലാകോടതിയിലെ ഗവ. പ്ലീഡർക്ക് നിയമോപദേശം സ്വീകരിക്കുന്നതിലേക്കായി ഫയൽ സമർപ്പിച്ചിട്ടുണ്ട്. ഈടാക്കേണ്ട തുക ഒടുക്കേണ്ട വ്യക്തിയുടെ സ്വത്ത് വിവരം സംബന്ധിച്ച് മാനന്തവാടി സബ് രജിസ്ട്രാറിൽനിന്നും വിവരം ശേഖരിച്ചിട്ടുണ്ട്".

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 4-3-2011-ലെ കത്ത് മുഖേന ലഭ്യമാക്കിയ പഞ്ചായത്ത് ഡയറക്ടറുടെ കത്തിലെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

25. "മേൽ വിഷയത്തിലേക്ക് ബഹു. സർക്കാരിന്റെ മഹനീയ ശ്രദ്ധ ക്ഷണിക്കുന്നു. എടവക ഗ്രാമപഞ്ചായത്തിന്റെ 2005-06 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് പരാമർശം 'കേസ് നടത്തിപ്പിലെ അപാകത പഞ്ചായത്തിന് ലക്ഷങ്ങളുടെ നഷ്ടം' എന്നതിൽ ഇ. പി. നിലനിൽക്കെത്തന്നെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കാമെന്ന് ജില്ലാ ഗവൺമെന്റ് പ്ലീഡറുടെ നിയമോപദേശം ലഭിച്ചിരുന്നു. ആയത് പ്രകാരം എടവക ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 15-3-2010-ലെ എ-27052/09 നമ്പർ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിക്കായി ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചു. ജില്ലാകളക്ടറുടെ റവന്യൂ റിക്കവറി നടപടിക്കെതിരെ ശ്രീ. ഐസക് ജോൺ ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ സമർപ്പിച്ചു. ബഹു. ഹൈക്കോടതി റിട്ട് പെറ്റീഷൻ പരിഗണിച്ച് 1,07,925 രൂപ രണ്ടാഴ്ചക്കകം പഞ്ചായത്തിൽ ഒടുക്കാൻ നിർദ്ദേശം നൽകി ഒരു മാസത്തേക്ക് സ്റ്റേ നൽകി. പ്രസ്തുത തുക മാനന്തവാടി തഹസിൽദാർ മുഖേന ശ്രീ. ഐസക് ജോൺ 5-8-2010-ലെ 52/23049 നമ്പർ രസീത് പ്രകാരം പഞ്ചായത്തിൽ ഒടുക്കുകയുണ്ടായി. ടി കേസിൽ പഞ്ചായത്തിനെ 2-ാം കക്ഷിയായി കാണിച്ചതിനാൽ പഞ്ചായത്ത് തീരുമാനപ്രകാരം പഞ്ചായത്തിനുവേണ്ടി ഹാജരാകുന്നതിന് വക്കീലിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും മുൻ ഇ.പി. ഇപ്പോഴും നിലവിലുള്ളതായും സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

26. കൂടാതെ ശ്രീമതി എ. പി. മേരി, ടി. ജെ. ജോയ്, കെ. കെ. ചന്ദ്രശേഖരൻ എന്നിവരുടെമേൽ വിശദീകരണം ആവശ്യപ്പെടുകയും ബന്ധപ്പെട്ടവർ സമർപ്പിച്ച വിശദീകരണം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി 3-1-2011-ലെ ഡി6-4285/10 നമ്പർ കത്തിലൂടെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നുള്ള വിവരം അറിവിനും അനന്തര നടപടികൾക്കുമായി സമർപ്പിക്കുന്നു''.

### നിഗമനങ്ങൾ/ശിപാർശകൾ

**27. കരാർ വ്യവസ്ഥ പ്രകാരം മണൽ ലേലത്തുക അടയ്ക്കാത്തതിന്റെ പേരിലുള്ള കേസിൽ പഞ്ചായത്തിന് അനുകൂലമായി വിധിയുണ്ടായിട്ടും യഥാസമയം നടപടി സ്വീകരിക്കാത്തതിന്റെ ഫലമായാണ് പരാമർശവിധേയമായ സംഗതിയിൽ കരാറുകാരനിൽനിന്നും ഇതുവരെയായി തുക ഈടാക്കുവാൻ കഴിയാതെ പോയതെന്ന് സമിതി വിലയിരുത്തുന്നു. കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള കേസ് എത്രയും വേഗം തീർപ്പാക്കുവാനും ഹൈക്കോടതി വിധിയനുസരിച്ച് പഞ്ചായത്തിന് ലഭ്യമാകേണ്ട ബാക്കി തുകകൂടി അടിയന്തരമായി ഈടാക്കുവാനും ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തി ഇക്കാര്യത്തിലുള്ള നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## മാനന്തവാടി ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**ജനകീയാസൂത്രണം-ഗുണഭോക്തൃവിഹിതം ഭാഗികമായി പിരിച്ചതുമൂലം സംഭവിച്ച നഷ്ടം**

20 ജനറൽ വനിതകൾക്കും 10 പട്ടികവർഗ്ഗ വനിതകൾക്കും 5 പട്ടികജാതി വനിതകൾക്കും ഓട്ടോറിക്ഷാ ഡ്രൈവിംഗിൽ പരിശീലനം നൽകുന്നതിനായി മൊത്തം 61,500 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ജനറൽ വിഭാഗത്തിൽ ഒരാൾക്ക് 1,750 രൂപ നിരക്കിൽ 35,000 രൂപയാണ് വകയിരുത്തിയിരുന്നത്. 1,500 രൂപ പദ്ധതി വിഹിതവും 250 രൂപ ഗുണഭോക്തൃവിഹിതവും ആയിരിക്കണമെന്നാണ് അംഗീകരിച്ച പ്രോജക്ടിൽ പറഞ്ഞിരുന്നത്. എന്നാൽ ആകെ 7 പേരിൽനിന്ന് മാത്രമാണ് ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്തത്. ബാക്കി 13 പേരിൽനിന്ന് 250 രൂപ വീതം പിരിച്ചെടുക്കാത്തതിനാൽ മൊത്തം 3,250 രൂപ നഷ്ടം സംഭവിച്ചു.

തന്നെയുമല്ല, 35 വനിതകളും ഓട്ടോറിക്ഷാ ഡ്രൈവിംഗ് പരിശീലനം വിജയകരമായി പൂർത്തിയാക്കിയെന്ന് തെളിയിക്കുന്നതിന് ആവശ്യമായ യാതൊരു രേഖകളും ലഭ്യമാക്കിയിട്ടുമില്ല. ഈ സാഹചര്യത്തിൽ 3,250 രൂപ ഓഡിറ്റിൽ നിരാകരിക്കുകയും 58,250 രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.1(i).]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

28. ഗുണഭോക്തൃ വിഹിതമായ 3,250 രൂപ പഞ്ചായത്തിൽ തിരിച്ചടച്ചതായി മാനന്തവാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. ആയത് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തുന്നപക്ഷം ഓഡിറ്റ് പരാമർശം ഒഴിവാക്കാമെന്ന് സമിതി അഭിപ്രായപ്പെട്ടു.

**നിഗമനങ്ങൾ/ശിപാർശകൾ**

**29. ഓഡിറ്റ് റിപ്പോർട്ടിൽ നിരാകരിച്ച ഗുണഭോക്തൃ വിഹിതമായ 3,250 രൂപ തിരികെയടച്ചിട്ടുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ പഞ്ചായത്ത് സെക്രട്ടറി വിശദീകരണം നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച രേഖ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിച്ച് ബോധ്യപ്പെടുത്തുന്നപക്ഷം തടസ്സം നീക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ, ഇതു സംബന്ധിച്ച് യാതൊരു റിപ്പോർട്ടും സർക്കാരിൽ നിന്നോ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നോ സമിതിക്ക് നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത രേഖകൾ അടിയന്തരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ ഗ്രാമപഞ്ചായത്തിനോടും ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോടും സമിതി ശിപാർശ ചെയ്യുന്നു. തുക തിരിച്ചടച്ചിട്ടുണ്ടെങ്കിൽ പരാമർശം ഒഴിവാക്കാനും അല്ലാത്തപക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കർഷകത്തൊഴിലാളി പെൻഷൻ-മണിയോർഡർ തുക മടങ്ങിവന്നത് വരവായി ചേർത്തിട്ടില്ല**

283 കർഷക തൊഴിലാളികൾക്ക് 100 രൂപ പ്രകാരം 3 മാസത്തേക്കുള്ള പെൻഷൻ തുകയ്ക്കും അതിന്റെ മണിയോർഡർ ചാർജ്ജിനുമായി മൊത്തം 89,145 രൂപ ചെലവ് ചെയ്തിട്ടുണ്ട്. എന്നാൽ 283-ൽ 7 പേർ മരിച്ചുപോയതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവർക്കയച്ച 2,100 രൂപ മടങ്ങി വന്നത് പഞ്ചായത്തിന്റെ ഒരു അക്കൗണ്ടിലും വരവ് വച്ചിട്ടില്ല. പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ട തുക കണക്കിൽപ്പെടുത്താത്തത് ഗുരുതരമായ സാമ്പത്തിക ക്രമക്കേടാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.1(ii).]

30. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

31. മടങ്ങിവന്ന പെൻഷൻ മണി ഓർഡർ തുക പഞ്ചായത്ത് ഫണ്ടിൽ വരവ് ചെയ്തിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ ബോധ്യപ്പെടുത്തി. ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

32. **മണി ഓർഡർ കൈപ്പറ്റാതെ മടങ്ങിവന്ന പെൻഷൻ തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## പൊഴുതന ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**എസ്റ്റിമേറ്റ് തയ്യാറാക്കൽ, സുപ്പർവിഷൻ, ചെക്ക് മെഷർമെന്റ്-തുക അധികം നൽകിയത്-അനുവദനീയമല്ല**

ഉപാധിരഹിത ഫണ്ടുപയോഗിച്ച് നടത്തിയ വിവിധ പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ, ചെക്ക് മെഷർമെന്റ്, ബില്ല് തയ്യാറാക്കൽ എന്നിവയ്ക്ക് സ്വകാര്യ എഞ്ചിനീയർമാർക്ക് അധിക നിരക്കിൽ പ്രതിഫലം നൽകിയതിനാൽ പഞ്ചായത്ത് ഫണ്ടിന് മൊത്തം 3,670 രൂപയുടെ നഷ്ടം വന്നിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.2(i).]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

33. നഷ്ടമായ തുക തിരിച്ചടച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

34. **വിവിധ മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം, ചെക്ക് മെഷർമെന്റ്, ബിൽ തയ്യാറാക്കൽ എന്നിവയ്ക്ക് സ്വകാര്യ എഞ്ചിനീയർമാർക്ക് അധികനിരക്കിൽ പ്രതിഫലം നൽകിയതുമൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി ഓഡിറ്റ് പരാമർശിച്ച തുക, തിരിച്ചടച്ചതായി പഞ്ചായത്ത് സെക്രട്ടറി സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ അറിയിക്കുകയും ആയത് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ, ടി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും ആയതിന് വിധേയമായി ഓഡിറ്റ് തടസ്സം നീക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊതുമരാമത്ത് പ്രവൃത്തികൾക്ക് അധിക തുക ചെലവഴിച്ചത്-അനുവദിക്കുന്നില്ല**

1996-97-ലെ ഉപാധിരഹിത ഫണ്ടിലുൾപ്പെടുത്തി നടപ്പിലാക്കിയ പുന്തോടൻ കോയ റോഡ് അഭിവൃദ്ധിപ്പെടുത്തൽ, മുത്താറിക്കുന്ന് എസ്. റ്റി. കോളനി റോഡ് സംരക്ഷണം, 1998-99-ലെ ഉപാധിരഹിത ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ കുറവൻതോട് എസ്.റ്റി.

കോളനി റോഡ് സംരക്ഷണം എന്നീ പ്രവൃത്തികൾക്ക് വിവിധയിനങ്ങളിലായി അനുവദനീയമായതിലും അധികം തുക ചെലവഴിച്ചിട്ടുണ്ട്. അധികം ചെലവഴിച്ച തുക യഥാക്രമം 2,073 രൂപ 12,691 രൂപ 5,615 രൂപ എന്നിങ്ങനെയാണ്. ഈ മൂന്ന് പ്രവൃത്തി കൾക്കും കൂടി ആകെ 20,379 രൂപ പഞ്ചായത്ത് ഫണ്ടിൽനിന്ന് നഷ്ടപ്പെട്ടിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.2(ii).]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

35. സ്വകാര്യ എഞ്ചിനീയറെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കിക്കാം എന്ന അക്കാലത്ത് നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് വർക്ക് ചെയ്തതെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചതിന് സർക്കാരിന്റെ സദുദ്ദേശം ദുരുപയോഗപ്പെടുത്തിയതിനാലാണ് 20,379 രൂപ നഷ്ടപ്പെട്ടതെന്ന് സമിതി അഭിപ്രായപ്പെട്ടു. പൊതുമരാമത്ത് നിരക്കിനേക്കാൾ ഉയർന്ന റേറ്റിൽ എസ്റ്റിമേറ്റ് തയ്യാറാക്കി യിരിക്കുന്നുവെന്നുള്ളത് പഞ്ചായത്ത് സെക്രട്ടറിയാണോ നോക്കേണ്ടതെന്ന് സമിതി ആരാഞ്ഞു. പഞ്ചായത്ത് സെക്രട്ടറിക്ക് ഇക്കാര്യത്തിൽ വൈദഗ്ദ്ധ്യമില്ലാത്തതുകൊണ്ടാണ് എഞ്ചിനീയറെ നിയമിക്കാൻ ഉത്തരവുണ്ടാക്കിയതെന്നും ഇത് സംബന്ധിച്ച രേഖകൾ ഓഫീസിൽ ഉണ്ടാകുമെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതി മുമ്പാകെ വിശദമാക്കി.

36. ഓഡിറ്റ് ഖണ്ഡികയുമായി ബന്ധപ്പെട്ട് നഷ്ടം വന്ന തുകയ്ക്ക് ആരെയും ഉത്തരവാദിയാക്കാൻ പറ്റാത്ത സാഹചര്യമാണെന്ന് അഭിപ്രായപ്പെട്ട സമിതി പരാമർശം ഒഴിവാക്കാൻ നിർദ്ദേശിച്ചു.

### നിഗമനങ്ങൾ/ശിപാർശകൾ

**37. സ്വകാര്യ എഞ്ചിനീയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കാമെന്നുള്ള സർക്കാർ ഉത്തരവ് ദുരുപയോഗം ചെയ്തതാണ് നഷ്ടമുണ്ടായതിന് കാരണമെന്ന് സമിതി നിരീക്ഷിക്കുന്നു. എർത്ത് എസ്കവേഷൻ ജോലിയിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാതെ വേറെ മണ്ണുപയോഗിച്ച് എർത്ത് ഫില്ലിംഗ് നടത്തിയത് ശരിയായ നടപടിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. സ്വകാര്യ എഞ്ചിനീയറാണെങ്കിലും സർക്കാർ (പി.ഡബ്ല്യു.ഡി.) നിരക്കനുസരിച്ചായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നതെന്നും ആയത് പാലിക്കാത്തതുകൊണ്ടാണ് ഓഡിറ്റ് പരാമർശമുണ്ടായതെന്നും സമിതി വിലയിരുത്തുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്ന പ്രവണത ഒഴിവാക്കാൻ ബന്ധപ്പെട്ട വകുപ്പിന്റെ പ്രത്യേക ശ്രദ്ധയുണ്ടാവണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**38. സ്വകാര്യ എഞ്ചിനീയറെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ വന്ന പിശകായതിനാലും നഷ്ടം സംഭവിച്ച തുകയ്ക്ക് ആരെയും ഉത്തരവാദിയാക്കുവാൻ കഴിയാത്ത സാഹചര്യമായതിനാലും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തി ക്കരുതെന്ന താക്കീതോടെ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എലിവിഷ നിർമ്മാർജ്ജനം-അധികച്ചെലവ്**

10 ഗ്രാം വീതമുള്ള 10000 പാക്കറ്റ് എലിവിഷം വിതരണം ചെയ്യുന്നതിന് മൊത്തം 40,000 രൂപ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയിൽ പായ്ക്കിംഗ്, വിതരണ ചെലവ് എന്നിവയ്ക്കായി വകയിരുത്തിയിരുന്നത് 5,000 രൂപയാണ്. 100 കിലോ ഗ്രാം എലിവിഷം വാങ്ങാൻ പദ്ധതിയുണ്ടായിരുന്നെങ്കിലും 46.66 കിലോ ഗ്രാം മാത്രമേ വാങ്ങി വിതരണം ചെയ്തിട്ടുള്ളൂ. 46.66 കിലോ ഗ്രാം എലിവിഷം 10 ഗ്രാം വീതമുള്ള പായ്ക്കറ്റിൽ ആക്കിയാൽ ആകെ 4666 പാക്കറ്റ് എലിവിഷം മാത്രമേ ഉണ്ടാവുകയുള്ളൂ. ഇതിന് ആകെ നൽകേണ്ടിയിരുന്ന പായ്ക്കിംഗ് ചാർജ് 2,333 രൂപ ആയിരിക്കേ ആയിനത്തിൽ വകയിരുത്തിയിരുന്ന മുഴുവൻ തുകയും ചെലവ് ചെയ്തിട്ടുണ്ട്. ഇതുമൂലം പഞ്ചായത്തിന് പദ്ധതി പണത്തിൽനിന്നും 2,667 [5,000–2,333] രൂപയുടെ നഷ്ടം നേരിട്ടിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.2(iii).]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

39. എലിവിഷം വിതരണം ചെയ്തവകയിൽ 2,667 രൂപയുടെ നഷ്ടം സംഭവിച്ചതിന്മേൽ സമിതി വിശദീകരണം ആരാഞ്ഞു. കൃഷി ഓഫീസറായിരുന്ന ശ്രീമതി സിമ്മി ജോർജ്ജ് ആയിരുന്നു നിർവ്വഹണ ഉദ്യോഗസ്ഥയെന്നും എലിവിഷം ആരും നേരിട്ടു വന്നു വാങ്ങാത്തതിനാൽ ഒരേ ദിവസം തന്നെ എലിവിഷപ്രയോഗം നടത്തി എലിനിർമ്മാർജ്ജനം ചെയ്യാൻ വേണ്ടി ഓരോ വീട്ടിലും എലിവിഷം എത്തിക്കുന്ന പദ്ധതിയായിരുന്നെന്നും അതിനുവേണ്ടി ചെലവായ തുക പഞ്ചായത്ത് റെസല്യൂഷൻവഴി അംഗീകരിച്ചു കൊടുത്തിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ വിവരിച്ചു. അധികച്ചെലവ് പഞ്ചായത്ത് അംഗീകരിച്ചതിന്റെ രേഖകൾ ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്താമെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

40. **എലിവിഷം വിതരണം നടത്തിയ പദ്ധതിയിൽ അധികച്ചെലവുണ്ടായത് പഞ്ചായത്ത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനായി രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

## മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ട്രാക്ടർ വാടക-പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നില്ല**

8-10-2001 മുതൽ 30-10-2001 വരെ 430 മുതൽ 450 വരെയുള്ള രസീതുകൾ (ബുക്ക് നമ്പർ 5) പ്രകാരം പിരിച്ചെടുത്ത ട്രാക്ടർ വാടക 5,575 രൂപ പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടില്ല. തന്നെയുമല്ല 401 മുതൽ 429 വരെയുള്ള രസീതുകൾ പ്രകാരം 8-10-2001-ന് മുൻപ് പിരിച്ച 5,575 രൂപ അടച്ചിരിക്കുന്നത് 2-11-2001-ലാണ്. അതായത് പ്രസ്തുത തുക 1-11-2001 വരെ കൈവശം സൂക്ഷിച്ചതിനുശേഷം പഞ്ചായത്ത് ഫണ്ടിൽ അടച്ചപ്പോഴും 430 മുതൽ 450 വരെയുള്ള രസീതുകളിലെ തുക കൈവശം വച്ചിട്ടുണ്ട്. മനഃപൂർവ്വമായി പഞ്ചായത്ത് ഫണ്ട് കൈവശം സൂക്ഷിക്കുകയും ദുർവിനിയോഗം ചെയ്യുകയും ചെയ്തിട്ടും ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കാഞ്ഞത് തികച്ചും ഗുരുതരമായ കൃത്യവിലോപമാണ്.

ഇത്തരം ധനാപഹരണങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും പഞ്ചായത്ത് ഫണ്ട് പിഴപ്പലിശ സഹിതം ഈടാക്കിയെടുക്കുന്നതിനും അധികാരികൾക്ക് വ്യക്തവും ശക്തവുമായ നിർദ്ദേശങ്ങളും നിയന്ത്രണങ്ങളും ഏർപ്പെടുത്തുന്നതിനും ഭരണ വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.3(i).]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

41. ട്രാക്ടർ വാടക പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാത്തതിനെപ്പറ്റി സമിതി ആരാഞ്ഞു. 2,000 രൂപ അടച്ചിട്ടുണ്ടെന്നും ബാക്കി തുകയ്ക്ക് 21-10-2008-ൽ റവന്യൂ റിക്കവറി നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. ട്രാക്ടർ ആരുടെ കൈവശമാണെന്നതിന് പഞ്ചായത്തിന്റെ കൈവശമാണെന്നും പുറത്ത് വാടകയ്ക്ക് കൊടുത്തതിന്റെ തുകയാണ് കിട്ടാനുള്ളതെന്നും സെക്രട്ടറി മറുപടി നൽകി.

42. മാലിന്യം നീക്കം ചെയ്യാനാണ് ട്രാക്ടർ വാങ്ങിയതെന്നും എന്നാൽ മാലിന്യം തീരെ കുറവുള്ള പഞ്ചായത്തായതിനാൽ ഇപ്പോൾ പഞ്ചായത്തിലെ ആളുകൾക്ക് മണൽ കൊണ്ടുവരാനാണുപയോഗിക്കുന്നതെന്നും വളരെ കുറഞ്ഞ വാടകയിലാണ് ട്രാക്ടർ കൊടുക്കുന്നതെന്നും പഞ്ചായത്ത് സെക്രട്ടറി വിശദീകരണം നൽകി.

43. ധനാപഹരണം ഒരു രൂപയാണെങ്കിലും അതിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കേണ്ടതാണെന്നും അങ്ങനെ ചെയ്യാതിരുന്നതിന് ഉത്തരവാദി പഞ്ചായത്ത് ഡയറക്ടറാണെന്നും ഇത് ഡയറക്ടറുടെ ഭരണപരമായ ചുമതലയാണെങ്കിലും അവർ അത് ചെയ്യുന്നില്ലെന്നും സമിതി അഭിപ്രായപ്പെട്ടു. ഇത് സംബന്ധിച്ച് നടപടി എടുത്തിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ കത്തിൻ പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടുവെന്നും അതിൽ അബ്ദുൾ റഹിമാൻ, രവീന്ദ്രൻ എന്നിവരാണ് ഉത്തരവാദികളായ ഉദ്യോഗസ്ഥർ എന്ന് പറയുന്നുണ്ടെന്നും പഞ്ചായത്ത് വകുപ്പ് അസി. ഡയറക്ടർ സമിതിയെ അറിയിച്ചു.

44. കൂടാതെ, ഉത്തരവാദികളായ പ്രസ്തുത ഉദ്യോഗസ്ഥർ റിട്ടയർ ചെയ്തെന്നും ഇവർക്ക് ഡി.സി.ആർ.ജി. കൊടുത്തിട്ടില്ലെന്നും ഇവരുടെ പേരിൽ നടപടി സ്വീകരിക്കണമെന്ന ആവശ്യം ഗവൺമെന്റിൽ സമർപ്പിച്ചിട്ടുള്ളതിന് അംഗീകാരം കിട്ടിയാൽ നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നും പഞ്ചായത്ത് വകുപ്പ് അസി. ഡയറക്ടർ തുടർന്ന് വിശദീകരിച്ചു. പരാമർശ വിഷയത്തിൽ ഈടാക്കുവാനുള്ള ബാക്കിത്തുക അടിയന്തരമായി ഈടാക്കുവാൻ നടപടി എടുക്കുവാനും പഞ്ചായത്ത് ഡയറക്ടർ തലത്തിൽ സ്വീകരിച്ചുവരുന്ന നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി നിർദ്ദേശിച്ചു.

45. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 12-10-2011-ലെ കത്ത് പ്രകാരം മുൻ സെക്രട്ടറി ശ്രീ. കെ. എം. രവീന്ദ്രൻ പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കേണ്ട മുഴുവൻ തുകയും അടവാക്കിയിട്ടുണ്ടെന്നറിയിച്ചിരിക്കുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

**46. പഞ്ചായത്ത് തലത്തിലുണ്ടാകുന്ന സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയാൽ അവ പരിഹരിക്കേണ്ടതിനും നടപടി സ്വീകരിക്കുന്നതിനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പഞ്ചായത്ത് ഡയറക്ടറാണെന്നും ടിയാൻ അത് കാര്യക്ഷമമായി നിർവ്വഹിക്കാത്തതിനാലാണ് വീഴ്ചകൾ ആവർത്തിക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. ട്രാക്ടർ വാടകയിനത്തിൽ ഈടാക്കേണ്ടിയിരുന്ന മുഴുവൻ തുകയും മുൻ പഞ്ചായത്ത് സെക്രട്ടറിയുടെ പക്കൽനിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കിയതായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഷോപ്പിംഗ് സെന്റർ വാടക-ഡിമാന്റ് ചെയ്തിട്ടില്ല**

1997-98 മുതൽ പഞ്ചായത്ത് ഷോപ്പിംഗ് സെന്ററിലെ 4/366-ാം നമ്പർ മുറി ശ്രീ. വി. സി. രാജപ്പൻ എന്നയാൾക്ക് വാടകയ്ക്ക് നൽകിയിരിക്കുകയാണ്. 1998-1999-ൽ വാടക ഡിമാന്റ് ചെയ്യാതിരുന്നതിനാൽ വാടകയിനത്തിൽ 1,692 രൂപയും (141X12) 31-3-2002 വരെയുള്ള പലിശയിനത്തിൽ (പ്രതിവർഷം 12% നിരക്കിൽ) 812 രൂപയും ഉൾപ്പെടെ മൊത്തം 2,504 രൂപ പഞ്ചായത്ത് ഫണ്ടിന് നഷ്ടപ്പെട്ടു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.3(ii).]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

47. വാടകയിനത്തിൽ തുക പഞ്ചായത്തിൽ അടച്ചുവെന്നതിന് രേഖയുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് റവന്യൂ റിക്കവറി നടപടി പ്രകാരം മാനന്തവാടി തഹസിൽദാർ ഓഫീസിൽ രണ്ടു തവണകളായി തുക അടച്ചുവെന്നും ബാക്കി തുക ആർ. ആർ. നടപടി അനുസരിച്ച് കിട്ടുമെന്നും മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

48. കിട്ടുവാനുള്ള തുക ഈടാക്കി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ രണ്ടാഴ്ചക്കകം അറിയിക്കണമെന്ന് സമിതി പഞ്ചായത്ത് സെക്രട്ടറിക്ക് നിർദ്ദേശം നൽകി.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19-3-2010-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

49. "1-4-1998 മുതൽ 31-3-1999 വരെയുള്ള വാടകയും പലിശയുംകൂടി 2,083 രൂപ രസീത് നമ്പർ 98/7105/23-6-1999 പ്രകാരം അടച്ചിട്ടുണ്ട്".

**നിഗമനങ്ങൾ/ശിപാർശകൾ**

**50. വാടകത്തുക കുടിശ്ശികയും പലിശയും അടക്കം 2,083 രൂപ 23-6-1999-ൽ തിരിച്ചടച്ചതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിനോദനികുതി-ബാക്കി ടിക്കറ്റുകൾ തിരിച്ചേൽപ്പിക്കാത്തതുമൂലം നഷ്ടം**

പാടിച്ചിറ പ്രതീക്ഷാ ടാക്കീസിൽ 18-2-1999 മുതൽ 25-2-1999 വരെ വിനോദ നികുതിയിൽനിന്നും ഇളവ് അനുവദിച്ച സിനിമ പ്രദർശിപ്പിക്കുന്നതിന് പുതിയ സീരീസിലുള്ള 3000 ടിക്കറ്റുകൾ (10 X 2000, 8 X 500, 5 X 500) സീൽ ചെയ്ത് നൽകിയിരുന്നു. അവയിൽനിന്നും വിറ്റ ടിക്കറ്റുകൾ കഴിച്ച് ബാക്കിയുള്ളവ തിരിച്ചേൽപ്പിക്കാതെ (10 രൂപയുടെ 1145-ഉം 8 രൂപയുടെ 154-ഉം 5 രൂപയുടെ 13-ഉം ടിക്കറ്റുകൾ മാത്രം ടി സിനിമയ്ക്ക് ഉപയോഗിച്ചതായി കാണുന്നു.) തുടർന്ന് വിൽപ്പന നടത്തുകവഴി പഞ്ചായത്ത് ഫണ്ടിന് വിനോദ നികുതി ഇനത്തിൽ മൊത്തം 3,938 രൂപ നഷ്ടപ്പെട്ടിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.3 (iii).]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

51. തുക ഈടാക്കുന്നതിലേക്ക് ആർ. ആർ. നടപടിക്ക് നോട്ടീസ് കൊടുത്തുവെന്നും തിയേറ്റർ ഇപ്പോൾ പ്രവർത്തിക്കുന്നില്ലെന്നും പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. പ്രസ്തുത വിവരങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തുവാനും സമയബന്ധിതമായി തുക ഈടാക്കാനും സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19-3-2010-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

52. "പഞ്ചായത്തിന്റെ നഷ്ടം 3,938 രൂപയും പലിശയും അന്നത്തെ സെക്രട്ടറി ശ്രീ. പി. കേശവനിൽനിന്നും ഈടാക്കുന്നതിന് 21-10-2008-ന് എ4/2510/08-ാം നമ്പർ റവന്യൂ റിക്കവറി റിക്വസിഷൻ വയനാട് ജില്ലാകളക്ടർക്ക് നൽകുകയും രസീത് നമ്പർ 42/473/30-10-2009 മുഖേന 3,938 രൂപ അടയ്ക്കുകയും ചെയ്തു. പലിശയിനത്തിൽ

ഈടാക്കേണ്ട തുകയെ സംബന്ധിച്ച റവന്യൂ റിക്കവറി നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി ആരാഞ്ഞ് കൊണ്ട് 7-1-2009-ന് ജില്ലാകളക്ടർക്ക് എഫ്4-2510/08-ാം നമ്പർ കത്ത് നൽകിയിട്ടുണ്ട്".

**നിഗമനങ്ങൾ/ശിപാർശകൾ**

53. **വിനോദനികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കിയതായി സമിതി മനസ്സിലാക്കുന്നു. യഥാസമയം പ്രസ്തുത തുക ഈടാക്കാത്തതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ പലിശകൂടി ഈടാക്കുവാനും ആയത് സംബന്ധിച്ച നടപടിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മണൽ വിൽപ്പനയിലെ ക്രമക്കേടുകൾ-വൻനഷ്ടം**

2001-2002 സാമ്പത്തിക വർഷം 1 മുതൽ 17 വരെയുള്ള രസീത് ബുക്കുകൾ ഉപയോഗിച്ച് (ഒരു രസീത് ബുക്കിൽ 50 രസീത്/പെർമിറ്റ്) ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തിയ മണൽ വിൽപ്പനയിൽ വ്യാപകമായ ക്രമക്കേടുകളും ധനാപഹരണവും നടന്നിട്ടുണ്ട്. സാമ്പത്തിക വർഷം 498 പെർമിറ്റുകൾ പ്രകാരം 3 ടൺ വീതവും 211 പെർമിറ്റുകൾ പ്രകാരം 1.5 ടൺ വീതവും 2 പെർമിറ്റുകൾ പ്രകാരം 2.5 ടൺ വീതവും മണൽ വിറ്റിട്ടുണ്ട്. 3 ടൺ, 1.5 ടൺ, 2.5 ടൺ എന്നിവയ്ക്ക് യഥാക്രമം 700, 350, 450 രൂപയും 425 രൂപയുമാണ് ഈടാക്കിയിരിക്കുന്നത്. അങ്ങനെ ഈയിനത്തിൽ പഞ്ചായത്തിന്റെ മൊത്ത വരുമാനം 4,23,325 രൂപയാണ്. എന്നാൽ ഇക്കാലയളവിലെ (7/2001 മുതൽ 30-3-2002 വരെ) വരവ് രജിസ്റ്റർ പ്രകാരം ആകെ 1,74,920 രൂപ മാത്രമാണ് പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുള്ളത്. കുറവുള്ള 2,48,405 രൂപയെക്കുറിച്ച് രേഖാമൂലം ആവർത്തിച്ച് വിശദീകരണം ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമാക്കാത്ത സാഹചര്യത്തിൽ പ്രസ്തുത തുക ദുർവിനിയോഗം ചെയ്തതായി കണക്കാക്കുന്നു.

27-9-2001-ലെ വയനാട് ജില്ലാ റിവർ മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാന പ്രകാരം മണലിന്റെ അറ്റവില മെട്രിക് ടണ്ണിന് 200 രൂപയായി നിശ്ചയിക്കുകയും പിന്നീട് 27-12-2001-ൽ 100 രൂപയായി കുറച്ച് നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഈടാക്കുന്ന അറ്റവിലയിൽ 50% റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കണമെന്നും വ്യവസ്ഥ ചെയ്തിരുന്നു. റിവർ മാനേജ്മെന്റ് കമ്മിറ്റി 27-9-2001-ൽ നിശ്ചയിച്ച വിലയാണ് ഈടാക്കുന്നതെന്ന് മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരുന്നുവെങ്കിലും യഥാർത്ഥത്തിൽ, പ്രസ്തുത പഞ്ചായത്തിൽ 3, 1.5 മെട്രിക് ടണ്ണിന് 700, 350 രൂപ ക്രമത്തിലും വിലയീടാക്കിയിട്ടുണ്ട്. ഇങ്ങനെ അധികമായി തുക ഈടാക്കിയിരുന്നെങ്കിലും ആയത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. തന്നെയുമല്ല, ഈ കാലയളവിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കേണ്ടിയിരുന്ന തുകയിൽ 1,425 രൂപ കുറവാണ് അടച്ചിരിക്കുന്നതും.

ഈ ഇടപാടിൽ സംഭവിച്ചിട്ടുള്ള ക്രമക്കേടുകളെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തേണ്ടതും പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം ചെയ്തവർക്കെതിരെ യുക്തമായ നടപടി കൈക്കൊള്ളേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.3 (iv).]

54. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

ഉത്തരവാദിയായ മുൻപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. എം. രവീന്ദ്രനെതിരെ ആർ.ആർ. നടപടിക്കു ശിപാർശ ചെയ്തതിൻപ്രകാരം 25,000 രൂപ അടച്ചിട്ടുണ്ടെന്നും ബാക്കി തുക ഈടാക്കുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണെന്നും പഞ്ചായത്ത്, കേസിൽ കക്ഷിയാണെന്നും വക്കീലിനെ നിയോഗിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

55. ആർ. ആർ. നടപടിയിന്മേലുള്ള സ്റ്റേ ഒഴിവാക്കി കിട്ടുന്നതിന് അടിയന്തിരമായി നടപടി സ്വീകരിച്ച് ബാക്കി തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 5-4-2010-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

56. "റവന്യൂ റിക്കവറി നടപടിക്കെതിരെയുള്ള കോടതി സ്റ്റേ ഒഴിവാക്കുന്ന വിഷയം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഡ്വക്കേറ്റുമായി സംസാരിച്ചു. ഡബ്ല്യു.പി. (സി) 37558/209 നമ്പർ കേസുമായി ബന്ധപ്പെട്ട 25-9-2009-ലെ ഉത്തരവ് പ്രകാരം സ്റ്റേ തുടരുകയാണെന്നും സ്റ്റേ ഒഴിവാക്കുന്നതിന് നിലവിലുള്ള ഉത്തരവ് പ്രകാരം സാധ്യമല്ലെന്ന് അഡ്വക്കേറ്റ് അറിയിച്ചിട്ടുണ്ട്".

### നിഗമനങ്ങൾ/ശിപാർശകൾ

57. ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തിയ മണൽ വില്പനയിൽ 7/2001 മുതൽ 30-3-2002 വരെയുള്ള ആകെ വരുമാനമായ 4,23,325 രൂപയിൽ 1,74,920 രൂപ മാത്രമാണ് വരവ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുള്ളതെന്നും ഈയിനത്തിൽ 2,48,405 രൂപയുടെ കുറവ് വന്നിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. വയനാട് ജില്ലാ റിവർ മാനേജ്മെന്റ് കമ്മിറ്റി നിശ്ചയിച്ചതിനേക്കാൾ കൂടിയ വിലയ്ക്കാണ് മണൽ വില്പന നടത്തിയതെന്നും ഇങ്ങനെ അധികമായി തുക ഈടാക്കിയെങ്കിലും ആയത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. മണൽ വില്പനയിൽ ഈടാക്കുന്ന അറ്റവിലയിൽ 50% റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കണമെന്നിരിക്കെ ടി ഫണ്ടിൽ അടയ്ക്കേണ്ടിയിരുന്ന തുകയിലും 1,425 രൂപ കുറവുണ്ടായിരിക്കുന്നു. മണൽ വില്പന സംബന്ധിച്ച വിശദീകരണം ഓഡിറ്റ് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അവ നല്കുന്നതിൽ ഗ്രാമപഞ്ചായത്ത് നിഷേധാത്മക നിലപാടാണ് സ്വീകരിച്ചത്. മണൽ വിൽപ്പനയിൽ ഗുരുതരമായ ധനദുർവിനിയോഗം നടന്നതായും സമിതി നിഗമനത്തിലെത്തുന്നു.

58. പരാമർശവിധേയമായ കാലയളവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും റവന്യൂ റിക്കവറി മുഖേന 25,000 രൂപ ഈടാക്കിയതിനുശേഷം ടിയാൻ റവന്യൂ റിക്കവറിക്കെതിരെ സമ്പാദിച്ച സ്റ്റേ നീക്കുവാൻ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടെന്നും സമിതി നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽ അടയ്ക്കേണ്ട ലക്ഷക്കണക്കിന് രൂപ യഥാസമയം അടയ്ക്കാതെ പൊതുപ്പണം ദുർവിനിയോഗം നടത്തിയ ഉദ്യോഗസ്ഥനിൽനിന്നും പ്രസ്തുത തുക പലിശസഹിതം ഈടാക്കുവാനുള്ള ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിനുണ്ട്. ആയതിനാൽ സ്റ്റേ ഉത്തരവ് നീക്കികിട്ടുവാനുള്ള നടപടി സ്വീകരിക്കുകയും തുക ഈടാക്കുവാനുള്ള അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**കർഷക തൊഴിലാളി പെൻഷൻ-തിരിച്ചുവന്ന തുക ബന്ധപ്പെട്ട ഫണ്ടിൽ അടച്ചിട്ടില്ല**

വിവിധ വ്യക്തികൾക്കായി മണിയോർഡർ ആയി അയച്ച 2,500 രൂപ പ്രസ്തുത വ്യക്തികൾ കൈപ്പറ്റാത്തതിനാൽ തിരികെ വന്നുവെങ്കിലും പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. പ്രസ്തുത തുക ധനാപഹരണം നടത്തിയതായി കാണുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-2003, ഓഡിറ്റ് ഖണ്ഡിക VII.I.12.3(v).]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

59. മുൻ സെക്രട്ടറിയായ ശ്രീ. പി. കേശവനാണ് ഓഡിറ്റ് പരാമർശത്തിന് ഉത്തരവാദിയെന്നും അദ്ദേഹം റിട്ടയർ ചെയ്തെന്നും തുക ഈടാക്കുന്നതിലേക്ക് റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചുവെന്നും മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

60. ഇദ്ദേഹം സർവ്വീസിലുള്ള കാലത്തുതന്നെ തുക ഈടാക്കാമായിരുന്നുവെന്നും ബന്ധപ്പെട്ട വകുപ്പിന്റെ അനാസ്ഥയാണ് ഇതിന് കാരണമെന്നും സമിതി കുറ്റപ്പെടുത്തുകയും ഡി.സി.ആർ.ജി.യിൽനിന്നും തുക ഈടാക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

61. ഇതിനുപുറമെ ഇദ്ദേഹത്തിന്റെ ബാദ്ധ്യതയായി നിർണ്ണയിച്ചിരിക്കുന്ന മുഴുവൻ തുകയും ഡി.സി.ആർ.ജി.യിൽനിന്നും ഈടാക്കാനാവില്ലെന്നും ഒരു വിജിലൻസ് കേസിൽ ശ്രീ. കേശവൻ ശിക്ഷിക്കപ്പെട്ടിരിക്കുകയാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ ഈയവസരത്തിൽ സമിതിയെ അറിയിച്ചു. ഡി.സി.ആർ.ജി.യിൽനിന്നും പരമാവധി തുക ഈടാക്കുവാനും ബാക്കി തുക ഈടാക്കുന്നതിന് ആർ. ആർ. നടപടി സ്വീകരിക്കുവാനും സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19-3-2010-ലെ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

62. "എ4-2510/08-ാം നമ്പർ റവന്യൂ റിക്കവറി റിക്വസിഷൻ പ്രകാരം 20-10-2008-ന് കളക്ടർക്ക് റവന്യൂ റിക്കവറി നടപടികൾക്ക് നൽകുകയും ആയതിന്റെ പുരോഗതി ആരാഞ്ഞുകൊണ്ട് 7-11-2009-നും 2-2-2010-നും ജില്ലാ കളക്ടർക്ക് കത്ത് നൽകിയിട്ടുമുണ്ട്".

**നിഗമനങ്ങൾ/ശിപാർശകൾ**

63. **കൈപ്പറ്റാതെ തിരിച്ചുവന്ന കർഷകത്തൊഴിലാളി പെൻഷൻ തുക പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാത്തതു സംബന്ധിച്ച ക്രമക്കേട് കാട്ടിയ ഉദ്യോഗസ്ഥൻ, പ്രസ്തുത ധനാപഹരണം ഓഡിറ്റ് ചൂണ്ടിക്കാട്ടിയ വേളയിൽ സർവ്വീസിലുണ്ടായിരുന്നുവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മതിയായ ശ്രദ്ധ ചെലുത്തിയിരുന്നുവെങ്കിൽ ടിയാൻ സർവ്വീസിൽനിന്നും വിരമിക്കും മുൻപ് ടി തുക ഈടാക്കാമായിരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുണ്ടായെന്ന് സമിതി നിരീക്ഷിക്കുന്നു. ധനാപഹരണം നടത്തിയ തുക റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിൽ കാലതാമസമുണ്ടാകുന്നുവെന്ന് നിരീക്ഷിച്ച സമിതി ഡി.സി.ആർ.ജി.യിൽനിന്നും പരമാവധി തുകയും അവശേഷിക്കുന്ന തുക റവന്യൂ റിക്കവറി മുഖേനയും ഈടാക്കുവാനുള്ള നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ചെറ്റപ്പാലം-സീതാമൗണ്ട് റോഡ്-തുക അധികം നൽകി**

പ്രസ്തുത പണിക്ക് 11-1-1999-ൽ 24.9% അധിക നിരക്കിൽ ടെണ്ടർ സമർപ്പിച്ച മാനന്തവാടി മൈനിംഗ് ആന്റ് മരാമത്ത് വർക്കേഴ്സ് സഹകരണ സംഘം 27-1-1999-ൽ എഗ്രിമെന്റ് വയ്ക്കുന്ന സമയത്ത് 30% അധിക നിരക്ക് ആവശ്യപ്പെടുകയും അതനുസരിച്ച് അന്തിമ ബില്ലിൽ ആകെ മൂല്യത്തിന്റെ കൂടെ 30% അധിക നിരക്ക് കൂട്ടിയാണ് തുക നൽകിയത്. അംഗീകരിച്ച ടെണ്ടറിൽനിന്നും വ്യത്യസ്തമായി (24.9 ശതമാനത്തിന് പകരം 30 ശതമാനം) തുക നൽകിയതുമൂലം പഞ്ചായത്ത് ഫണ്ടിന് മൊത്തം 36,247 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-2003, ഓഡിറ്റ് **ഖണ്ഡിക VII.I.12.3(v).**]

&

<u>ഓഡിറ്റ് ഖണ്ഡിക</u>

**സഹകരണ സംഘത്തിന് ലാഭകരമായി ടെണ്ടർ അധികം നൽകി**

**[1999-2000 ഓഡിറ്റ് റിപ്പോർട്ട് വർഷം; ഖണ്ഡിക 70]**

കരാറുകാരായ മരാമത്ത് സഹകരണ സംഘത്തിന് സഹായകരമായി ടെണ്ടർ അധികം വർദ്ധിപ്പിച്ച് നൽകി. ഇതിനാൽ ഗ്രാമപഞ്ചായത്തിന് 36,247 രൂപയുടെ നഷ്ടം സംഭവിച്ചു.

ചെറ്റപ്പാലം-സീതാമൗണ്ട് റോഡ് ടാറിംഗ് 24.9% അധികരിച്ച നിരക്കിൽ നടത്താമെന്ന് കരാറുകാരായ മാനന്തവാടി മൈനിംഗ് ആന്റ് മരാമത്ത് വർക്കേഴ്സ് സഹകരണ സംഘം കരാർ ചെയ്തിരുന്നു. തുടർന്ന് 30% അധിക നിരക്ക് അനുവദിക്കണമെന്ന് സംഘം ആവശ്യപ്പെട്ടു.

കരാർ ലംഘനത്തിന് എതിരെ നടപടി സ്വീകരിക്കാതെ ഗ്രാമപഞ്ചായത്ത് 30% അധികനിരക്കിൽ മൂല്യനിർണ്ണയം നടത്തി ബില്ല് തീർപ്പാക്കി, 36,247 രൂപ അധികം നൽകി.

സംഘത്തിന് സഹായകരമായി പഞ്ചായത്ത് ഫണ്ട് ദുർവ്യയം ചെയ്തത് ഗൗരവമായി കണ്ട് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-2005, ഓഡിറ്റ് ഖണ്ഡിക 3.12.I.3.5.]

ഓഡിറ്റ് പരാമർശങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

64. മേൽ പരാമർശങ്ങളുമായി ബന്ധപ്പെട്ട മുൻ സെക്രട്ടറി ശ്രീ. കേശവനെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ഓഡിറ്റ് പരാമർശത്തിന് മറുപടി നൽകുമ്പോൾ തന്നെ പോരായ്മകൾ പരിഹരിക്കുന്നതിന് നടപടി ഉണ്ടാകാത്തതാണ് കാരണമെന്ന് സമിതി അഭിപ്രായപ്പെട്ടു. മേലിലെങ്കിലും യഥാസമയം നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശം നൽകുകയും ചെയ്തു.

65. റവന്യൂ റിക്കവറി നടപടികൾക്കായി വയനാട് ജില്ലാ കളക്ടർക്ക് ശിപാർശ സമർപ്പിച്ചിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19-3-2010-ലെ കത്ത് മുഖാന്തിരം അറിയിച്ചിട്ടുണ്ട്.

### നിഗമനങ്ങൾ/ശിപാർശകൾ

66. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക VII.I.12.3(v)-ലും 2004-2005-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.12.I.3.5-ലും പരാമർശിച്ചിട്ടുള്ള ചെറ്റപ്പാലം-സീതാമൗണ്ട് റോഡ് ടാറിംഗ് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ നഷ്ടത്തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഓഡിറ്റ് ഖണ്ഡികകൾക്ക് മറുപടി നല്കുന്നതോടൊപ്പം ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പോരായ്മകൾ യഥാസമയം പരിഹരിക്കേണ്ടതാണെന്നും ആയതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതെ സർക്കാരും ഓഡിറ്റ് വകുപ്പും ശ്രദ്ധിക്കണമെന്നും സമിതി നിഷ്കർഷിക്കുന്നു.

ഓഡിറ്റ് ഖണ്ഡിക

**മുള്ളൻകൊല്ലി-ആലത്തൂർ പാടിച്ചിറ കബനിഗിരി-മരക്കടവ് റോഡ് ടാറിംഗ്-തുക അധികം നൽകിയത്-അനുവദിക്കുന്നില്ല**

ഈ പണിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത്, 1997-98 വർഷത്തെ മരാമത്ത് പണികൾക്ക് (ജനകീയാസൂത്രണം) ഷെഡ്യൂൾ ഓഫ് റേറ്റ് അനുവദിച്ചിട്ടുള്ള നിരക്കും ആയതിന്റെ 50% അധികരിച്ച നിരക്കോ അല്ലെങ്കിൽ പ്രാദേശിക നിരക്കോ ഏതാണോ കുറവ് ആയത് നൽകാം എന്നതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ പ്രസ്തുത പണിയിലെ രണ്ട് ഇനങ്ങൾക്ക് [60 എം.എം. മെറ്റലും 36 എം.എം. മെറ്റലും (66.73 മീറ്റർ ക്യൂബ്) 7:3 റേഷ്യോയിൽ അട്ടിയിടുന്ന പ്രവൃത്തി, 36 എം.എം. മെറ്റൽ 249 മീറ്റർ ക്യൂബ് അട്ടിയിടുന്ന പ്രവൃത്തി.] യഥാക്രമം 71 രൂപയും 86 രൂപയും മീറ്റർ ക്യൂബിന് അധികം നൽകുകവഴി മൊത്തം 26,152 രൂപ പദ്ധതി പണത്തിൽനിന്നും നഷ്ടപ്പെട്ടിട്ടുണ്ട്.

66.73 മീറ്റർ ക്യൂബ് കല്ല് അട്ടിയിടുന്നതിന് ടി കാലയളവിലെ അനുവദനീയമായ നിരക്ക് 21,687 രൂപയും (325x66.73) 249 മീറ്റർ ക്യൂബിന് 89,142 രൂപയും (358x249) ആയിരിക്കെയാണ് യഥാക്രമം 26,425 രൂപയും 1,10,556 രൂപയും നൽകിയത്. മേൽനോട്ടം വഹിക്കുന്ന ഉദ്യോഗസ്ഥർ ശ്രദ്ധാപൂർവ്വം കൃത്യനിർവ്വഹണം നടത്താത്തതാണ് ഇത്തരം അധിക ചെലവുകളും തദ്വാരാ നഷ്ടവും സംഭവിക്കുന്നതിന് കാരണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-2003, ഓഡിറ്റ് ഖണ്ഡിക VII.I.12.3(vi).]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

67. അധികം തുക നൽകിയ മുൻ സെക്രട്ടറി ശ്രീ. പി. കേശവന്റെ ഡി.സി.ആർ.ജി.യിൽനിന്നും പരമാവധി ബാദ്ധ്യത തുക ഈടാക്കുവാനും ബാക്കി തുകയ്ക്ക് ആർ. ആർ. നടപടി സ്വീകരിക്കുവാനും സമിതി നിർദ്ദേശിച്ചു. ശ്രീ. കേശവന്റെ പേരിൽ ധാരാളം കേസുകൾ ഉള്ളതിനാൽ സിവിൽ സ്യൂട്ട് ഫയൽ ചെയ്യേണ്ടിവരുമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് കാട്ട് ചെയ്ത് സിവിൽ കേസ് ഫയൽ ചെയ്യുന്നതായിരിക്കും ഉചിതമെന്നും കെ.എസ്.ആർ.-ൽ പ്രൊവിഷനുണ്ടെന്നും വയനാട് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

68. ശ്രീ. പി. കേശവൻ വിജിലൻസ് കേസിൽ ശിക്ഷിക്കപ്പെട്ടിട്ട് അപ്പീൽ കൊടുത്തു ജാമ്യത്തിലാണെന്നും ബന്ധപ്പെട്ട കേസുകളെല്ലാം പരിശോധിച്ച് മൊത്തം ബാദ്ധ്യത തുക ഈടാക്കാനായി ഡിപ്പാർട്ടുമെന്റുതലത്തിൽ നടപടി സ്വീകരിക്കണമെന്നും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു. ശ്രീ. കേശവനുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളിൻമേൽ ഡിപ്പാർട്ടുമെന്റുതലത്തിൽ നടപടി സ്വീകരിച്ച് മൊത്തം ബാദ്ധ്യത തുക ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുകയാണെന്ന് സമിതി അറിയിക്കുകയും ഇതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

69. റവന്യൂ റിക്കവറി നടപടികൾക്കായി വയനാട് ജില്ലാ കളക്ടർക്ക് ശിപാർശ സമർപ്പിക്കുകയും തുടർനടപടികൾ ആരാഞ്ഞുകൊണ്ട് കത്തുകൾ നൽകുകയും ചെയ്തിട്ടുണ്ട് എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19-3-2010-ലെ കത്ത് മുഖാന്തിരം അറിയിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

70. ഓഡിറ്റ് പരാമർശത്തിന് വിധേയമായ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സർവ്വീസിൽനിന്നും വിരമിച്ചതായും വിവിധ ക്രമക്കേടുകൾക്ക് ഇദ്ദേഹത്തിന്റെ പേരിൽ നിരവധി കേസ്സുകൾ നിലവിലുണ്ടെന്നും തെളിവെടുപ്പ് യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥരുടെ മറുപടിയിൽനിന്ന് സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ ടി ഉദ്യോഗസ്ഥന്റെ പേരിലുള്ള എല്ലാ കേസ്സുകളും വകുപ്പുതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിച്ച് തുക ഈടാക്കുവാൻ തെളിവെടുപ്പ് യോഗത്തിൽവച്ച് സമിതി പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. എന്നാൽ, പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിൽനിന്ന് യാതൊരു മറുപടിയും നാളിതുവരെ സമിതിക്ക് ലഭിക്കുകയുണ്ടായില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം റവന്യൂ റിക്കവറി നടപടികൾക്കായി വയനാട് ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**വനിതാ പ്രോജക്ട് സബ്സിഡി-പുരുഷൻമാർക്ക് നൽകി-അനുവദിക്കുന്നില്ല**

എസ്.സി. വിഭാഗം വനിതകൾക്കായി വിഭാവനം ചെയ്തിരുന്ന കിടാരി വളർത്തൽ എന്ന പ്രോജക്ട് നടപ്പിലാക്കിയപ്പോൾ 3 പുരുഷ ഗുണഭോക്താക്കൾക്ക് 3,500 രൂപ ക്രമത്തിൽ ആനുകൂല്യം നൽകുകയുണ്ടായി. വനിതകൾക്ക് മാത്രമായി വിഭാവനം ചെയ്ത പദ്ധതിയിൽ പുരുഷ ഗുണഭോക്താക്കളുടെ കടന്നുകയറ്റം ന്യായീകരിക്കത്തക്കതല്ല. പ്രോജക്ടിന്റെ ലക്ഷ്യങ്ങളിൽനിന്ന് തന്നെയുള്ള വ്യതിചലനമാകയാൽ ഈയിനത്തിൽ ചെലവഴിച്ച 10,500 രൂപ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-2003, ഓഡിറ്റ് ഖണ്ഡിക VII.I.12.3(vii).]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

71. ഓഡിറ്റ് പരാമർശത്തിന്റെ വിശദാംശങ്ങൾ സമിതി ആരാഞ്ഞു. 1998-99-ലെ 'കിടാരി വളർത്തൽ' പ്രോജക്ട് നടപ്പിലാക്കുന്ന സമയത്ത് ആറു പുരുഷ ഗുണഭോക്താക്കളുടെ ലിസ്റ്റും പഞ്ചായത്ത് അംഗീകരിച്ച റെസല്യൂഷനിലുണ്ടായിരുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥനായിരുന്ന വെറ്ററിനറി സർജൻ ശ്രീ. കെ. എസ്. പ്രേമൻ സമിതിയെ ബോധിപ്പിച്ചു.

72. പ്രോജക്ടിനു വിരുദ്ധമായി റെസല്യൂഷൻ അംഗീകരിക്കാൻ പറ്റുമോ എന്ന് സമിതി ആരാഞ്ഞതിന് 1998-99 ജനകീയാസൂത്രണത്തിന്റെ പ്രാരംഭ കാലഘട്ടമായിരുന്നുവെന്നും ഇതിന്റെ പ്രവർത്തനം സംബന്ധിച്ച് ശരിയായ അറിവില്ലായിരുന്നെന്നും ആറ് പുരുഷ ഗുണഭോക്താക്കളിൽ എസ്.സി./എസ്.ടി. കുടുംബത്തിൽപ്പെട്ട മൂന്നുപേരാണ് തുക കൈപ്പറ്റിയതെന്നും വെറ്ററിനറി സർജൻ സമിതിക്കു മറുപടി നൽകി.

73. പഞ്ചായത്തിന്റെ റെസല്യൂഷൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തണമെന്നും ആയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാനും സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19-3-2010-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

74. "പഞ്ചായത്ത് കമ്മിറ്റി തീരുമാനം അവ്യക്തമാണ്. ഗുണഭോക്താക്കളുടെ എണ്ണം മാത്രമാണ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. വനിതാ പ്രോജക്ട് എന്ന് പ്രത്യേകം പറഞ്ഞിട്ടില്ല".

**നിഗമനങ്ങൾ/ശിപാർശകൾ**

**75. എസ്.സി. വിഭാഗം വനിതകൾക്ക് മാത്രമായി വിഭാവനം ചെയ്ത പ്രോജക്ടിനാണ് ഡി.പി.സി. അംഗീകാരം നല്കിയതെന്ന് മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പുവേളയിൽ വ്യക്തമാക്കിയിരുന്നു. ഗ്രാമപഞ്ചായത്ത് തീരുമാനപ്രകാരം അംഗീകരിച്ച് നൽകിയ ലിസ്റ്റ് പ്രകാരമാണ് പദ്ധതി പ്രാവർത്തികമാക്കിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ സമിതി മുമ്പാകെ വെളിപ്പെടുത്തുകയുണ്ടായത്. 1998-99-ലെ "കിടാരി വളർത്തൽ" പ്രോജക്ടിന് അവസാനഘട്ടത്തിൽ പ്രാതിനിധ്യം ഇല്ലാതെ വന്നപ്പോഴാണ് പ്രോജക്ട് വനിതകൾക്കുവേണ്ടി മാറ്റിയതെന്നും പഞ്ചായത്ത് അംഗീകരിച്ച ലിസ്റ്റിൽ ആറ് പുരുഷ ഗുണഭോക്താക്കളുണ്ടായിരുന്നുവെന്നും അവരിൽ മൂന്നു പേർക്കാണ് ആനുകൂല്യം നല്കിയതെന്നും പഞ്ചായത്തിന്റെ റെസല്യൂഷൻ പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയതെന്നും വെറ്ററിനറി സർജൻ സമിതി മുമ്പാകെ ഉറപ്പിച്ചു പറയുകയും സമിതി നിർദ്ദേശപ്രകാരം ആയത് ഓഡിറ്റിനെ ബോധ്യപ്പെടുത്താമെന്ന് സമ്മതിക്കുകയുമുണ്ടായി.**

**76. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നല്കിയ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം അവ്യക്തമാണെന്നും ഗുണഭോക്താക്കളുടെ എണ്ണം മാത്രമാണ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും വനിതാ പ്രോജക്ട് എന്ന് പ്രത്യേകം പറഞ്ഞിട്ടില്ലെന്നും വ്യക്തമാക്കിയിരിക്കുന്നു.**

**77. പഞ്ചായത്ത് കമ്മിറ്റിയുടെ റെസല്യൂഷനിൽ വനിതാ പ്രോജക്ട് എന്ന് വ്യക്തമാക്കപ്പെടാത്ത സ്ഥിതിക്ക് പ്രോജക്ട് വനിതകൾക്കു മാത്രമുള്ളതാണെന്ന നിഗമനത്തിൽ ഓഡിറ്റ് പരാമർശം വരാനിടയായ സാഹചര്യം പരിശോധിക്കപ്പെടേണ്ടതാണെന്ന് സമിതി കരുതുന്നു. തെളിവെടുപ്പ് വേളയിൽ വെളിപ്പെടുത്തിയ വസ്തുതകളുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെയും വെളിച്ചത്തിൽ പഞ്ചായത്ത് നല്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റ്**

**പ്രകാരമാണ് നിർവ്വഹണോദ്യോഗസ്ഥൻ പ്രോജക്ട് നടപ്പിലാക്കിയതെന്ന് ബോധ്യമാകുന്നു. ആയതിനാൽ നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജന്റെ ഭാഗത്ത് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുള്ളതായി സമിതി കരുതുന്നില്ല. പ്രോജക്ടിൽ എന്തെങ്കിലും മാറ്റം വരുത്തുമ്പോൾ ആയതിന് മതിയായ അംഗീകാരവും വ്യക്തതയും ഉണ്ടാകണമെന്ന അഭിപ്രായത്തോടെ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽ നികുതി കുടിശ്ശിക ഈടാക്കിയില്ല**

**[ഓഡിറ്റ് റിപ്പോർട്ട് 1999-2000; ഖണ്ഡിക 36, 37]**

തൊഴിൽ നികുതി കുടിശ്ശിക പഞ്ചായത്ത് രാജ് നിയമത്തിലെ സമയപരിധിക്കുള്ളിൽ ഈടാക്കിയില്ല. 1994-ലെ പഞ്ചായത്ത് രാജ് നിയമം 243(1) വകുപ്പ് പ്രകാരം കാലഹരണപ്പെട്ട തൊഴിൽ നികുതി കുടിശ്ശികയുടെ വിവരങ്ങൾ:

| | | | |
|---|---|---|---|
| (1) | 1996-97 | .. | 15,355 രൂപ |
| (2) | 1988-89 മുതൽ 1995-96 വരെ | .. | 72,625 രൂപ |
| (3) | 1998-99 രണ്ടാം അർദ്ധവർഷം | .. | 29,790 രൂപ |
| | ആകെ | | 1,17,770 രൂപ |

സമയപരിധിക്കുള്ളിൽ കുടിശ്ശിക ഈടാക്കാൻ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-2004, ഓഡിറ്റ് ഖണ്ഡിക 3.12.3.]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

78. മുള്ളൻകൊല്ലി പഞ്ചായത്തിൽ കുറെക്കാലത്തെ നികുതി കുടിശ്ശികയുണ്ടെന്നും അഞ്ചേക്കറിൽ കൂടുതൽ ഭൂമിയുള്ളവരിൽനിന്ന് അക്കാലത്ത് നികുതി ഈടാക്കിയിരുന്നുവെന്നും കൃഷി തൊഴിലായി കണക്കാക്കിയാണ് ഇങ്ങനെ ചെയ്തതെന്നും ഇതോടൊപ്പം സ്ഥാപനങ്ങളിൽനിന്നും കിട്ടേണ്ട നികുതിയും ഉൾപ്പെടുന്നുണ്ടെന്നും അരിയർ-ഡിമാന്റ് രജിസ്റ്റർ കൃത്യമല്ലാത്തതിനാലും തൊഴിൽനികുതിയും കാർഷികനികുതിയും ഇടകലർത്തി എഴുതിയതിനാലും തുക വ്യക്തമായി തിട്ടപ്പെടുത്താൻ സാധിക്കുന്നില്ലെന്ന് ഓഡിറ്റ് റിപ്പോർട്ടിൽ തന്നെയുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി വിശദീകരണം നൽകി.

79. കൂടാതെ, ആദ്യം നടപടി തുടർന്നിരുന്നത് മുൻ സെക്രട്ടറിയായ ശ്രീ. എം. എം. അബ്ദുൾ റഹ്മാന്റെ പേരിലായിരുന്നെന്നും എന്നാൽ അസിസ്റ്റന്റ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം പ്രസ്തുത കാലയളവിലെ എല്ലാ സെക്രട്ടറിമാരുടെയും

ജൂനിയർ സൂപ്രണ്ടിന്റെയും പേരിൽ നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും അന്നത്തെ ഓഫീസ് ഓർഡർ വിജിലൻസ് കോടതിയിലുള്ളത് തിരിച്ചുകിട്ടിയിട്ടേ ബാദ്ധ്യത നിശ്ചയിക്കാൻ പറ്റുകയുള്ളുവെന്നും സെക്രട്ടറിയും ജൂനിയർ സൂപ്രണ്ടുമുൾപ്പെടെ എല്ലാവരും ഇക്കാര്യത്തിൽ ഉത്തരവാദികളാണെന്നും പഞ്ചായത്ത് സെക്രട്ടറി തുടർന്നറിയിച്ചു.

80. ആക്ട് വരുന്നതിനുമുമ്പ് ബിൽ കളക്ടർമാരായിരുന്നു ഉത്തരവാദികളെന്നും ഇപ്പോൾ തൊഴിലുടമസ്ഥനോ, സ്ഥാപന ഉടമസ്ഥനോ ആണ് നികുതി അടയ്ക്കേണ്ട തെന്നും നികുതി പിരിച്ചെടുത്തു എന്നുള്ള കാര്യം ഉറപ്പുവരുത്തേണ്ടത് സെക്രട്ടറിയുടെ ചുമതലയാണെന്നും ഇതു കാലഹരണപ്പെട്ട കാര്യമല്ലെന്നും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

81. പരാമർശവുമായി ബന്ധപ്പെട്ട അക്കാലത്തെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ. വി. ശിശുപാലൻ, താൻ 1996-97-ൽ ആറുമാസമേ ജൂനിയർ സൂപ്രണ്ടായി മുള്ളൻകൊല്ലി പഞ്ചായത്തിലുണ്ടായിരുന്നുള്ളൂവെന്നും തന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ പറ്റാത്ത വളരെ പഴയ കുടിശ്ശികകളായിരുന്നുവെന്നും പ്രസ്തുത സമയത്തുള്ള കുടിശ്ശികയായ 3,900 രൂപയും പലിശയും അടയ്ക്കാത്തതിനാൽ സർവ്വീസിൽനിന്നും വിരമിച്ച തനിക്ക് ഇതുവരെ ഗ്രാറ്റുവിറ്റി കിട്ടിയിട്ടില്ലെന്നും സമിതി മുമ്പാകെ ബോധിപ്പിച്ചു.

82. ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാന്റ് രജിസ്റ്റർ എന്നിവ കൃത്യമായി സൂക്ഷിക്കേണ്ടത് ജൂനിയർ സൂപ്രണ്ടിന്റെ ചുമതലയാണെന്നും ആ ചുമതലയുടെ പേരിലാണ് തുക അടയ്ക്കാൻ ആവശ്യപ്പെട്ടതെന്നും ഇക്കാര്യത്തിൽ കമ്മിറ്റി ഇടപെടേണ്ട ആവശ്യമില്ലെന്നും സമിതി അറിയിക്കുകയും ഉത്തരവാദികളായവരെ കണ്ടെത്തി ബാദ്ധ്യത നിശ്ചയിച്ച് തുക ഈടാക്കാനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19-3-2010-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

83. "ഉത്തരവാദികളായ ജീവനക്കാരുടെ ബാദ്ധ്യത നിർണ്ണയിക്കുന്നതിനായി ഹാജർ പുസ്തകങ്ങൾ, ഓഫീസ് ഓർഡർ ബുക്ക്, ശമ്പള വിതരണ രജിസ്റ്റർ എന്നിവ ശേഖരിച്ച് ജീവനക്കാരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ട്".

**നിഗമനങ്ങൾ/ശിപാർശകൾ**

84. **തൊഴിൽ നികുതി കുടിശ്ശികയിനത്തിൽ 1988-89 മുതൽ 1995-1996 വരെയും 1996-1997-ലും 1998-1999 രണ്ടാം അർദ്ധവർഷം വരെയും 1,17,770 രൂപ പിരിഞ്ഞുകിട്ടാനുള്ള തുക യഥാസമയം ഈടാക്കുന്നതിലും നികുതി സംബന്ധമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ചയാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായതെന്ന് സമിതി നിരീക്ഷിക്കുന്നു. ചട്ടം അനുശാസിക്കുംപ്രകാരം വിവിധ ഇനങ്ങളിലുള്ള നികുതികളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കാത്തതുമൂലം ഏതൊക്കെ വ്യക്തികളിൽനിന്നും ഏതൊക്കെ ഇനത്തിലുള്ള നികുതികളാണ് കുടിശ്ശിക യുണ്ടായിട്ടുള്ളതെന്ന് വേർതിരിച്ചറിയുവാൻ സാധിക്കാത്ത സാഹചര്യമാണ്**

നിലവിലുള്ളതെന്ന് തെളിവെടുപ്പ് വേളയിൽ ഉദ്യോഗസ്ഥർ മറുപടി നൽകുകയുണ്ടായി. ഓഡിറ്റ് റിപ്പോർട്ടിൽ കുടിശ്ശികയായി ചൂണ്ടിക്കാണിച്ച തുക ഏതെങ്കിലും രേഖകളെ അടിസ്ഥാനമാക്കി കണക്കാക്കിയതാകയാൽ കുടിശ്ശിക വരുത്തിയ വ്യക്തികളേയും ആയതിനുത്തരവാദികളായ ഉദ്യോഗസ്ഥരെയും കണ്ടുപിടിക്കുക പ്രയാസമാണെന്ന ഗ്രാമപഞ്ചായത്തിന്റെ നിലപാട് അംഗീകരിക്കുവാനാവില്ല. ഗ്രാമപഞ്ചായത്തിന് വിവിധ ഇനങ്ങളിലായി ലഭിക്കേണ്ട ധനം പിരിക്കേണ്ട ചുമതല ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കാണ്. ആയതിനാൽ പ്രസ്തുത ഉത്തരവാദിത്വം നിറവേറ്റാതെ കുടിശ്ശിക ഉണ്ടാകുവാനും അതിലൂടെ സർക്കാർ പണം നഷ്ടപ്പെടുവാനും ഇടയാക്കിയതിന് കാരണക്കാരായ മുഴുവൻ ഉദ്യോഗസ്ഥരെയും കണ്ടെത്തി ബാദ്ധ്യത നിശ്ചയിച്ച് അവരിൽനിന്നും നഷ്ട തുക പലിശ സഹിതം ഈടാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**തിരിച്ചടച്ച സമാഹരണ മുൻകൂറിന് പിഴപ്പലിശ ചുമത്തിയില്ല**

**[2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 15(1), 15 (2)]**

ഭാഗികമായി തിരിച്ചടച്ച സമാഹരണ മുൻകൂറിന് നിയമപ്രകാരമുള്ള പിഴപ്പലിശ ചുമത്തിയില്ല. കടമാൻതോട് തടയണ നിർമ്മാണത്തിന് ഗ്രാമപഞ്ചായത്ത് 11-8-2000-ൽ നൽകിയ 87,500 രൂപയിൽ 75,000 രൂപ 31-3-2002-ൽ കൺവീനർ തിരിച്ചടച്ചിരുന്നു. മുൻകൂർ നൽകി 45 നാൾക്കകം പണി തുടങ്ങിയില്ലെങ്കിൽ 18% പലിശ ചുമത്തി തുക ഈടാക്കാൻ ബഹു. ഓംബുഡ്സ്മാൻ വിധിച്ചിരുന്നു (ഒ.പി. 1072/01/വിധി). വിധി നടപ്പാക്കി ഗ്രാമപഞ്ചായത്ത് പലിശ ഈടാക്കിയില്ല. മാത്രമല്ല, മുൻകൂർ ബാക്കി 12,500 രൂപ ഈടാക്കിയിട്ടില്ല.

നിയമപ്രകാരമുള്ള പലിശ ചുമത്തി മുൻകൂർ തുക മുഴുവൻ ഈടാക്കേണ്ടതാണ്.

കൂടാതെ സൊസൈറ്റിക്കവല-ഇരിപ്പൂട് റോഡ് ടാറിംഗിന് മാനന്തവാടി മൈനിംഗ് ആന്റ് മരാമത്ത് വർക്കേഴ്സ് വ്യവസായ സഹകരണ സംഘത്തിന് 15,000 രൂപ സമാഹരണ മുൻകൂർ നൽകിയെങ്കിലും പണി തുടങ്ങിയില്ല. 18% പിഴപ്പലിശ സഹിതം മുൻകൂർ തിരിച്ച് ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-2005, ഖണ്ഡിക 3.12.I.3.1.]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

85. പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു. രണ്ട് കേസുകളിൽ കടമാൻതോട് തടയണ നിർമ്മാണപ്രവൃത്തിയുമായി ബന്ധപ്പെട്ട തുക തിരിച്ചടച്ചിട്ടുണ്ടെന്നും മാനന്തവാടി മൈനിംഗ് ആന്റ് മരാമത്ത് വർക്കേഴ്സ് വ്യവസായ സഹകരണ സംഘത്തിൽനിന്നും തുക ഈടാക്കാനായി ആർ.ആർ. നോട്ടീസ്

കൊടുത്തിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചു. തിരിച്ചടച്ച തുകയുടെ വിവരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്നും സൊസൈറ്റിയിൽനിന്നും കിട്ടുവാനുള്ള തുക ഈടാക്കാൻ ആർ. ആർ. നടപടി ത്വരിതപ്പെടുത്തണമെന്നും സമിതി നിർദ്ദേശിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 5-4-2010-ലെ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

86. "(എ) കടമാൻതോട് തടയണ നിർമ്മാണ പ്രവൃത്തിക്ക് 11-8-2000-ൽ നൽകിയ 87,500 രൂപയിൽ 75,000 രൂപ കൺവീനറായിട്ടുള്ള ശ്രീ. ജോർജ്ജ് തോമസ് 31-3-2002-ൽ തിരിച്ചടച്ചു. ശേഷിക്കുന്ന 12,500 രൂപയും മുൻകൂർ വാങ്ങിയ 87,500 രൂപയുടെ 31-3-2002 വരെയുള്ള പലിശയിനത്തിൽ 25,760 രൂപയും ഈടാക്കേണ്ടതായിരുന്നു. എന്നാൽ 20-10-2008-ന് സമർപ്പിച്ച ആർ. ആർ. അപേക്ഷയിൽ 12,500 രൂപ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. മേൽ നടപടിക്കുശേഷം പലിശ സഹിതം 15,000 രൂപ 26-2-2009-ന് 47/441 നമ്പർ രസീത് പ്രകാരം അടവ് വന്നിട്ടുണ്ട്. മേൽ തുകയായ 25,760 രൂപ ഈടാക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി 20-2-2010-ന് കൺവീനറായ ജോർജ്ജ് തോമസിന് കത്ത് നൽകിയിട്ടുണ്ട്.

(ബി) സൊസൈറ്റിക്കവല ഇരിപ്പൂട് റോഡ് ടാറിംഗ് പ്രവൃത്തിക്ക് നൽകിയ 15,000 രൂപ പിഴപ്പലിശ സഹിതം അടയ്ക്കുന്നതിന് 13-10-2009-ന് എ4-602/07.1 നമ്പർ കത്ത് പ്രകാരം ആർ. ആർ നടപടിക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി വയനാട് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചു".

## നിഗമനങ്ങൾ/ശിപാർശകൾ

**87. കടമാൻതോട് തടയണ നിർമ്മാണ പ്രവൃത്തിക്ക് 11-8-2000-ൽ മുൻകൂറായി ഗ്രാമപഞ്ചായത്ത് നൽകിയ 87,500 രൂപയിൽ 75,000 രൂപ 31-3-2002-ൽ മാത്രമാണ് കൺവീനർ തിരിച്ചടച്ചത്. പ്രവൃത്തി ആരംഭിക്കാത്തപക്ഷം മുൻകൂറായി കൈപ്പറ്റിയ തുക 45 ദിവസങ്ങൾക്കകം തിരിച്ചടയ്ക്കണമെന്നും അല്ലാത്തപക്ഷം 18% പലിശ ഈടാക്കണമെന്നുമുള്ള ഓംബുഡ്സ്മാന്റെ വിധി പരിപൂർണ്ണമായും നടപ്പാക്കുന്നതിൽ പഞ്ചായത്ത് പരാജയപ്പെട്ടതായി സമിതി വിലയിരുത്തുന്നു. തിരിച്ചടച്ച മുൻകൂർ തുകയായ 75,000 രൂപ കഴിച്ചുള്ള തുകയായ 12,500 രൂപ പിഴപ്പലിശ സഹിതം ഈടാക്കുന്നതിന് കളക്ടർക്ക് സമർപ്പിച്ച റവന്യൂ റിക്കവറി അപേക്ഷയുടെ അടിസ്ഥാനത്തിൽ 15,000 രൂപ ഈടാക്കാൻ കഴിഞ്ഞെങ്കിലും പിഴപ്പലിശ തുക അപേക്ഷയിൽ പരാമർശിക്കാത്തതിനാലാണ് പലിശത്തുക ഈടാക്കാൻ കഴിയാതെ പോയത്. ആയതിനാൽ കടമാൻതോട് തടയണ നിർമ്മാണത്തിന് മുൻകൂറായി നല്കിയ തുകയ്ക്കുള്ള പിഴപ്പലിശ അടിയന്തരമായി ഈടാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**88. കൂടാതെ, സൊസൈറ്റിക്കവല-ഇരുപ്പൂട് റോഡ് ടാറിംഗ് പ്രവൃത്തിക്ക് നല്കിയ 15,000 രൂപ ബന്ധപ്പെട്ട വ്യവസായ സഹകരണ സംഘത്തിൽനിന്നും**

പിഴപ്പലിശ സഹിതം റവന്യൂ റിക്കവറി നടപടി മുഖേന ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനും തുക ഈടാക്കി അറിയിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**ഇന്ദിരാ വികാസ് പത്ര : 10,000 രൂപ അപഹരിച്ചു**

**[2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 10]**

കാലാവധി പൂർത്തിയാക്കിയ 2 ഇന്ദിരാ വികാസ് പത്രങ്ങൾ പണമാക്കി മാറ്റി 10,000 രൂപ അപഹരിച്ചു.

2,500 രൂപ വീതം മുഖവിലയുള്ള പത്രങ്ങൾ 10/2000-ലാണ് കാലാവധിയെത്തിയത്. ഇവയുടെ കാലാവധി മൂല്യം 10,000 രൂപയാണ്. പത്രങ്ങൾ പണമാക്കിയത് പഞ്ചായത്ത് ഫണ്ടിൽ വരവില്ല. തുടർനിക്ഷേപം നടത്തിയതിനും രേഖയില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പത്രങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ലെന്ന് സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

ധനാപഹരണം സംശയിക്കുന്നതിനാൽ അന്വേഷണം നടത്തി തുടർനടപടി സ്വീകരിക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-2005, ഓഡിറ്റ് ഖണ്ഡിക 3.12.I.3.2.]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

89. പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട മുൻ സെക്രട്ടറി ശ്രീ. എം. എം. അബ്ദുൾ റഹ്മാനെതിരായ ആർ. ആർ. നടപടിയിൽ ചില പ്രശ്നങ്ങളുണ്ടെന്നും വയനാട് ജില്ലാ കളക്ടർക്കയച്ച നോട്ടീസ് എറണാകുളം കളക്ടർക്കയയ്ക്കണമെന്ന് പറഞ്ഞു തിരികെ വന്നുവെന്നും അതും സാങ്കേതിക പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി തിരികെ വന്നിരിക്കുകയാണെന്നും സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

90. ശ്രീ. അബ്ദുൾ റഹ്മാൻ ഇന്ദിരാ വികാസ് പത്ര മാറ്റി പൈസ വാങ്ങിയിട്ടുണ്ടോ യെന്ന് കൃത്യമായറിയില്ലെന്നും ഓഡിറ്റ് റിപ്പോർട്ടിലുണ്ടെന്നും പൈസമാറി യിട്ടുണ്ടെങ്കിലും പഞ്ചായത്ത് ഫണ്ടിൽ വന്നിട്ടില്ലെന്നും സെക്രട്ടറി തുടർന്നറിയിച്ചു.

91. ധനാപഹരണം നടത്തിയത് സമയബന്ധിതമായി കണ്ടുപിടിക്കാവുന്ന കാര്യമായിട്ടും ചെയ്യാതിരുന്നത് ഡെപ്യൂട്ടി ഡയറക്ടറുടെ ഭരണപരമായ വീഴ്ചയാണെന്നും ഡേ ബുക്കും അക്കൗണ്ട്സ് ബുക്കും പരിശോധിച്ചിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കില്ലായിരുന്നെന്നും ഓഡിറ്റ് ഒബ്ജക്ഷന് നടപടി ആരംഭിച്ചത് തന്നെ വർഷങ്ങൾ കഴിഞ്ഞിട്ടാണെന്നും സമിതി കുറ്റപ്പെടുത്തി. ഇപ്പോൾ ഇത്തരം കാര്യങ്ങളെല്ലാം കൃത്യമാണെന്ന് പഞ്ചായത്ത് വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയിൽ വ്യക്തമാക്കി. തുക ഈടാക്കുന്നതിലേക്കായി ആർ. ആർ. നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 5-4-2010-ലെ കത്തു മുഖേന ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

92. "1-10-2000-ൽ കാലാവധി പൂർത്തിയാക്കിയ രണ്ട് ഇന്ദിരാ വികാസ് പത്രങ്ങൾ (ഓരോന്നും 2,500 രൂപ വീതമുള്ളത്) കാലാവധി പൂർത്തിയാകുന്ന മുറയ്ക്ക് പഞ്ചായത്തിന് 10,000 രൂപ ലഭിക്കേണ്ടതായിരുന്നു. എന്നാൽ നാളിതുവരെയായി തുക ലഭിച്ചതായി കാണുന്നില്ല. ഇന്ദിരാ വികാസ് പത്ര പണമാക്കിയത് സംബന്ധിച്ച് രേഖകൾ ഒന്നും ലഭ്യമല്ല എന്നുള്ള കത്ത് പോസ്റ്റ് മാസ്റ്റർ നൽകിയിട്ടുണ്ട്. പ്രസ്തുത കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ. എം. എം. അബ്ദുൾ റഹിമാനിൽനിന്ന് ഈടാക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർക്ക് ആർ. ആർ. നടപടിക്ക് നൽകിയിരുന്നു. എന്നാൽ ടി വ്യക്തി ജോലി ചെയ്ത ജില്ലയിലെ കളക്ടർ ഹിയറിംഗ് നടത്തേണ്ടതാണെന്ന് അറിയിച്ച പ്രകാരം 14-10-2009-ന് എ4-3134/08 പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് നൽകി. എന്നാൽ ഈ അപേക്ഷ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന സമർപ്പിക്കാനുള്ള നിർദ്ദേശപ്രകാരം വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ 16-11-2009-ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ചിട്ടുണ്ട്".

## നിഗമനങ്ങൾ/ശിപാർശകൾ

**93. കാലാവധി പൂർത്തിയായ 10,000 രൂപ മൂല്യമുള്ള ഇന്ദിരാ വികാസ് പത്രങ്ങൾ മാറിയെങ്കിലും ആയത് പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടില്ല എന്ന ഓഡിറ്റ് നിരീക്ഷണം ശരിയാണെന്ന് സമിതി വിലയിരുത്തുന്നു. ഓഡിറ്റ് തടസ്സം ഉന്നയിച്ചതിനുശേഷം 2008-ൽ മാത്രമാണ് നടപടി സ്വീകരിച്ച് തുടങ്ങിയത്. ഡേബുക്കും അക്കൗണ്ട്സും ചട്ടങ്ങൾ പ്രകാരം സൂക്ഷിക്കുകയും ആയത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ യഥാസമയം പരിശോധിക്കുകയും ചെയ്തിരുന്നുവെങ്കിൽ പരാമർശവിധേയമായ ധനാപഹരണം ഉണ്ടാകുമായിരുന്നില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഭാഗത്തു നിന്നും ഭരണപരമായ വീഴ്ചയുണ്ടായതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, ഓഡിറ്റ് ഖണ്ഡികയിൽ ഉന്നയിച്ച തുക പലിശ സഹിതം ഈടാക്കുവാനാവശ്യമായ റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി ആയത് സംബന്ധിച്ച വിശദവിവരങ്ങൾ റിപ്പോർട്ട് ചെയ്യുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പെൻഷൻ, വേതന തുകകൾ അപഹരിച്ചു**

**[2000-2001 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 23(എ), 24(1), 24(2)]**

കർഷക തൊഴിലാളി പെൻഷൻ, തൊഴിൽ രഹിത വേതന വിതരണത്തിൽ ധനാപഹരണം. ലഭ്യമായ രേഖകളുടെ പരിശോധനയിൽ 47,930 രൂപ അപഹരിച്ചതായി കണ്ടെത്തി.

പെൻഷൻ, വേതന വിതരണത്തിന് ഓരോ തവണയും ആവശ്യമായതിലും അധികം തുക പഞ്ചായത്ത് ഫണ്ടിൽനിന്നും പിൻവലിച്ചായിരുന്നു അപഹരണം.

ഓഡിറ്റിൽ ലഭ്യമായ വിവരങ്ങൾ:

(1) 348 പേർക്ക് 6 മാസത്തെ കർഷകത്തൊഴിലാളി പെൻഷന് എം.ഒ. കമ്മീഷൻ ഉൾപ്പെടെ 2,19,240 രൂപ വേണ്ടിടത്ത് 2,57,670 രൂപ പിൻവലിച്ചതായി കാണുന്നു. അധികം പിൻവലിച്ച 38,430 രൂപ ഓഡിറ്റ് അന്വേഷണം നൽകിയ ശേഷവും സാധൂകരിച്ചിട്ടില്ല.

(2) 6/99 മുതൽ 11/99 വരെയുള്ള തൊഴിൽ രഹിത വേതന വിതരണത്തിന് പിൻവലിച്ച 47,400 രൂപയിൽ വിതരണം ചെയ്യാൻ ബാക്കിയുള്ള 3,700 രൂപ തിരിച്ചടച്ചില്ല. ഇതേപോലെ 12/99, 1/2000 എന്നീ മാസങ്ങളിലെ വേതന വിതരണത്തിന് അധികം പിൻവലിച്ച 5,800 രൂപയും തിരിച്ചടച്ചിട്ടില്ല.

ധനാപഹരണം നടത്തിയവർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കേണ്ടതും അപഹരിച്ച തുകകൾ ഈടാക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-2005, ഓഡിറ്റ് ഖണ്ഡിക 3.12.I.3.3.]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

94. പെൻഷൻ തുക, ശമ്പളം, തൊഴിൽരഹിത വേതനം എന്നിവയിൽ കൃത്രിമം കാട്ടിയാൽ ആയത് എളുപ്പം കണ്ടുപിടിക്കാൻ പറ്റുമെന്നതിനാൽ, ഓഡിറ്റ് പരാമർശത്തിലെ ധനാപഹരണങ്ങൾ കണ്ടുപിടിക്കാത്തത് 1999 കാലത്തെ ഡെപ്യൂട്ടി ഡയറക്ടറുടെ വീഴ്ചയാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

95. കൂടാതെ, ഓഡിറ്റ് ഒബ്ജക്ഷനുമേൽ നടപടി സ്വീകരിച്ചിരിക്കുന്നത് വളരെ വൈകിയാണെന്നും വിതരണം ചെയ്ത് ബാക്കിയുള്ള തുക ഡേ ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് സൂപ്രണ്ട്, സെക്രട്ടറി, ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ കൃത്യമായി പരിശോധിച്ചിരുന്നുവെങ്കിൽ ഇത് സംഭവിക്കില്ലായിരുന്നു എന്നും ആയതിനാൽ വീഴ്ച വരുത്തിയ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരെയെല്ലാം ബാദ്ധ്യസ്ഥരാക്കുകയാണ് വേണ്ടതെന്നും സമിതി അഭിപ്രായപ്പെടുകയും പഞ്ചായത്ത് ഡയറക്ടർ മുൻകൈ എടുത്ത് പരിശോധന നടത്തി ഭരണപരമായ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി എടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

96. പഞ്ചായത്ത് വകുപ്പിനുണ്ടായ വീഴ്ചകൾ ഡയറക്ടർ സമ്മതിക്കുകയും കുറ്റക്കാർക്കെതിരെ അടിയന്തര നടപടിയെടുക്കാമെന്ന് സമിതിക്ക് ഉറപ്പുനൽകുകയും ചെയ്തു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19-3-2010-ലെ കത്തു പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

97. "റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് റവന്യൂ റിക്കവറി നടപടികളുടെ ചുമതലയുള്ള വയനാട് ഡെപ്യൂട്ടി കളക്ടർക്ക് 18-1-2010-ന് കത്ത് നൽകി. 2000-2001 വർഷത്തിൽ ചുമതലയുണ്ടായിരുന്ന ജീവനക്കാരുടെ പേരുവിവരം ശേഖരിച്ച് നടപടികൾ എടുത്തുവരുന്നു".

### നിഗമനങ്ങൾ/ശിപാർശകൾ

98. പെൻഷൻ, ശമ്പളം, തൊഴിൽരഹിതവേതനം എന്നിവയുടെ വിതരണത്തിനായുള്ള ധനം അപഹരിച്ചാൽ ആയത് എളുപ്പം കണ്ടുപിടിക്കാൻ കഴിയുന്നതാണെന്ന് സമിതി മനസ്സിലാക്കുന്നു. പരാമർശവിധേയമായ 47,930 രൂപയുടെ അപഹരണം കണ്ടുപിടിക്കാത്തത് പ്രസ്തുത കാലയളവിലെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടെയും വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ധനാപഹരണങ്ങൾ യഥാസമയം കണ്ടുപിടിക്കാത്ത ഉദ്യോഗസ്ഥരുടെ പേരിലും ബാദ്ധ്യത ചുമത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. പെൻഷൻ, തൊഴിൽരഹിതവേതനം എന്നിവയുടെ വിതരണം സംബന്ധിച്ച ഡേ ബുക്കും അനുബന്ധരേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുകയും അവ പരിശോധിക്കുകയും ചെയ്യേണ്ടത് ബന്ധപ്പെട്ട സൂപ്രണ്ട്, സെക്രട്ടറി, ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ ചുമതലയാണെന്ന് നിരീക്ഷിച്ച സമിതി, പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ഭരണപരമായ പരിശോധന നടത്തി വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്ന് സമിതിയോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇൻസ്പെക്ടിംഗ് ഓഫീസർമാരുടെയും സൂപ്പർവൈസറി ഓഫീസർമാരുടെയും ഭാഗത്ത് പിഴവുകൾ വന്നിട്ടുണ്ടെന്നും പരാമർശവിധേയമായ വിഷയം പ്രത്യേകം പരിശോധിച്ച് 2000-ൽ സർവ്വീസിലുണ്ടായിരുന്ന പെർഫോമൻസ് ഓഡിറ്റിലെ ഇൻസ്പെക്ടർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ പേരിൽ അന്വേഷണം നടത്തുമെന്നും ശിക്ഷാനടപടി സ്വീകരിക്കുമെന്നും തെളിവെടുപ്പ് യോഗത്തിൽ ഹാജരായ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ സമിതിക്ക് ഉറപ്പ് നല്കുകയുണ്ടായി. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ആയതിന്റെ ചുമതലയുള്ള വയനാട് ഡെപ്യൂട്ടി കളക്ടർക്ക് 18-1-2010-ൽ കത്ത് നല്കിയതായും 2000-2001 വർഷത്തിൽ ചുമതലയുണ്ടായിരുന്ന ജീവനക്കാരുടെ പേര് വിവരം ശേഖരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നതായും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, ഇക്കാര്യത്തിൽ സ്വീകരിച്ച അനന്തരനടപടി സംബന്ധിച്ച് യാതൊരു മറുപടിയും സർക്കാരിൽനിന്നും നാളിതുവരെ ലഭിച്ചിട്ടില്ല. സമിതി മുമ്പാകെ നല്കിയ ഉറപ്പ് പാലിക്കാത്തത് സമിതിയോടുള്ള അനാദരവായി സമിതി വിലയിരുത്തുകയും കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു.

99. കൂടാതെ, ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള കർഷകത്തൊഴിലാളി പെൻഷൻ, തൊഴിൽരഹിതവേതനം എന്നിവയുടെ വിതരണത്തിനായുള്ള തുകയിൽ അപഹരിക്കപ്പെട്ട 47,930 രൂപ പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കുവാനുള്ള നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ വകുപ്പുതല ശിക്ഷാനടപടി സ്വീകരിച്ച് റിപ്പോർട്ടു ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് വേലയ്ക്ക് അവസാന ബിൽ തീർപ്പാക്കിയശേഷം ചെലവ്**

**[2001-02 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 14]**

അവസാന ബിൽ തീർപ്പാക്കിയ മരാമത്ത് വേലയുടെ പേരിൽ വീണ്ടും ചെലവ്.

പാടിച്ചിറ പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടനിർമ്മാണത്തിനാണ് അവസാന ബില്ല് തീർപ്പാക്കി 4 മാസത്തിനുശേഷം ഗ്രാമ പഞ്ചായത്ത് 40,000 രൂപ നൽകിയത്.

പണിയുടെ അവസാന ബിൽ–1,63,796 രൂപ 20-11-2001-ൽ തീർപ്പാക്കിയിരുന്നു. ഇതിൽ തന്നെ 49 രൂപ കൺവീനർക്ക് അധികം നൽകിയിരുന്നു. ഇതിനുശേഷം 25-3-2002-ൽ യാതൊരു സാധൂകരണ രേഖകളുമില്ലാതെ 40,000 രൂപ കൂടി നൽകിയിട്ടുണ്ട്.

നിയമവിരുദ്ധമായി അധികം നൽകിയ 40,049 രൂപ 18% പിഴപ്പലിശ സഹിതം ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-2005, ഓഡിറ്റ് ഖണ്ഡിക 3.12.I.3.4.]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണവകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

100. പരാമർശത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന് ആർ. ആർ. നടപടിക്കെതിരെ മുൻ സെക്രട്ടറി ശ്രീ. കെ. എം. രവീന്ദ്രൻ ഹൈക്കോടതിയിൽനിന്നും സ്റ്റേ വാങ്ങിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

101. പഞ്ചായത്ത് ഡയറക്ടർ പ്രസ്തുത ഓഡിറ്റ് പരാമർശംകൂടി അന്വേഷിക്കണെമെന്നും അന്ന് സർവ്വീസിലുണ്ടായിരുന്ന എല്ലാ ഉദ്യോഗസ്ഥരുടെയും കൃത്യനിർവ്വഹണം സംബന്ധിച്ച് കൃത്യമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിച്ചു.

102. ശ്രീ. കേശവൻ, ശ്രീ. രവീന്ദ്രൻ, ശ്രീ. അബ്ദുൾ റഹ്മാൻ എന്നിവരുടെ പേരിൽ വയനാട്ടിൽ മാത്രമല്ല ജോലി ചെയ്തിരുന്ന മറ്റ് ജില്ലകളിലും കേസുകളുണ്ടെന്നും ചില കേസുകളിൽ ഓഡിറ്റ് വകുപ്പ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണത്തിന് ശിപാർശ ചെയ്തിട്ടുണ്ടെന്നും ക്രിമിനൽ കേസുകളിൽ വകുപ്പുതല നടപടികൾ ഫലവത്താവില്ലെന്നും പഞ്ചായത്ത് വകുപ്പ് അഡീഷണൽ ഡയറക്ടർ സമിതിയെ ബോധിപ്പിച്ചു.

103. സർവ്വശ്രീ രവീന്ദ്രൻ, കേശവൻ, അബ്ദുൾ റഹ്മാൻ എന്നിവരുടെ കേസ്സുകൾ ഒന്നാകെ പഞ്ചായത്ത് ഡയറക്ടർ നേരിട്ട് അന്വേഷിച്ച് ബാദ്ധ്യത തുകകൾ ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ഈയവസരത്തിൽ നിർദ്ദേശം നൽകി.

104. മുൻകാലങ്ങളിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കണ്ടെത്തുന്ന പ്രധാന തിരിമറി കേസുകൾ പഞ്ചായത്ത് ഡയറക്ടറുടെ ശ്രദ്ധയിൽ കൊണ്ടുവരുമായിരുന്നുവെന്നും ഇതുപോലെയുള്ള കേസുകൾ ശ്രദ്ധയിൽപ്പെടുത്തിയാൽ അതു സമിതിയിൽ

വരുന്നതിനുമുമ്പ് തന്നെ ഡയറക്ടറേറ്റുതലത്തിൽ നടപടി സ്വീകരിക്കാമെന്നും പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ അറിയിച്ചതിന് ഇപ്പോഴും അങ്ങനെ ചെയ്യുന്നുണ്ടെന്നും അതത് ജില്ലയുടെ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് റിപ്പോർട്ടിന്റെ കോപ്പി കൊടുക്കാറുണ്ടെന്നും അവർ ഡയറക്ടർക്ക് റിപ്പോർട്ട് ചെയ്താൽ കുഴപ്പം വരില്ലെന്നും ഭരണവകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കുന്നു എന്ന ഒരു പരാമർശമുള്ളത് ഡെപ്യൂട്ടി ഡയറക്ടർമാർ വായിക്കണമെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ മറുപടി നൽകി.

105. ഭാവിയിൽ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയിൽ കണ്ടെത്തുന്ന ഗൗരവമായ ക്രമക്കേടുകൾ, വീഴ്ചകൾ തുടങ്ങിയവ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതുവരെ കാക്കാതെ അപ്പപ്പോൾ തന്നെ പഞ്ചായത്ത് ഡയറക്ടറെ അറിയിക്കണമെന്നും ഇത്തരം കാര്യങ്ങളിൽ വകുപ്പുതലത്തിൽ സത്വര നടപടികൾ സ്വീകരിക്കുന്നതിന് അതു സഹായിക്കുമെന്നും സമിതി ഓഡിറ്റ് വകുപ്പിന് നിർദ്ദേശം നൽകി.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19-3-2010-ലെ കത്ത് പ്രകാരം ലഭ്യമാക്കിയ അധിക വിവരം ചുവടെ ചേർക്കുന്നു:

106. "ആ സമയത്തെ സെക്രട്ടറിയായ ശ്രീ. കെ. എം. രവീന്ദ്രനിൽനിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കുവാൻ ജില്ലാ കളക്ടർക്കു സമർപ്പിച്ചിരുന്നു. എന്നാൽ ശ്രീ. കെ. എം. രവീന്ദ്രൻ ഫയൽ ചെയ്ത W.P.(c) No. 12731/2009 കേസിന്മേൽ 24-4-2009-ലെ ഹൈക്കോടതി ഉത്തരവ് പ്രകാരം റിക്കവറി നടപടികൾ തടഞ്ഞിരിക്കുകയാണ്. സ്റ്റേ ഒഴിവാക്കുന്നതിന് എ4/499/10 തീയതി 22-1-2010 പ്രകാരം കത്ത് നൽകിയിട്ടുണ്ട്".

### നിഗമനങ്ങൾ/ശിപാർശകൾ

107. പാടിച്ചിറ പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടനിർമ്മാണത്തിന്റെ അവസാന ബിൽ തീർപ്പാക്കി നാല് മാസത്തിനുശേഷം യാതൊരു സാധുകരണരേഖയുമില്ലാതെ 40,000 രൂപ വീണ്ടും നല്കിയതായി സമിതി മനസ്സിലാക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-2005-ലെ ഓഡിറ്റ് ഖണ്ഡിക 3.12.I.3.4-ൽ പരാമർശിച്ചിരിക്കുന്ന ധനാപഹരണത്തിന് ആരോപണ വിധേയനായ സെക്രട്ടറി ഉൾപ്പെടെ മൂന്നു സെക്രട്ടറിമാർ വയനാട് ജില്ലയിൽ മാത്രമല്ല മറ്റു ജില്ലകളിൽ ജോലി ചെയ്യുന്ന സമയത്തും, ടിയാൻമാരുടെ പേരിൽ ഇത്തരം കേസ്സുകളുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ അറിയിക്കുകയുണ്ടായി. പ്രസ്തുത പഞ്ചായത്ത് സെക്രട്ടറിമാരുടെയും ഉദ്യോഗസ്ഥരുടെയും കൃത്യനിർവ്വഹണം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ കൃത്യമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ സമിതി ആവശ്യപ്പെടുകയും ആയതിന്മേൽ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ ഉറപ്പ് നല്കുകയും ചെയ്തെങ്കിലും സ്വീകരിച്ച നടപടി സംബന്ധിച്ച് യാതൊരു മറുപടിയും പഞ്ചായത്ത് ഡയറക്ടറിൽ നിന്നോ സർക്കാരിൽ നിന്നോ സമിതിക്ക് നാളിതുവരെ ലഭിച്ചിട്ടില്ല. പരാമർശ വിധേയമായ കാലത്തെ സെക്രട്ടറിയിൽനിന്നും റവന്യൂ റിക്കവറി മുഖേന തുക ഈടാക്കുവാനുള്ള നടപടിക്കെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ ടിയാൻ നല്കിയ റിട്ട് പെറ്റിഷന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടി സ്റ്റേ ചെയ്തിരിക്കുകയാണെന്നും സ്റ്റേ ഒഴിവാക്കുന്നതിന് കത്തുനല്കിയിരിക്കുകയാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

108. സമിതി മുമ്പാകെ നല്കിയ ഉറപ്പ് പാലിക്കാത്തതിലുള്ള സമിതിയുടെ അതൃപ്തി രേഖപ്പെടുത്തുന്നു. കൂടാതെ, പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെയുള്ള അന്വേഷണത്തിന്റെയും അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയുടെയും വിശദാംശങ്ങൾ സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുവാനുള്ള റവന്യു റിക്കവറി നടപടിക്കെതിരെയുള്ള സ്റ്റേ ഉത്തരവ് നീക്കികിട്ടുന്നതിന് സ്വീകരിച്ച നടപടി, കേസിന്റെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

109. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന പ്രധാനപ്പെട്ട ക്രമക്കേടുകൾ പഞ്ചായത്ത് ഡയറക്ടറുടെ ശ്രദ്ധയിൽ പെടുത്തുന്ന പതിവുണ്ടായിരുന്നതായി പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി. ഓഡിറ്റ് ചൂണ്ടിക്കാട്ടുന്ന ക്രമക്കേടുകൾക്കെതിരെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ് അനന്തര നടപടികൾ സ്വീകരിക്കേണ്ടതെങ്കിലും പ്രസ്തുത ക്രമക്കേടുകൾ പഞ്ചായത്ത് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നപക്ഷം അത്തരം കാര്യങ്ങളിന്മേൽ, സമിതി മുമ്പാകെ വരുന്നതിനുമുമ്പുതന്നെ വകുപ്പുതല നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ നിർദ്ദേശം പരിഗണിച്ച സമിതി, ഭാവിയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കണ്ടെത്തുന്ന പ്രധാനപ്പെട്ടതും ഭരണപരമായ നടപടികൾകൂടി ആവശ്യമായി വരുന്നതുമായ ക്രമക്കേടുകൾ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് കൊടുക്കുന്നതോടൊപ്പം ആയതിന്റെ ഒരു പകർപ്പ് പഞ്ചായത്ത് ഡയറക്ടറുടെ അറിവിലേക്കും നല്കണമെന്ന് ശിപാർശ ചെയ്യുന്നു.

<u>ഓഡിറ്റ് ഖണ്ഡിക</u>

**തൊഴിൽ നികുതി ; കുടിശ്ശിക പിരിവിൽ അലംഭാവം: 1.64 ലക്ഷം നഷ്ടം**

**[2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക (2-1)എ]**

പഞ്ചായത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 1988-89 മുതൽ 2000-01 വരെ 1,64,385 രൂപ കുടിശ്ശിക ഉള്ളതായി കാണിച്ചിട്ടുണ്ടെങ്കിലും തൊഴിൽ നികുതി അടയ്ക്കാത്ത വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ വിശദവിവരം സൂക്ഷിച്ചിട്ടില്ല. കേരള പഞ്ചായത്ത്രാജ് നിയമം 243-ാം വകുപ്പ് പ്രകാരം പഞ്ചായത്തിന് ലഭിക്കുവാനുള്ള നികുതികൾ ഈടാക്കുന്നതിന് നിയമ നടപടികളോ വ്യവഹാരമോ സ്വീകരിക്കാമായിരുന്ന ആദ്യത്തെ തീയതി കഴിഞ്ഞ് 3 വർഷത്തിനുശേഷം നിയമ നടപടികൾ മുഖേന പ്രസ്തുത തുക ഈടാക്കുവാൻ കഴിയുകയില്ല. ആയതിനാൽ തൊഴിൽ നികുതി ഇനത്തിൽ പിരിഞ്ഞ് കിട്ടാനുള്ള തുക 1,64,384 രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുന്നു.

[ലോക്കൽ ഫണ്ട് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.83.1.]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

&

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽരഹിത വേതന വിതരണം ; ബാക്കി തുക തിരികെ ഒടുക്കിയില്ല**

**[2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3-7]**

തൊഴിൽരഹിത വേതന വിതരണത്തിന് 18-4-2001-ൽ 31,200 രൂപ തനത് ഫണ്ടിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. വേതന വിതരണ രജിസ്റ്റർ പ്രകാരം ആകെ 14,800 രൂപ മാത്രമേ വിതരണം ചെയ്തതായി കാണുന്നുള്ളൂ. ബാക്കി 16,400 രൂപ തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല. തുക ഉത്തരവാദിയായവരിൽനിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.83.2.]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു

&

ഓഡിറ്റ് ഖണ്ഡിക

**രേഖയില്ലാത്ത ചെലവ്**

**[2001-2002 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3–8]**

പഞ്ചായത്തിന്റെ ജനറൽ പി. ഡി. അക്കൗണ്ടിൽനിന്നും 30-3-2002-ൽ 657920 സെൽഫ് ചെക്ക് പ്രകാരം പിൻവലിച്ച 2,00,000 രൂപയ്ക്ക് ചെലവ് രേഖയില്ല. ചെക്കിന്റെ കൗണ്ടർ ഫോയിലിൽ വിവിധ പെൻഷനുകൾക്കായി എന്ന് എഴുതിയിട്ടുണ്ട്. എന്നാൽ 2,00,000 രൂപയുടെ പെൻഷനുകൾ വിതരണം ചെയ്തതായുള്ള രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. തുക പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ വരവ് വന്നിട്ടുമില്ല.

രേഖയില്ലാത്ത ചെലവ് ധനാപഹരണമായതിനാൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും 18% പലിശ സഹിതം തുക ഈടാക്കി ശിക്ഷണ നടപടി സ്വീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.83.3.]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

110. മേൽപ്പറഞ്ഞ മൂന്ന് ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട മുൻ സെക്രട്ടറിമാരായ ശ്രീ. കെ. എം. രവീന്ദ്രൻ, ശ്രീ. എം. എം. അബ്ദുൾറഹ്മാൻ എന്നിവർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാൻ പഞ്ചായത്തു വകുപ്പ് അഡീഷണൽ ഡയറക്ടർക്ക് സമിതി നിർദ്ദേശം നൽകി.

111. ഓഫീസ് നടപടിക്രമങ്ങൾ കൃത്യമായി പാലിക്കാത്തതിന്റെയും രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തതിന്റെയും ഫലമായുണ്ടായ പിഴവുകളാണിതെന്നും പഞ്ചായത്ത് ഓഫീസുകളിൽ ശരിയായ രേഖകളില്ലാത്തത് സംബന്ധിച്ചും കൃത്യമായി ക്യാഷ് ബുക്ക് എഴുതാത്തത് സംബന്ധിച്ചും എ.ജി.യുടെ റിപ്പോർട്ടിലുണ്ടെന്നും, ടി റിപ്പോർട്ടിൽ പറയുന്നപോലെ പഞ്ചായത്ത് ഓഫീസുകളിൽ ശരിയായ രീതിയിൽ പ്രവർത്തനം നടന്നാൽ ഇത്തരം വീഴ്ചകൾ സംഭവിക്കില്ലെന്നും സമിതി ചൂണ്ടിക്കാട്ടി.

112. 'തൊഴിൽ നികുതി കുടിശ്ശിക പിരിവിൽ അലംഭാവം; 1.64 ലക്ഷം രൂപയുടെ നഷ്ടം' എന്ന പരാമർശവുമായി ബന്ധപ്പെട്ട് ഉത്തരവാദികളായ ജീവനക്കാരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടെന്നും നടപടികളൊന്നും ആയിട്ടില്ല എന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19-3-2010-ലെ കത്തുമുഖേന അറിയിച്ചിരിക്കുന്നു.

'തൊഴിൽരഹിതവേതനം ബാക്കി തുക തിരികെ ഒടുക്കിയില്ല' എന്ന പരാമർശവുമായി ബന്ധപ്പെട്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 19-3-2010-ലെ കത്തു മുഖേന ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

113. "എ 4–2509/13-10-2009 പ്രകാരം റവന്യൂ റിക്കവറി നടപടികൾക്ക് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. എന്നാൽ ഡബ്ല്യൂ.പി.(സി) 37089/2009(ഇ) തീയതി 22-12-2009 റിട്ട് പെറ്റീഷൻ ഹൈക്കോടതി ഉത്തരവ് പ്രകാരം രണ്ട് മാസത്തേക്ക് റിക്കവറി നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്".

'രേഖയില്ലാത്ത ചെലവ്' എന്നതിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 19-3-2010-ലെ കത്തുമുഖേന ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

114. 2,00,000 രൂപയും പലിശയും ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾക്ക് വയനാട് ജില്ലാ കളക്ടർക്ക് നൽകിയിരുന്നുവെങ്കിലും ഡബ്ല്യൂ. പി. (സി) 37089/2009(ഇ) തീയതി 22-12-2009 റിട്ട് പെറ്റീഷൻ ഹൈക്കോടതി ഉത്തരവ് പ്രകാരം റിക്കവറി നടപടികൾ രണ്ട് മാസത്തേക്ക് സ്റ്റേ ചെയ്തിരിക്കുന്നു".

### നിഗമനങ്ങൾ/ശിപാർശകൾ

115. പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാനുള്ള സമിതി നിർദ്ദേശത്തിന്മേൽ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. സമിതി നിർദ്ദേശം പാലിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. 'തൊഴിൽ നികുതി കുടിശ്ശിക പിരിവിൽ അലംഭാവം' എന്ന പരാമർശവുമായി ബന്ധപ്പെട്ട് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പട്ടിക

**തയ്യാറാക്കിയിട്ടുണ്ടെന്നും നടപടികളൊന്നും ആയിട്ടില്ല എന്നും, 'തൊഴിൽരഹിത വേതനം ബാക്കി തുക തിരികെ ഒടുക്കിയിട്ടില്ല', 'രേഖയില്ലാത്ത ചെലവ്' എന്നീ പരാമർശങ്ങളുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. ആയതിനാൽ, പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടത്തിനുത്തരവാദികളാണെന്ന് കണ്ടെത്തിയിട്ടുള്ള ഉദ്യോഗസ്ഥരിൽനിന്നും പലിശ സഹിതം തുക ഈടാക്കുവാനും അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

116. **റവന്യൂ റിക്കവറി നടപടിക്കെതിരെയുള്ള ബഹു. ഹൈക്കോടതിയുടെ സ്റ്റേ നീക്കികിട്ടുവാനാവശ്യമായ നടപടി സ്വീകരിക്കുവാനും ഇക്കാര്യത്തിൽ എടുത്ത നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**കാർഷിക ഉപകരണങ്ങൾ വാങ്ങിയതിൽ അപാകതകൾ**

കൃഷി ഡയറക്ടറുടെ ഉത്തരവിൽ തെരഞ്ഞെടുക്കപ്പെട്ട തൊഴിലാളികളെ ചേർത്ത് അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിനും അവർക്ക് പരിശീലനം നൽകിയതിനുശേഷം മെതിയന്ത്രം, സ്പ്രേയർ തുടങ്ങിയ കാർഷിക ഉപകരണങ്ങൾ ഈ സെന്ററുകൾക്ക് വാങ്ങി കൊടുക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന ഗുരുതരമായ അപാകതകൾ ഉണ്ടായിട്ടുണ്ട്:

(1) അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ച് തൊഴിലാളികൾക്ക് പരിശീലനം നൽകിയതിനുശേഷം അവരെ ഏൽപ്പിക്കാനാണ് ഉപകരണങ്ങൾ വാങ്ങേണ്ടിയിരുന്നത്. എന്നാൽ ഉപകരണങ്ങൾ വാങ്ങി 4 വർഷവും 5 മാസവും (ഓഡിറ്റ് തീയതിവരെ) കഴിഞ്ഞിട്ടും സെന്റർ ആരംഭിക്കുകയോ തൊഴിലാളികൾക്ക് പരിശീലനം നൽകുകയോ ചെയ്തിട്ടില്ല.

(2) അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന കർഷകർക്ക് പ്രയോജനം കിട്ടേണ്ട ഈ ഉപകരണങ്ങൾ ഇപ്പോഴും ആർക്കും നൽകാതെ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ സ്റ്റോക്ക് ചെയ്തിരിക്കുന്നു.

കൃഷി ഡയറക്ടറുടെ ഉത്തരവ് നടപ്പാക്കുന്നതിൽ, നിർവ്വഹണ ഉദ്യോഗസ്ഥർ ഗുരുതരമായ വീഴ്ചയാണ് വരുത്തിയിരിക്കുന്നത്. പൊതുപണം ചെലവഴിക്കുന്നതിലെ സാമാന്യ രീതികൾപോലും ലംഘിക്കപ്പെട്ടിരിക്കുന്നു. അനാവശ്യമായി കൃഷി ഉപകരണങ്ങൾ വാങ്ങിയ വകയിൽ പഞ്ചായത്തിന് 25,443 രൂപ നഷ്ടം വന്നിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.4(i).]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

117. അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ച് തൊഴിലാളികൾക്ക് പരിശീലനം നൽകിയതിനുശേഷം മാത്രം വാങ്ങേണ്ടിയിരുന്ന ഉപകരണങ്ങൾ നേരത്തെ വാങ്ങുകയും വർഷങ്ങൾ കഴിഞ്ഞിട്ടും സെന്റർ ആരംഭിച്ച് പരിശീലനം നൽകുകയും ചെയ്തില്ല എന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആരാഞ്ഞു.

118. രണ്ടുമാസമായി പഞ്ചായത്തിൽ സെക്രട്ടറിയില്ലെന്ന് തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻചാർജ്) സമിതിയെ അറിയിച്ചു. പഞ്ചായത്ത് സെക്രട്ടറിയാണ് നിർവ്വഹണോദ്യോഗസ്ഥൻ എന്ന കൃഷി ഓഫീസറുടെ അഭിപ്രായത്തിന്മേൽ സമിതി വിശദീകരണം ആരാഞ്ഞതിന് അക്കാലത്ത് കൃഷി ഓഫീസർ പദ്ധതി ഏറ്റെടുക്കുവാൻ തയ്യാറാകാത്തതുമൂലം പഞ്ചായത്ത് സമിതിയുടെ തീരുമാനപ്രകാരം ഇപ്പോഴുള്ള കൃഷി ഓഫീസർ 15-9-2008-ൽ നിർവ്വഹണ ചുമതല ഏറ്റെടുക്കുകയാണുണ്ടായതെന്ന് സെക്രട്ടറി ബോധിപ്പിച്ചു.

119. പത്തു വർഷം മുമ്പു വാങ്ങിയ ഉപകരണങ്ങളുടെ ഇപ്പോഴത്തെ സ്ഥിതിയെ കുറിച്ചുള്ള സമിതിയുടെ അന്വേഷണത്തിന് മെതിയന്ത്രവും സ്പ്രേയറുമാണ് വാങ്ങിയതെന്നും മെതിയന്ത്രത്തിനു ചെറിയ തകരാറുണ്ടെന്നും പഴയ മോഡൽ മെഷീനാണെന്നും നന്നാക്കാൻ ഏർപ്പാടാക്കിയിട്ടുണ്ടെന്നും സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു.

120. പ്രോജക്ടിൽ കൃഷി ഓഫീസറാണ് നിർവ്വഹണോദ്യോഗസ്ഥൻ എന്നും ഇതു സംബന്ധിച്ച് ഫയലൊന്നുമില്ലെന്നും അഗ്രോ ഇൻഡസ്ട്രീസ് വകുപ്പിൽ നിന്നുമാണ് ഉപകരണങ്ങൾ വാങ്ങിയതെന്നും സമിതിയുടെ ചോദ്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

121. പ്രോജക്ടനുസരിച്ച് കൃഷി ഓഫീസറാണ് നിർവ്വഹണോദ്യോഗസ്ഥൻ എങ്കിൽ അന്നത്തെ സെക്രട്ടറി അക്കാര്യം സമിതിയിൽ ഹാജരായി അറിയിക്കേണ്ടതല്ലേ എന്ന് സമിതി അഭിപ്രായപ്പെടുകയും അന്നത്തെ സെക്രട്ടറി, കൃഷി ഓഫീസർ എന്നിവരുടെ വിവരങ്ങൾ ആരായുകയും ചെയ്തു.

122. അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. മോഹൻദാസ് സർവ്വീസിൽ നിന്നും വിരമിച്ചുവെന്നും യോഗത്തിൽ ഹാജരാകാൻ സാധിക്കില്ലെന്നു കാണിച്ച് കത്ത് തന്നിട്ടുണ്ടെന്നും കൃഷി ഓഫീസറായിരുന്ന ശ്രീ. എം. വിജയന് 2009 ഒക്ടോബർ 22-ാം തീയതി ചേരുവാൻ നിശ്ചയിച്ചിരുന്ന യോഗത്തിൽ ഹാജരാകാൻ അറിയിപ്പ് കൊടുത്തതിന് സുഖമില്ലെന്നു കാണിച്ച് മറുപടി തന്നിരുന്നുവെന്നും പ്രസ്തുത യോഗം മാറ്റിവച്ച വിവരം അറിയിച്ചതിന് മറുപടി തന്നിട്ടില്ലെന്നും സെക്രട്ടറി ഇൻ-ചാർജ് സമിതിയിൽ വിശദീകരിച്ചു.

123. കൃഷി വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നടപ്പിലാക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥൻ ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുന്നു എന്ന് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതിനാൽ കൃഷി ഓഫീസർ തന്നെയായിരിക്കും ഉത്തരവാദിയെന്ന് സമിതി ഈയവസരത്തിൽ അഭിപ്രായപ്പെട്ടു. ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥന്റെയും അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയുടെയും പേരുവിവരങ്ങൾ, പദ്ധതിക്ക് സാധന

സാമഗ്രികൾ വാങ്ങിയതാര് തുടങ്ങിയ വിശദാംശങ്ങളും, പ്രോജക്ടിന്റെ കോപ്പി എന്നിവയും ഒരാഴ്ചയ്ക്കകം ലഭ്യമാക്കണമെന്നും അതിൻപ്രകാരം യന്ത്രസാമഗ്രികൾ വാങ്ങിയതാരാണെന്നു മനസ്സിലാക്കി അവരുടെ പേരിൽ ബാദ്ധ്യത നിശ്ചയിക്കാമെന്നും സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19-3-2010-ലെ കത്തുമുഖേന ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

124. "സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ഉൾപ്പെടുന്ന റിപ്പോർട്ട് നമ്പർ എ2-1297/2010 തീയതി 25-1-2010 പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ വയനാടിന് അയച്ചു കൊടുത്തിട്ടുണ്ട്".

### നിഗമനങ്ങൾ/ശിപാർശകൾ

125. പദ്ധതിപ്രകാരം അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ച് തൊഴിലാളികൾക്ക് പരിശീലനം നൽകിയതിനുശേഷം വാങ്ങേണ്ടിയിരുന്ന മെതിയന്ത്രവും സ്പ്രേയറും നേരത്തെ വാങ്ങിയെങ്കിലും വർഷങ്ങൾ കഴിഞ്ഞിട്ടും സെന്റർ ആരംഭിക്കുകയോ പരിശീലനം നൽകുകയോ ചെയ്തിട്ടില്ല. പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ ആരായിരുന്നുവെന്ന് സമിതി ആരാഞ്ഞതിന് പഞ്ചായത്ത് സെക്രട്ടറിയായിരുന്നു പദ്ധതി നടപ്പാക്കിയതെന്നും ടിയാനാണ് ഉപകരണങ്ങൾ വാങ്ങിയതെന്നുമാണ് കൃഷിഓഫീസറുടെ മറുപടിയെന്ന് സർക്കാർ അറിയിച്ചിരുന്നു.

126. കൃഷി വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നടപ്പിലാക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥൻ ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുന്നു എന്ന ഓഡിറ്റ് പരാമർശത്തിൽ നിന്ന് കൃഷി ഓഫീസറാണ് പദ്ധതി നടത്തിപ്പിൽ വീഴ്ച വരുത്തിയതെന്ന് കാണുന്നതിനാൽ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ, പഞ്ചായത്ത് സെക്രട്ടറി, ഉപകരണങ്ങൾ വാങ്ങിയ ഉദ്യോഗസ്ഥൻ എന്നിവരുടെ പേരുവിവരങ്ങളും പ്രോജക്ടിന്റെ പകർപ്പും ഒരാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കുവാൻ തെളിവെടുപ്പ് യോഗത്തിൽ നിർദ്ദേശിക്കുകയുണ്ടായി. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് 25-1-2010-ലെ കത്തുപ്രകാരം വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചെങ്കിലും ആയത് സംബന്ധിച്ച യാതൊരുവിവരവും സമിതിക്ക് നാളിതുവരെ ലഭിച്ചിട്ടില്ല. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നാളിതുവരെയും നൽകാത്ത സർക്കാരിന്റെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു.

127. പദ്ധതി നിർവ്വഹണത്തിൽ ഉദ്യോഗസ്ഥതലത്തിൽ ഗുരുതരമായ വീഴ്ച ഉണ്ടായതായി സമിതി വിലയിരുത്തുന്നു. പരാമർശവിധേയമായ സംഗതിയിൽ യഥാർത്ഥ പദ്ധതി നിർവ്വഹണോദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാത്തതും ബന്ധപ്പെട്ട ഫയൽ കാണ്മാനില്ല എന്ന വാദവും യഥാസമയം സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാത്തതും ഉത്തരവാദികളായ ഉദ്യോഗസ്ഥരെ ബാദ്ധ്യതയിൽ നിന്നും രക്ഷപ്പെടുത്തുവാനുള്ള ഒരു ഉപായമായി മാത്രം സമിതി വിലയിരുത്തുന്നു.

128. ഈ സാഹചര്യത്തിൽ, പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ ആരായിരുന്നു; നിർവ്വഹണോദ്യോഗസ്ഥൻ കൃഷി ഓഫീസറായിരുന്നുവെങ്കിൽ ടിയാൻ നിർവ്വഹണച്ചുമതല ഏറ്റെടുക്കാതിരിക്കാനുള്ള കാരണം; ടിയാനിൽ അർപ്പിതമായ പ്രസ്തുത കർത്തവ്യം ഏറ്റെടുക്കാത്തതിനെതിരെ ടിയാന്റെ പേരിൽ സ്വീകരിച്ച നടപടി; നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം; കൃഷി ഓഫീസർ, നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതല ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത ചുമതല ഏറ്റെടുത്തിട്ടുണ്ടോ, എങ്കിൽ ആയത് ഏൽപ്പിച്ച അധികാരസ്ഥാനവും ഉത്തരവും സംബന്ധിച്ച വിവരങ്ങൾ; അഗ്രോ സർവ്വീസ് സെന്റർ സ്ഥാപിച്ച് തൊഴിലാളികൾക്ക് പരിശീലനം നൽകിയതിനുശേഷം മാത്രം വാങ്ങേണ്ട ഉപകരണങ്ങൾ മുൻകൂട്ടി വാങ്ങിയ ഉദ്യോഗസ്ഥൻ ആരാണ്; ആയതിന് അനുമതി നൽകിയ അധികാരിയും ഉത്തരവും ഏതാണ്; പദ്ധതിയുടെ തുടർ പ്രവർത്തനം നടത്താത്തതിനുള്ള കാരണം എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ടും പ്രോജക്ടിന്റെ ഒരു പകർപ്പും നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു.

129. പദ്ധതി നടപ്പാക്കാത്തതിനാൽ പദ്ധതിപ്പണം ദുരുപയോഗം ചെയ്യപ്പെട്ടതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതി നടപ്പിലാക്കാത്തതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും പദ്ധതിപ്പണം ദുർവ്യയം ചെയ്തതിന് ഉത്തരവാദികളായവരിൽനിന്ന് പ്രസ്തുത തുക പലിശ സഹിതം തുല്യമായി ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

130. കൂടാതെ സർക്കാർ മറുപടിയിൽ പരാമർശിച്ചിട്ടുള്ളതിൻപ്രകാരം പ്രോജക്ട് നടപ്പിലാക്കുവാൻ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി, പ്രോജക്ടിന്റെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.

ഓഡിറ്റ് ഖണ്ഡിക

**കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ-വൈദ്യുതി ബിൽ സർച്ചാർജ് അടച്ചത് അനുവദനീയമല്ല**

പേരിയ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ 30-7-1996 മുതൽ 10-12-1997 വരെയുള്ള കാലയളവിലെ വൈദ്യുതി ബിൽ കുടിശ്ശികയായി മൊത്തം 26,258 രൂപ അടച്ചിട്ടുണ്ട്. ഇതിൽ 10,158 രൂപ പിഴപ്പലിശയും 30 രൂപ റീകണക്ഷൻ ഫീസുമാണ്. വിശദീകരണം ആവശ്യപ്പെട്ടപ്പോൾ മതിയായ ഫണ്ട് ഇല്ലാതിരുന്നതിനാലാണ് പിഴപ്പലിശ അടയ്ക്കേണ്ടിവന്നത് എന്നറിയിച്ചു. എന്നാൽ പഞ്ചായത്തിലെ രജിസ്റ്റർ പരിശോധനയിൽ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസറുടെ പേരിൽ 35,881 രൂപ വകകൊള്ളിച്ചിരുന്നതായി കാണുകയുണ്ടായി. പ്രസ്തുത ഉദ്യോഗസ്ഥന്റെ അനാസ്ഥമൂലമാണ് പഞ്ചായത്ത് ഫണ്ടിന് 10,188 രൂപയുടെ നഷ്ടമുണ്ടായത്. ഈയിനത്തിൽ ചെലവായ 10,188 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.4(ii).]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

131. തുക അടച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻചാർജ്) അറിയിച്ചതിൻ പ്രകാരം പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**132. ഓഡിറ്റ് തടസ്സമുന്നയിച്ച വൈദ്യുതി ബിൽ സർചാർജ്ജിനത്തിൽ അടച്ച 10,188 രൂപ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എയ്ഡഡ് സ്കൂളുകൾക്ക് ഫർണിച്ചർ നൽകിയത്-തുക അനുവദിക്കുന്നില്ല**

പഞ്ചായത്തിന്റെ പരിധിയിലുള്ള എൽ. പി. സ്കൂളുകൾക്ക് ഫർണിച്ചർ നന്നാക്കുന്നതിന്റെ പകുതി തുക നൽകുന്നതിനായി അംഗീകരിച്ച പ്രോജക്ട് പ്രകാരം 7 എയ്ഡഡ് സ്കൂളുകൾക്ക് 1,000 രൂപവീതം സഹായധനം അനുവദിച്ചു നൽകി. എയ്ഡഡ് സ്കൂളുകൾക്ക് മെയിന്റനൻസ് ഗ്രാന്റ് ലഭിക്കുന്നതിനാൽ ഈയിനത്തിൽ ചെലവ് ചെയ്ത 7,000 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.4 (iii).]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

133. തുക തിരിച്ചടച്ചിട്ടുണ്ടെന്നും ഡി.പി.സി. അംഗീകരിച്ച പ്രോജക്ടായിരുന്നുവെന്നും സെക്രട്ടറി (ഇൻചാർജ്) സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**134. ഓഡിറ്റ് നിരാകരിച്ച 7,000 രൂപ തിരിച്ചടച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വനിതകളുടെ തേയിലപ്പൊടി പായ്ക്കിംഗ് ആന്റ് സെല്ലിംഗ് യൂണിറ്റ്**

സർക്കാർ ഉടമസ്ഥതയിലുള്ള പ്രിയദർശിനി തേയിലത്തോട്ടത്തിൽനിന്നും തേയില പൊടി വാങ്ങി റീ പായ്ക്കിംഗ് ചെയ്ത് വിൽക്കുന്നതിനായി 2 വനിതാ യൂണിറ്റുകൾക്കായി 80,000 രൂപ അംഗീകൃത പ്രോജക്ടിൽ വകയിരുത്തിയിരുന്നു. ഇതുപ്രകാരം 2 യൂണിറ്റും ചെറുകിട വ്യവസായ യൂണിറ്റുകളായി രജിസ്റ്റർ ചെയ്യേണ്ടതാണെന്നും

അനുവദിക്കുന്ന തുക മുഴുവനായി പഞ്ചായത്തിൽ തിരിച്ചടവ് വരുന്നതുവരെ പ്രതിമാസം നിശ്ചിത തുകവീതം ഓരോ യൂണിറ്റും പഞ്ചായത്തിൽ അടയ്ക്കേണ്ടതാണെന്നും പറയുന്നു. ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു:

(1) ചെറുകിട വ്യവസായ യൂണിറ്റിനുള്ള രജിസ്ട്രേഷന് പകരം സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത രണ്ട് സ്വയം സേവക സംഘങ്ങൾക്കാണ് ആനുകൂല്യം നൽകിയിരിക്കുന്നത്.

(2) അനുവദിച്ച തുക പ്രതിമാസ തവണകളായി തിരിച്ചു പിടിക്കുന്നതിനുള്ള ക്രമീകരണങ്ങളും തിരിച്ചടവിന്റെ വിവരങ്ങളും വിശദമാക്കപ്പെട്ടിട്ടില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.4(iv).]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

135. പുതിയിടം സ്നേഹസ്വയംസഹായ സംഘം സെക്രട്ടറി ശ്രീമതി സിസിലി ഫ്രാൻസിസ്, കൊടകൊല്ലി സ്വയംസഹായസംഘം സെക്രട്ടറി ശ്രീമതി അച്ചാമ്മ ജോസ് എന്നിവരോട് 21-8-2008-ൽ തുക തിരിച്ചടയ്ക്കണമെന്നാവശ്യപ്പെട്ടതിനുശേഷം യാതൊരു നടപടിയുമെടുക്കാത്തത് സംബന്ധിച്ചും ചെറുകിട വ്യവസായ യൂണിറ്റുകൾക്കുപകരം സ്വയംസഹായ സംഘങ്ങൾ രജിസ്റ്റർ ചെയ്തത് സംബന്ധിച്ചും സമിതി വിശദീകരണം ആരാഞ്ഞു.

136. പ്ലാൻ ഫണ്ടിൽനിന്നും 80,000 രൂപ സംഘത്തിന് കൊടുത്തിട്ടുണ്ടെന്നും പ്രിയദർശിനി തേയിലത്തോട്ടം കുറച്ചുകാലം പ്രവർത്തിച്ചുവെങ്കിലും ഇപ്പോൾ പ്രവർത്തനം നിലച്ചുവെന്നും നോട്ടീസ് അയച്ചതിന് പ്രസ്തുത യൂണിറ്റ് പ്രവർത്തിപ്പിക്കാൻ ഇനി സാധിക്കുകയില്ലെന്നും സെക്രട്ടറി ആത്മഹത്യ ചെയ്തുവെന്നും കാണിച്ച് മറുപടി ലഭിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി വിശദീകരിച്ചു. തുക തിരിച്ചടയ്ക്കാൻ നിർവ്വാഹമില്ലാത്തതിനാൽ പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം നിയമസഭാ സമിതിക്ക് അപേക്ഷ സമർപ്പിക്കുവാൻ തീരുമാനിച്ചുവെന്നും പഞ്ചായത്ത് സെക്രട്ടറി തുടർന്നറിയിച്ചു.

137. സൊസൈറ്റിയുടെ ആസ്തിയെക്കുറിച്ച് സമിതി ആരാഞ്ഞതിന് അന്നത്തെ സെക്രട്ടറിയുടെ പരിശോധനയിൽ അവിടെ കണ്ടെത്തിയ ഫർണിച്ചറുകൾക്ക് 15,000 രൂപ വില നിശ്ചയിക്കുകയും ഭരണസമിതി തീരുമാനപ്രകാരം അത് അടുത്തുള്ള ഒരു അംഗൻവാടിക്കു നൽകുകയും ചെയ്തുവെന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി പറഞ്ഞു.

138. സൊസൈറ്റിയുടെ അക്കൗണ്ടിലുണ്ടായിരുന്ന പതിനാറായിരത്തിലധികം രൂപ തിരിച്ചടപ്പിച്ചുവെന്നും ഇപ്പോൾ പ്രവർത്തനമില്ലാത്തതിനാൽ ആരുടെ പേരിൽ നടപടി യെടുക്കണം എന്ന പ്രശ്നമുണ്ടെന്നും സെക്രട്ടറി സമിതിയിൽ വിശദീകരിച്ചു. ശ്രീമതി സിസിലി ഫ്രാൻസിസ്, ശ്രീമതി അച്ചാമ്മ ജോസ് എന്നിവരിൽനിന്നും തുക ഈടാക്കിയാൽ മതിയെന്നും സമിതി നിർദ്ദേശം നൽകി.

139. ബാദ്ധ്യത നിശ്ചയിക്കുന്നതിലേക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സമിതിയിൽ ഹാജരായി ബോദ്ധ്യപ്പെടുത്തേണ്ടതുണ്ടെന്നും ജനകീയാസൂത്രണത്തിന്റെ പ്രാരംഭകാലത്തുള്ള വിഷയമാണെന്നും സമിതി ഈയവസരത്തിൽ അഭിപ്രായപ്പെട്ടു.

140. ഏകദേശം 33,000 രൂപ തിരിച്ചടച്ചിട്ടുണ്ടെന്ന് തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ബാക്കി തുക ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കുവാനുള്ള നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19-3-2010-ലെ കത്തുമുഖേന ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർത്തിരിക്കുന്നു:

141. "സമിതി നിർദ്ദേശിച്ച പ്രകാരം ഈടാക്കാൻ അവശേഷിക്കുന്ന തുക (38,691) ഈ ഓഡിറ്റ് പരാമർശത്തിന് വിധേയയായ ശ്രീമതി സിസിലി ഫ്രാൻസിസ്, സെക്രട്ടറി, സ്നേഹ സ്വയംസഹായ സംഘം, മാതിരിപ്പള്ളി വീട്, സബ്സെന്ററിനു സമീപം, പുതിയിടം എന്നവരിൽനിന്നും 18% പലിശ സഹിതം ഒടുക്കുന്നതിന് ആവശ്യപ്പെട്ടു കൊണ്ട് തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നമ്പർ എ-2-1297/2010 തീയതി 25-1-2010-ന് കത്തയച്ചിട്ടുണ്ട്".

### നിഗമനങ്ങൾ/ശിപാർശകൾ

**142. പദ്ധതിപ്രകാരം ചെറുകിട വ്യവസായ യൂണിറ്റിനുള്ള രജിസ്ട്രേഷനുള്ള സ്ഥാപനത്തിനാണ് ആനുകൂല്യം നൽകേണ്ടതെങ്കിലും സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത രണ്ട് സ്വയംസേവക സംഘത്തിനാണ് ആനുകൂല്യം നൽകിയത്. പദ്ധതി രൂപകൽപ്പന ചെയ്തപ്പോഴുണ്ടായിരുന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായി ആനുകൂല്യം വിതരണം ചെയ്ത നടപടിയോട് സമിതി വിയോജിക്കുകയും ഭാവിയിൽ ഇത്തരം പ്രവണത ഒഴിവാക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്യുന്നു. തിരിച്ചടക്കേണ്ടതാണെന്ന വ്യവസ്ഥ പ്രകാരമാണ് 80,000 രൂപ നൽകിയതെങ്കിലും സ്വയംസേവക സംഘങ്ങളുടെ പ്രവർത്തനം നിലച്ചതിനുശേഷം കണ്ടുകെട്ടിയ ഫർണിച്ചറിന് നിശ്ചയിച്ച വിലയായ 15,000 ഉൾപ്പെടെ ആകെ 33,000 രൂപ മാത്രമേ ഈടാക്കിയിട്ടുള്ളൂവെന്ന് തെളിവെടുപ്പ് വേളയിൽ ലഭിച്ച മറുപടികളിൽനിന്ന് സമിതിക്ക് ബോധ്യമായി. ആയതിനാൽ പ്രസ്തുത തുക കഴിച്ചുള്ള തുക ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശപ്രകാരം, ഈടാക്കാൻ അവശേഷിക്കുന്ന 38,691 രൂപ സ്നേഹ സ്വയംസേവക സംഘം സെക്രട്ടറിയിൽനിന്നും 18% പലിശ സഹിതം ഈടാക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നോട്ടീസ് അയച്ചിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. എന്നാൽ, ഇതു സംബന്ധിച്ച് സർക്കാരിൽനിന്നും യാതൊരു മറുപടിയും നാളിതുവരെയായി സമിതിക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ, നാളിതുവരെ പ്രസ്തുത തുക ഈടാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം അറിയിക്കുന്നതിനും അടിയന്തരമായി തുക ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കാമധേനു സബ്സിഡി-അധികം നൽകി**

**[1999-2000 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 35]**

കാമധേനു ഇൻഷ്വറൻസ് ഗുണഭോക്താക്കളിൽ ബി.പി.എൽ. പൊതുവിഭാഗത്തിന് സബ്സിഡി നിബന്ധന പാലിച്ചില്ല. ഇവർക്ക് അർഹതപ്പെട്ട സബ്സിഡി 50% ആണ്. ഇതിന് വിരുദ്ധമായി 148 പേർക്ക് 75% സബ്സിഡി നൽകിയതിനാൽ 28,986 രൂപ അധികം ചെലവായിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക 3.12.4.]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

143. എഴുപത്തിഅഞ്ചു ശതമാനം സബ്സിഡി നൽകിയതിനെപ്പറ്റി സമിതി ആരാഞ്ഞതിന് ജി.ഒ.(എംഎസ്.)നമ്പർ 20/99/പ്ലാനിംഗ്, തീയതി 5-4-1999 എന്ന ഗവൺമെന്റ് ഉത്തരവുണ്ടെന്നും അത് കൊണ്ടുവന്നിട്ടുണ്ടെന്നും അതിൻപ്രകാരം 75% സബ്സിഡി അനുവദിക്കാമെന്ന് ഉത്തരവിന്റെ 99-ാം പേജിൽ 'People's campaign for 9th five year plan subsidy' എന്ന ഭാഗത്ത് പരാമർശിക്കുന്നുണ്ടെന്നും പലതവണ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് വച്ച് കത്തെഴുതിയെങ്കിലും യാതൊരു മറുപടിയും ലഭിച്ചില്ലെന്നും പ്രോജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥനായ ഡോ. കെ.ജി. പ്രദീപ് സമിതിയിൽ വിശദീകരിച്ചു. തുടർന്ന് ടിയാൻ സമിതിയിൽ സമർപ്പിച്ച പരാതിയും ഗവൺമെന്റ് ഉത്തരവും പരിശോധനയ്ക്കായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർക്ക് അയയ്ക്കുന്നതിന് സമിതി നിർദ്ദേശിച്ചു.

144. പ്രസ്തുത ഗവൺമെന്റ് ഉത്തരവ് പരിശോധിച്ച് വിശദീകരണം ശരിയാണെങ്കിൽ പരാമർശം ഒഴിവാക്കാമെന്ന് സമിതി നിർദ്ദേശിച്ചു.

ഓഡിറ്റ് പരാമർശത്തിന്മേൽ നടന്ന തെളിവെടുപ്പ് യോഗത്തിൽ വെറ്ററിനറി സർജൻ സമർപ്പിച്ച അപേക്ഷയിന്മേൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 24-2-2010-ലെയും 19-3-2010-ലെയും കത്തുമുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

24-2-2010-ലെ കത്തിലെ വിവരം

145. "സൂചന (1) കത്തിൽ ആവശ്യപ്പെട്ടത് പ്രകാരം ഡോ. കെ. ജി. പ്രദീപിന്റെ ഹർജിയും സൂചന (3) ഗവൺമെന്റ് ഉത്തരവും [G.O.(Ms.) No. 20/99/പി.എൽ.ജി. തീയതി 5-4-1999] സൂക്ഷ്മ പരിശോധന നടത്തി പരിശോധന റിപ്പോർട്ട് താഴെപ്പറയും പ്രകാരം മേൽ നടപടികൾക്കായി അയയ്ക്കുന്നു:

146. തവിഞ്ഞാൽ ഗ്രാമപഞ്ചായത്തിന്റെ 1998-99 സാമ്പത്തിക വർഷത്തിലെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി കാമധേനു ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് 3,96,000 രൂപയുടെ പ്രോജക്ടിന് ഭരണ/സാങ്കേതിക അനുമതി നൽകിയിരുന്നുവെങ്കിലും ആ സാമ്പത്തിക വർഷത്തിൽ

ഈ പ്രോജക്ട് നടപ്പിലാക്കാതെ വരികയും 1999-2000 സാമ്പത്തിക വർഷത്തിൽ .സ്പിൽ ഓവർ പദ്ധതിയിൽപ്പെടുത്തി നടപ്പിലാക്കുകയും ചെയ്തു. ടി പ്രോജക്ടിന് അനുമതി ലഭിക്കുമ്പോൾ നിലവിലുള്ള ഗവൺമെന്റ് ഉത്തരവു പ്രകാരം അനുവദനീയമായ സബ്സിഡി നിരക്ക് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 75%വും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനറൽവിഭാഗത്തിന് 50%വും മറ്റുള്ളവർക്ക് 25%വും ആയിരുന്നു. പ്രോജക്ടിന്റെ ധനകാര്യ വിശകലനത്തിലും ഇതേ നിരക്കിൽ തന്നെയാണ് സബ്സിഡി നിജപ്പെടുത്തിയിരിക്കുന്നത്. 1999-2000 സാമ്പത്തിക വർഷത്തിൽ സ്പിൽ ഓവറായി നടപ്പാക്കിയ പ്രോജക്ടിൽ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിരിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ജനറൽ വിഭാഗത്തിന് 75% എന്ന സബ്സിഡി നിരക്ക് അനുസരിച്ച് സബ്സിഡി അനുവദിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം 71/99(3) തീയതി 21-4-1999 പ്രകാരം നിർദ്ദേശിച്ചതനുസരിച്ചാണ് പ്രോജക്ട് നടപ്പിലാക്കിയത് എന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ഡോ. കെ. ജി പ്രദീപ് തന്റെ മറുപടിയിൽ അറിയിച്ചിരിക്കുന്നത്. എന്നാൽ 1998-99-ൽ ഭരണ/സാങ്കേതിക അനുമതി ലഭിച്ച പ്രോജക്ടിന് (1999-2000-ൽ സ്പിൽ ഓവറായി നടപ്പിലാക്കിയെങ്കിലും) ആ സാമ്പത്തിക വർഷം നിലനിൽക്കുന്ന സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്കും അംഗീകൃത പ്രോജക്ടിനും വിരുദ്ധമായി 5-4-1999-ൽ മാത്രം നിലവിൽവന്ന സർക്കാർ ഉത്തരവ് പ്രകാരമുള്ള നിരക്ക് അനുവദനീയമല്ല. അതിനാൽ തന്നെ ഈ വിഷയത്തിൽ മേൽ പരാമർശിച്ച 71/99(3) തീയതി 21-4-99-ാം നമ്പർ പഞ്ചായത്ത് തീരുമാനവും അതിൻപ്രകാരം പദ്ധതി നടപ്പിലാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടിയും നിലവിൽ ഉണ്ടായിരുന്ന സർക്കാർ ഉത്തരവിന് വിരുദ്ധമാണ്. അതിനാൽ അധിക സബ്സിഡി നൽകാനിടയായതിന് സർക്കാരിൽനിന്നും സാധൂകരണം വാങ്ങുന്നതിനും അല്ലാത്തപക്ഷം അധികം നൽകിയ തുക ഉത്തരവാദിയായവരിൽനിന്ന് ഈടാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് കത്ത് പ്രകാരം ഭരണ വകുപ്പിനെ ചുമതലപ്പെടുത്തിയിരിക്കുന്നു. എന്നാൽ ടി വിഷയത്തിൽ സർക്കാരിൽനിന്നും സാധൂകരണം വാങ്ങിയത് സംബന്ധിച്ചോ ഉത്തരവാദിയായവരിൽനിന്ന് തുക ഈടാക്കിയത് സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ഒന്നും തന്നെ നാളിതുവരെ ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടില്ല എന്ന വിവരവും ഇതിനാൽ അറിയിക്കുന്നു".

### 19-3-2010-ലെ കത്തിലെ വിവരം

147. "ഈ പരാമർശം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിനോട് നടപടി സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടില്ല. ഇതേ വിഷയം സംബന്ധിച്ച പരിശോധനാറിപ്പോർട്ട് ഈ ഓഫീസിലെ L.F. 16525/സ്പെ.സെൽ.ജി.2/09 തീയതി 24-2-2010 നമ്പർ കത്ത് മുഖേന താങ്കൾക്ക് ലഭ്യമാക്കിയിട്ടുള്ളതാണ്.

148. ടി വിഷയത്തിൽ സർക്കാരിൽനിന്നും സാധൂകരണം വാങ്ങിയത് സംബന്ധിച്ചോ ഉത്തരവാദി ആയവരിൽ നിന്ന് തുക ഈടാക്കിയതു സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ഒന്നും തന്നെ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല".

### നിഗമനങ്ങൾ/ശിപാർശകൾ

**149. ഓഡിറ്റ് പരാമർശവും ആയതിനുള്ള സർക്കാരിന്റെയും നിർവ്വഹണോദ്യോഗസ്ഥന്റെയും മറുപടികളും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ**

പുനഃപരിശോധനാ റിപ്പോർട്ടും 17-11-2009, 17-8-2010 എന്നീ യോഗങ്ങളിൽ വിശദമായി പരിശോധിക്കുകയുണ്ടായി. 1998-1999 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കാൻ കഴിയാത്ത പ്രോജക്ടുകൾ സ്പിൽ ഓവർ പദ്ധതിയായി 1999-2000 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാമെന്നും ഇതിലേക്ക് 1999-2000 വർഷത്തെ Plan document അംഗീകരിക്കുന്നതുവരെ കാത്തിരിക്കേണ്ട ആവശ്യമില്ലെന്നും ആയതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു പ്രമേയം പാസ്സാക്കിയാൽ മതിയെന്നും ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പിന്റെ 5-4-1999-ലെ ജി.ഒ. (എംഎസ്.) നമ്പർ 20/99/Plg. സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമാക്കുന്നു. 1998-1999-ലെ ഉത്തരവു പ്രകാരം എസ്.സി./ എസ്.റ്റി.-ബിപിഎൽ. കുടുംബങ്ങൾക്ക് 75%, മറ്റു ബിപിഎൽ. കുടുംബങ്ങൾക്ക് 50%, നോൺ ബി.പി.എൽ. കുടുംബങ്ങൾക്ക് 25% എന്നതോതിലായിരുന്നു സബ്സിഡി നിശ്ചയിച്ചിരുന്നത്. എന്നാൽ, 'സ്പിൽ ഓവർ' പദ്ധതിയായി മേൽപദ്ധതി നടപ്പാക്കിയപ്പോൾ 1999-2000 പദ്ധതി പരിപാടിയായാണ് പഞ്ചായത്ത് പ്രമേയം പാസ്സാക്കി നിർവ്വഹണോദ്യോഗസ്ഥനു നല്കിയതെന്ന് സമിതി നിരീക്ഷിക്കുന്നു. നിർവ്വഹണോദ്യോഗസ്ഥൻ 5-4-1999-ലെ ഉത്തരവിലെ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള '75% for SC/ST & other BPL families and 25% for non BPL families' എന്ന നിരക്കിൽ പദ്ധതി നടപ്പാക്കിയതെന്നും പദ്ധതിയുമായി ബന്ധപ്പെട്ട് സാമ്പത്തിക ക്രമക്കേടോ, നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തു വീഴ്ചയോ സംഭവിച്ചിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പൊതുമരാമത്ത് പ്രവൃത്തി-നിരക്ക് അധികം നൽകി**

കാരക്കണ്ടി ആലംബാളി റോഡ് പ്രവൃത്തിക്ക് 1997-1998-ലെ പ്രാദേശിക നിരക്കനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ, പൊതുമരാമത്ത് വകുപ്പിൽ നിലവിലുള്ളതിനേക്കാൾ 50% അധികരിക്കരുത് എന്നുള്ള സർക്കാർ ഉത്തരവ് പാലിക്കാതെ നിരക്ക് നിശ്ചയിച്ച് നൽകിയതിനാൽ പദ്ധതി വിഹിതത്തിൽ 25,978 രൂപയുടെ നഷ്ടം വന്നിട്ടുണ്ട്.

1997-98-ലെ പ്രാദേശിക നിരക്കും 50% അധികവും ചേർത്ത് നൽകിയാലും മീറ്റർ ക്യൂബിന് 413 രൂപയേ വരൂ. എന്നാൽ മീറ്റർ ക്യൂബിന് 465 രൂപ പ്രകാരമാണ് നൽകിയിരിക്കുന്നത്. ആകെ 531.26 എം. ക്യൂബ് പ്രവൃത്തിക്ക് 2,19,410 രൂപ നൽകേണ്ടതിന് പകരം 2,47,036 രൂപ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ മൊത്തം മൂല്യം 4,01,648 രൂപയായി കണക്കാക്കിയിരുന്നെങ്കിലും സാങ്കേതികാനുമതി ലഭിച്ച 4,00,000 രൂപയിൽ നിജപ്പെടുത്തി നൽകിയതിനാൽ 1,648 രൂപ കുറച്ച് ബാക്കി തുകയായ 25,978 രൂപ നഷ്ടം വന്നിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.5(i)]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

150. 1997-98 കാലത്തെ പ്രോജക്ടിനെപ്പറ്റിയാണു പരാമർശത്തിലുള്ളതെന്നും പി.ഡബ്ല്യു.ഡി. നിരക്കിനേക്കാൾ 50% കൂടുതൽ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി. എഞ്ചിനീയർ ശ്രീ. വി. എം. അഗസ്റ്റ്യൻ മരിച്ചുപോയെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

151. ശ്രീ. അഗസ്റ്റ്യന്റെ ഭാര്യയുടെ പേരിൽ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചെങ്കിലും റിക്കവറി നടപടി കോടതി സ്റ്റേ ചെയ്തിരിക്കുകയാണെന്നും അതിനുശേഷം കൺവീനറിൽനിന്നും തുക ഈടാക്കാനായി ടിയാന് രജിസ്റ്റേർഡ് നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി തുടർന്നറിയിച്ചു.

152. കൂടുതൽ തുകയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയതിന് കാരണക്കാരൻ കൺവീനറാണോ എന്ന സമിതി ചോദ്യത്തിന് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം എഞ്ചിനീയറിൽ നിന്നോ കൺവീനറിൽ നിന്നോ തുക ഈടാക്കണമെന്നുണ്ടെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. തുക ഈടാക്കേണ്ടത് ആരിൽ നിന്നാണെന്ന് സമിതിയാണ് തീരുമാനിക്കുന്നതെന്ന് സമിതി ഈയവസരത്തിൽ അഭിപ്രായപ്പെട്ടു.

153. പ്രസ്തുത പരാമർശത്തിന്മേൽ കേസ് നിലനിൽക്കുന്നതിനാൽ ബഹു. കോടതിയുടെ ഉത്തരവനുസരിച്ച് തീരുമാനമെടുക്കാമെന്ന് സമിതി നിർദ്ദേശം നൽകി.

ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19-3-2010-ലെ കത്തു മുഖേന ലഭിച്ച റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

154. "നഷ്ടത്തിനുത്തരവാദിയായ ശ്രീ. വി. എം. അഗസ്റ്റ്യൻ മരണപ്പെട്ടതിനാൽ അദ്ദേഹത്തിന്റെ അവകാശിയായ ഭാര്യ ഒ. ജെ. ആലീസിൽനിന്ന് തുക ഈടാക്കുന്നതിനാവശ്യമായ റവന്യൂ റിക്കവറി നടപടികൾക്ക് എ2-2178/08 തീയതി 18-8-2008-ാം നമ്പർ കത്ത് മുഖേന വയനാട് ജില്ലാ കളക്ടർക്ക് ശിപാർശ ചെയ്യുകയും കളക്ടർ സി4-04/23428/08 തീയതി 3-9-2008-ാം നമ്പർ കത്ത് മുഖേന നൽകിയ നിർദ്ദേശ പ്രകാരം വൈത്തിരി തഹസിൽദാർ ഡിമാന്റ് നോട്ടീസ് പുറപ്പെടുവിക്കുകയും ചെയ്തു. ഇതിനെതിരെ ശ്രീമതി ഒ. ജെ. ആലീസ് ബഹു. കേരളാ ഹൈക്കോടതിയിൽ നൽകിയ ഡബ്ല്യു. പി. (സി) 43/09 നമ്പർ കേസിൽ 2-1-2009-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവ് പ്രകാരം ടിയാൾക്കെതിരെയുള്ള റിക്കവറി നടപടികൾ കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്. ഈ സ്ഥിതി നിലവിലും തുടരുന്നു. ടി കേസുമായി ബന്ധപ്പെട്ട തീരുമാനം നിയമസഭാ സമിതിയെ അറിയിക്കണമെന്ന നിർദ്ദേശത്തിന് സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് നാളിതുവരെ മറുപടി നൽകിയിട്ടില്ല".

155. തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 11-5-2010-ലെ കത്തുപ്രകാരം ലഭ്യമാക്കിയ മറുപടിയിൽ ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതിയിൽ നിലവിലുള്ള ഡബ്ല്യു.പി.(സി) 43/2009(ഇ) നമ്പർ കേസിൽ 19-1-2009-ൽ പുറപ്പെടുവിച്ച സ്റ്റേ ഉത്തരവ് ഇപ്പോഴും തുടരുകയാണ് എന്ന് അറിയിച്ചിരിക്കുന്നു.

**നിഗമനങ്ങൾ/ശിപാർശകൾ**

**156. ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അംഗീകൃത അധിക നിരക്കിനേക്കാൾ കൂടിയ അധിക നിരക്ക് നൽകിയതിലൂടെ പദ്ധതി വിഹിതത്തിൽ നിന്നും നഷ്ടമായ 25,978 രൂപയുടെ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ മരണപ്പെട്ടതിനാൽ അദ്ദേഹത്തിന്റെ ഭാര്യയിൽനിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കുവാനുള്ള നടപടിക്ക് ബഹു. ഹൈക്കോടതി 19-1-2009-ന് സ്റ്റേ ഉത്തരവ് നൽകിയിരിക്കുകയാണെന്നും ആയത് തുടരുകയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 11-5-2010-ലെ മറുപടിയിൽനിന്നും ബോദ്ധ്യമാകുന്നു. ആയതിനാൽ പ്രസ്തുത സ്റ്റേ ഉത്തരവിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാനും സ്റ്റേ ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നപക്ഷം ആയത് നീക്കികിട്ടുവാനാവശ്യമായ അടിയന്തര നടപടി സ്വീകരിച്ച് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാനും സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വനിതകൾക്കുള്ള പദ്ധതി ആനുകൂല്യം പുരുഷ ഗുണഭോക്താക്കൾക്ക് നൽകിയത്**

വനിതകൾക്ക് മാത്രമായി ആനുകൂല്യം നൽകുന്നതിന് അംഗീകാരം ലഭിച്ച കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതിയിൽ 7 പുരുഷ ഗുണഭോക്താക്കൾക്ക് 1,600 രൂപ വീതം മൊത്തം 11,200 രൂപ നൽകിയിട്ടുണ്ട്. അംഗീകൃത പ്രോജക്ടിന് കടക വിരുദ്ധമായി നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.5(ii).]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

157. 1998-99, 1999-2000 കാലഘട്ടങ്ങളിൽ 'spill Over' വർക്കായി ചെയ്ത പദ്ധതിയാണെന്നും കാലിത്തൊഴുത്തു നിർമ്മാണത്തിന് 4,000 രൂപ സബ്സിഡി അനുവദിച്ചു തയ്യാറാക്കിയ പ്രോജക്ട് ബി.എൽ.ടി.സി. 1,600 രൂപയായി കുറച്ചെന്നും ആവശ്യമായ എണ്ണം വനിതാ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയാത്ത സാഹചര്യത്തിൽ അപേക്ഷ സമർപ്പിച്ച സ്ത്രീ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിക്കഴിഞ്ഞതിനുശേഷം ബാക്കിയുള്ള ആനുകൂല്യം പുരുഷന്മാർക്കു നൽകാൻ തീരുമാനിക്കുകയായിരുന്നു എന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതി മുമ്പാകെ വിശദീകരണം നൽകി.

158. ഒരു പ്രവൃത്തിക്കുവേണ്ടി തയ്യാറാക്കുന്ന പ്രോജക്ടിൽ മാറ്റം വരുത്തണമെങ്കിൽ പുതിയ പ്രോജക്ട് തയ്യാറാക്കണമെന്നും അല്ലാതെ പഴയ പ്രോജക്ടിൽ മാറ്റം വരുത്തി നടപ്പിലാക്കാൻ ഡി.പി.സി.യുടെ അംഗീകാരം കിട്ടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

159. 2003-04 വർഷത്തെ 10-ാം പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് പ്രസ്തുത പ്രോജക്ടിൽ വന്നിട്ടുള്ള കുറവു പരിഹരിച്ചുകൊണ്ട് ഡി.പി.സി. അംഗീകരിച്ച മറ്റൊരു പ്രോജക്ട് നടപ്പിലാക്കി പ്രശ്നം പരിഹരിച്ചുവെന്നും അതിൻ പ്രകാരം ക്ഷീരവികസന ഓഫീസറെ സർച്ചാർജ്ജിൽനിന്നും ഒഴിവാക്കികൊണ്ട് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് തീരുമാനമെടുത്തിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

160. എൽ.എഫ്. 12689/spl.(sc) dated 29-6-2004 എന്ന ഉത്തരവു പ്രകാരം ക്ഷീരവികസന ഓഫീസറെ സർച്ചാർജ്ജിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സമിതിയെ അറിയിച്ചു. സർച്ചാർജ്ജിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിൽ സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തേണ്ട കാര്യമില്ലെന്നും റിപ്പോർട്ടിൽ വന്നതിനുശേഷം എങ്ങനെ ഒഴിവാക്കാൻ സാധിക്കുമെന്നും എസ്.പി.എ.ഒ. അഭിപ്രായപ്പെട്ടു.

161. നിയമസഭാ സമിതിയുടെ പരിഗണനയിലുള്ള ഒരു വിഷയത്തിന്മേൽ സമിതി അറിയാതെ തീരുമാനമെടുത്തത് എന്തടിസ്ഥാനത്തിലാണെന്ന് ഓഡിറ്റ് വകുപ്പിനോട് സമിതി ആരാഞ്ഞു. പ്രോജക്ടിൽ ഭരണ സമിതി മാറ്റം വരുത്തിയതിൻ പ്രകാരമാണ് നിർവ്വഹണോദ്യോഗസ്ഥൻ ചെയ്തിരിക്കുന്നതെങ്കിൽ അദ്ദേഹത്തിന് ബാദ്ധ്യത വരില്ലെന്നും അങ്ങനെ തീരുമാനിച്ചവർക്കാണ് ബാദ്ധ്യതയെന്നും സമിതി തുടർന്നഭിപ്രായപ്പെട്ടു.

162. പ്രോജക്ടിൽ മാറ്റം വരുത്തിക്കൊണ്ടുള്ള ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്, അന്നത്തെ ഭരണസമിതിയംഗങ്ങളുടെ പേരുവിവരം, ആരെങ്കിലും മേൽ തീരുമാനത്തിൽ വിയോജിപ്പു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിൽ അവരുടെ വിവരം എന്നിവ പഞ്ചായത്ത് സെക്രട്ടറി അടിയന്തരമായി സമിതിക്കു റിപ്പോർട്ടു ചെയ്യണമെന്ന് സമിതി നിർദ്ദേശിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 11-5-2010-ലെ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

163. സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിന്റെ 4-6-2003-ലെ 66-ാം നമ്പർ തീരുമാനപ്രകാരമാണ് പദ്ധതി ഭേദഗതി വരുത്തിയത് അംഗീകരിച്ചത്. അന്നത്തെ ഭരണ സമിതിയംഗങ്ങളുടെ പേരുവിവരം ചുവടെ ചേർക്കുന്നു:

(1) ശ്രീമതി നഫീസ അഹമ്മദ് കോയ

(2) ശ്രീ. എൻ. എം. വിജയൻ

(3) ശ്രീ. കെ. പി. ഉസ്മാൻ

(4) ശ്രീമതി രാധ, കെ. ബി.

(5) ശ്രീമതി രാധ വാസു

(6) ശ്രീമതി എൽസി പൗലോസ്

(7) ശ്രീ. സി. പി. കുട്ടപ്പൻ

(8) ശ്രീ. പി. എം. തോമസ്

(9) ശ്രീ. കെ. വി. മോഹനൻ

(10) ശ്രീ. സി. കെ. സഹദേവൻ

(11) ശ്രീ. നാസർ മച്ചാൻ

(12) ശ്രീമതി ഭാഗീരഥി ടീച്ചർ

(13) ശ്രീമതി വിനോദിനി ഗോവിന്ദൻ

(14) ശ്രീ. ഒ. എം. ജോർജ്

(15) ശ്രീ. കുരുടൻകണ്ടി ഇബ്രാഹിം

(16) ശ്രീ. ടി. അപ്പു

(17) ശ്രീ. വി. പി. സുഹാസ്.

164. സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോ ഭരണ സമിതി അംഗങ്ങളോ 4-6-2003-ലെ 66-ാം നമ്പർ തീരുമാനത്തിന് വിയോജിപ്പു രേഖപ്പെടുത്തിയില്ല എന്ന വിവരം അറിയിക്കുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

**165. വനിതകൾക്കുമാത്രമായി ആനുകൂല്യം നൽകുന്നതിന് അംഗീകാരം ലഭിച്ച കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതിയിൽ 7 പുരുഷ ഗുണഭോക്താക്കൾക്ക് 1,600 രൂപ വീതം ആകെ 11,200 രൂപ നൽകിയതായി സമിതി മനസ്സിലാക്കുന്നു. മതിയായ എണ്ണം വനിതാ ഗുണഭോക്താക്കളെ ലഭിക്കാത്തതിനാലാണ് പുരുഷ ഗുണഭോക്താക്കൾക്കുകൂടി ആനുകൂല്യം നൽകിയതെന്നും 2003-2004-ലെ മറ്റൊരു പദ്ധതിയിൽ വനിതകളെ ഉൾപ്പെടുത്തി ഈ കുറവ് പരിഹരിച്ചിട്ടുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്തിന്റെ വാദം അംഗീകരിക്കാനാവില്ല. ഒരിക്കൽ അംഗീകരിച്ച പദ്ധതിയിൽ മാറ്റം വരുത്തുവാൻ ഡി.പി.സി.യുടെ അംഗീകാരം ആവശ്യമാണ്. ഇക്കാര്യത്തിൽ ഡി.പി.സി.യുടെ അംഗീകാരം ലഭിച്ചിട്ടില്ല. കൂടാതെ 1999 മുതൽ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് നൽകിയ തുക തടസ്സപ്പെടുത്തിക്കൊണ്ടുള്ള ഓഡിറ്റ് പരാമർശമടങ്ങിയ ഖണ്ഡിക നിയമസഭ മുമ്പാകെ സമർപ്പിച്ച സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ വന്നതിനുശേഷം സഭാസമിതി പരിശോധനാ വിധേയമാക്കുന്നതിനുമുമ്പ് തന്നെ 4-6-2003-ലെ ഗ്രാമപഞ്ചായത്ത് ഭരണ സമിതി പരിഗണിക്കുകയും പദ്ധതിയിൽ വരുത്തിയ ഭേദഗതിക്ക് അംഗീകാരം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സർച്ചാർജ് നടപടികളിൽനിന്ന് ബന്ധപ്പെട്ടവരെ ഒഴിവാക്കുകയും ചെയ്തതായും സമിതിക്ക് ബോധ്യപ്പെട്ടു. അംഗീകരിച്ച പദ്ധതിയിൽ**

മാറ്റം വരുത്തുവാൻ തീരുമാനിച്ച തീയതി, നമ്പർ, രേഖകൾ, ഭരണസമിതി പ്രസിഡന്റ്, അംഗങ്ങൾ, വിയോജിപ്പ് രേഖപ്പെടുത്തിയവർ എന്നിവ അടങ്ങിയ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം നൽകണമെന്ന് തെളിവെടുപ്പ് വേളയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് സമിതി ആവശ്യപ്പെട്ടിരുന്നു. ഇത് സംബന്ധിച്ച് 11-5-2010-ൽ തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി നൽകിയ റിപ്പോർട്ടിൽ പദ്ധതിയിൽ മാറ്റം വരുത്തി നടപ്പിലാക്കിയ 1999-2000 കാലയളവിലെ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതല്ല എന്നും പ്രസ്തുത പദ്ധതിയിൽ ഭേദഗതിവരുത്തി ആനുകൂല്യം നൽകിയ നടപടിക്ക് 4-6-2003-ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകിയ തീരുമാനത്തിന്റെ പകർപ്പും 2003-ലെ ഭരണസമിതി പ്രസിഡന്റ്, അംഗങ്ങൾ എന്നിവരുടെ പേരുവിവരങ്ങളുമാണെന്ന് കാണുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ റിപ്പോർട്ടും ഇതേ വിധത്തിലുള്ളതാണെന്നും സമിതി മനസ്സിലാക്കുന്നു.

166. ഒരിക്കൽ അംഗീകരിച്ച പദ്ധതി മതിയായ അംഗീകാരം നേടാതെ ഭേദഗതി വരുത്തി നടപ്പിലാക്കിയ പഞ്ചായത്തിന്റെ നടപടി ഉചിതമല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. വനിതാ ഗുണഭോക്താക്കൾക്കുള്ള പദ്ധതിയിലെ ആനുകൂല്യം പുരുഷന്മാർക്ക് നൽകുവാൻ പദ്ധതി കാലയളവിലെ ഭരണസമിതി തീരുമാനമെടുത്തിട്ടുള്ള പക്ഷം ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക പലിശ സഹിതം 1999-2000 കാലയളവിലെ ഭരണ സമിതി പ്രസിഡന്റിൽനിന്നും അംഗങ്ങളിൽനിന്നും തുല്യമായി ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഭരണസമിതി തീരുമാനമില്ലാതെയാണ് സബ്സിഡി തുക ക്രമവിരുദ്ധമായി വിതരണം ചെയ്തതെങ്കിൽ ആയതിനുത്തരവാദികളായ നിർവ്വഹണോദ്യോഗസ്ഥരിൽനിന്ന് പലിശ സഹിതം ടി തുക ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. നിയമസഭയിൽ സമർപ്പിച്ച സമാഹൃത റിപ്പോർട്ടിൽ പരാമർശവിധേയമായ സംഗതി പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും ശിപാർശകളും നൽകുന്നതിനുമുള്ള അധികാരം സഭാ സമിതിക്കാണ്. ആയത് സഭാസമിതിയുടെ പ്രത്യേകാവകാശമാണെന്നിരിക്കെ സമിതി പ്രസ്തുത ഓഡിറ്റ് ഖണ്ഡികയും അതിന്മേലുള്ള ന്യൂനതാപരിഹാര നടപടി പത്രികയും പരിഗണിക്കുന്നതിനും തെളിവെടുക്കുന്നതിനുംമുമ്പേ, പദ്ധതി ഭേദഗതി വരുത്തിയതിന് 4-6-2003-ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകിയ നടപടി തികച്ചും അനുചിതമാണെന്നും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അവകാശാധികാരങ്ങൾക്ക് അതീതമായ സംഗതിയാണെന്നും ശ്രദ്ധയിൽപ്പെടുത്തുവാൻ സമിതി ആഗ്രഹിക്കുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള തീരുമാനങ്ങൾ ഉണ്ടാകരുതെന്നും ഓഡിറ്റ് റിപ്പോർട്ടുകളിലെ നടപടിക്രമങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവബോധമുള്ളവരായിരിക്കണമെന്നും അവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയെ ആവശ്യമായ സന്ദർഭങ്ങളിൽ ധരിപ്പിക്കേണ്ടതാണെന്നും സമിതി ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ ഭരണവകുപ്പ് ആവശ്യമായ നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

167. ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 4-6-2003-ൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ക്രമവിരുദ്ധമാണെന്ന് സമിതി നിരീക്ഷിക്കുന്നു.

ഇക്കാര്യത്തിലുണ്ടായ വീഴ്ചയെ സമിതി ഗൗരവമായാണ് വീക്ഷിക്കുന്നത്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ലെന്നും ഇത്തരം വീഴ്ചകൾ നിരന്തരം ഉണ്ടാകുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ടുകളും സമാഹൃത റിപ്പോർട്ടുകളും സഭയിൽ സമർപ്പിച്ച് കഴിഞ്ഞാൽ അവയിലെ ഓഡിറ്റ് ഖണ്ഡികകൾ സഭാസമിതി പരിഗണിച്ച് അന്തിമ തീരുമാനം എടുക്കുന്നതിനുമുമ്പോ ഓഡിറ്റ് ഉന്നയിക്കുന്ന ന്യൂനത പരിഹരിക്കുന്നതിനുമുമ്പോ ഓഡിറ്റ് തടസ്സം നീക്കുന്ന കീഴ്വഴക്കം അവസാനിപ്പിക്കണമെന്നും അവ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

168. സമിതി തെളിവെടുപ്പ് വേളയിൽ 1999-2000-ലെ ഭരണസമിതി പ്രസിഡന്റ്, അംഗങ്ങൾ പദ്ധതിയിലെ ഭേദഗതി സംബന്ധിച്ച വിവരങ്ങൾ എന്നിവയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 1999-2000 കാലയളവിലെ പദ്ധതി ഭേദഗതി ചെയ്ത് നടപ്പാക്കിയതിന് 2003-ലെ ഭരണസമിതി സാധൂകരണം നൽകിയ യോഗത്തിലെ വിവരങ്ങളാണ് സമിതിക്ക് നൽകിയത്. സമിതി ആവശ്യപ്പെട്ട യഥാർത്ഥ വിവരങ്ങൾ നൽകാത്ത പഞ്ചായത്തിന്റെയും സർക്കാരിന്റെയും നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. കൂടാതെ, ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകളുണ്ടാകരുതെന്നും സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ഏതെന്ന് മനസ്സിലാക്കി അവ നൽകേണ്ടതാണെന്നും സമിതി ആവശ്യപ്പെടുന്നു.

## വൈത്തിരി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ഷോപ്പിംഗ് കോംപ്ലക്സ്-വാടക ഈടാക്കിയതിൽ കുറവ്**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ നിലവിലുള്ള കൈവശക്കാർക്ക് തന്നെ 25% വാടക വർദ്ധനവോടെ 1999-2000 വർഷത്തിലും നൽകാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയുണ്ടായി. എന്നാൽ രണ്ട് കൈവശക്കാരിൽനിന്നും വർദ്ധിപ്പിച്ച നിരക്കിലുള്ള വാടക ഈടാക്കാഞ്ഞതിനാൽ പഞ്ചായത്ത് ഫണ്ടിന് 8,040 രൂപ നഷ്ടമുണ്ടായിട്ടുണ്ട്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.6(i).]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പു നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

169. ആകെ 16 മുറികളുണ്ടായിരുന്നതിൽ രണ്ടു മുറികളുടെ കൈവശക്കാരിൽ നിന്നു മാത്രമേ 25% വാടക കൂട്ടിയത് ഈടാക്കുവാൻ ബാക്കിയുള്ളൂവെന്നും കുറച്ചു തുക അടച്ചിട്ടുണ്ടെന്നും ബാക്കി 8,040 രൂപ ഈടാക്കാനായി 2-10-2009-ൽ ആർ. ആർ. നടപടിക്കു നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. സെക്രട്ടറിക്കെതിരെയുള്ള ആർ. ആർ. നടപടി ത്വരിതപ്പെടുത്തി തുക ഈടാക്കി സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

ഓഡിറ്റ് ഖണ്ഡിക

**പൊതുമരാമത്ത് പ്രവൃത്തികൾ-കൺവീനർമാർക്ക് അധികം തുക നൽകി-അംഗീകരിക്കുന്നില്ല**

1998-99-ൽ പദ്ധതിപ്പണം ഉപയോഗിച്ചു നടത്തിയ അറമല ലക്ഷംവീട് പാർശ്വ സംരക്ഷണം, കാറ്റാടിപാത്തി-കരടിവളവ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ, തളിപ്പുഴ പഞ്ചായത്ത് നഴ്സറി സ്ഥലത്ത് കിണറും പമ്പ് ഹൗസും നിർമ്മിക്കൽ എന്നീ പ്രവൃത്തി കൾക്ക് യഥാക്രമം 2,261 രൂപ, 12,535 രൂപ, 19,634 രൂപ വീതം പ്രവൃത്തിയുടെ ആകെ മൂല്യത്തെക്കാൾ അധികം നൽകിയിട്ടുണ്ട്. ഈ മൂന്ന് പ്രവൃത്തികളിലും അളവ് പുസ്തകങ്ങൾ, മൂല്യപത്രം, ഭാഗിക അളവുകളുടെ വിവരം എന്നിവ ഒന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മരാമത്ത് പണികളുടെ നിർവ്വഹണത്തിൽ പാലിക്കേണ്ട ചട്ടങ്ങൾ മറികടന്നാണ് തുക അധികമായി നൽകിയിരിക്കുന്നത്. ഈയിനത്തിൽ അധികമായി ചെലവ് ചെയ്ത 34,430 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.6(ii).]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

170. മൂന്നു പ്രവൃത്തികൾക്കായി 34,430 രൂപയാണ് അധികം ചെലവാക്കിയിരിക്കുന്ന തെന്നും ശ്രീ. ഗോപിനാഥൻ ആയിരുന്നു അന്നത്തെ സെക്രട്ടറിയെന്നും അദ്ദേഹം സർവ്വീസിലുണ്ടെന്നും അദ്ദേഹത്തിനെതിരെ റവന്യൂ റിക്കവറി നടപടിക്കു നോട്ടീസ് കൊടുത്തിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വിശദീകരണം നൽകി.

171. സർവ്വീസിലുള്ള ആളാണെങ്കിൽ എന്തിനാണ് ആർ. ആർ. നടപടിയെടുക്കു ന്നതെന്ന് സമിതി ആരാഞ്ഞു. ശ്രീ. ഗോപിനാഥൻ സെൽഫ് ഡ്രോയിംഗ് ഓഫീസർ ആയതു കാരണം പഞ്ചായത്ത് സെക്രട്ടറിയുടെ ആവശ്യപ്രകാരം ട്രഷറിവഴി റിക്കവറി നടത്താൻ സാധിക്കില്ലെന്ന് ട്രഷറിയിൽനിന്നും അറിയിച്ചതിനെ തുടർന്നാണ് ആർ. ആർ. നടപടിയെടുത്തതെന്ന് പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

172. മൂന്നു പ്രവൃത്തികൾക്കും കൂടിയുള്ള 34,430 രൂപ 12% പലിശ സഹിതം ബന്ധപ്പെട്ട സെക്രട്ടറിയുടെ ശമ്പളത്തിൽനിന്നും റിക്കവറി നടത്താൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും ഇതിലേക്കു പഞ്ചായത്ത് ഡയറക്ടർക്ക് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ഡയറക്ടർ കത്തു നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

173. മേൽ രണ്ട് ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ ശ്രീ. വി. കെ. ഗോപിനാഥനായതിനാൽ ടിയാന്റെ മേലുള്ള ബാദ്ധ്യത

19-3-2010-ലെ കത്തിൽ താഴെപ്പറയും പ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ നിശ്ചയിച്ചിരിക്കുന്നു:

| | |
|---|---|
| "ഖണ്ഡിക VII.I.12.6(i) | .. 8040 |
| ഖണ്ഡിക VII.I.12.6(ii) | .. 34430 |
| 2000 ഏപ്രിൽ മുതൽ 2009 ഡിസംബർ വരെയുള്ള 12% പലിശ | .. 49690 |
| ആകെ | 92160" |

174. നഷ്ടോത്തരവാദിയായ ശ്രീ. വി. കെ. ഗോപിനാഥൻ ഇപ്പോൾ സർവ്വീസിലുള്ള വ്യക്തിയായതിനാൽ ശമ്പളത്തിൽനിന്നും പ്രതിമാസം 2,711 രൂപവീതം 34 ഗഡുക്കളായി തുക തിരിച്ചീടാക്കാൻ പഞ്ചായത്ത് ഡയറക്ടർ തീരുമാനമെടുത്ത് ട്രഷറി വകുപ്പിനെ അറിയിച്ചിട്ടുള്ളതായി തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി കത്തുപ്രകാരം അറിയിച്ചിരിക്കുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

**175. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ടിലെ VII.I.12.6(i) & (ii) ഓഡിറ്റ് ഖണ്ഡികകളിലായി പരാമർശിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾക്ക് വാടക വർദ്ധിപ്പിച്ചതിലൂടെ ഈടാക്കേണ്ട അധിക തുക ഈടാക്കാത്തതിലൂടെ പഞ്ചായത്തിനുണ്ടായ 8,040 രൂപയുടെയും മൂന്നു പൊതുമരാമത്ത് പ്രവൃത്തികൾക്ക് പ്രവൃത്തിമൂല്യത്തേക്കാൾ അധികം നൽകിയതിലൂടെയുണ്ടായ 34,430 രൂപയുടെയും നഷ്ടത്തിന് ഉത്തരവാദി അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയാണെന്ന് തെളിവെടുപ്പിൽനിന്നും വ്യക്തമായി. പ്രസ്തുത ഉദ്യോഗസ്ഥൻ സർവ്വീസിലുണ്ടായിട്ടും നഷ്ടത്തുക റവന്യൂ റിക്കവറിയിലൂടെ ഈടാക്കുവാൻ വകുപ്പ് സ്വീകരിച്ച നടപടി ശരിയല്ലെന്നും ടി തുക 12% പലിശ സഹിതം ടിയാന്റെ ശമ്പളത്തിൽനിന്നും ഈടാക്കുവാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു. സമിതി നിർദ്ദേശിച്ചതനുസരിച്ച് പലിശത്തുക നിർണ്ണയിച്ച് പലിശസഹിതം നഷ്ടതുക ബന്ധപ്പെട്ട സെക്രട്ടറിയുടെ ശമ്പളത്തിൽനിന്നും പ്രതിമാസം 2,711 രൂപ വീതം 34 തവണകളായി (ആകെ 92,160 രൂപ) തിരിച്ചീടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം പ്രസ്തുത തുക ഈടാക്കിയതു സംബന്ധിച്ച വിശദവിവരവും നിലവിലെ സ്ഥിതിയും അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

## മേപ്പാടി ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**നെല്ലിമാളം ജലസേചന കനാൽ പ്രോജക്ട്-തുക തിരിച്ച് പിടിച്ചിട്ടില്ല**

ഈ പ്രോജക്ടിനുവേണ്ടി 1999-2000-ൽ 3,00,000 രൂപ വകയിരുത്തി പ്രവൃത്തി ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചു. പൈപ്പുകളും മറ്റ് അനുബന്ധസാമഗ്രികളും

വാങ്ങുന്നതിന് കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 2,50,535 രൂപയും കൺവീനർക്ക് 12,300 രൂപയും മുൻകൂറായി നൽകി. എന്നാൽ, പഞ്ചായത്ത് കമ്മിറ്റി ഈ പ്രവൃത്തി നടത്തേണ്ടതില്ലായെന്ന് തീരുമാനിക്കുകയും കൺവീനറുടെ പക്കൽനിന്ന് മുൻകൂർ തുക പലിശ സഹിതം തിരിച്ചു പിടിക്കുകയും ചെയ്തു. പക്ഷെ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയ തുക ഓഡിറ്റ് തീയതി വരെയും തിരികെ ലഭിച്ചിട്ടില്ല. നടപ്പാക്കാത്ത പദ്ധതിയുടെ പേരിൽ പണം പാഴാക്കിക്കളയുന്നത് തികച്ചും അനാസ്ഥയും ഉത്തരവാദിത്തരാഹിത്യവുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-2003, ഓഡിറ്റ് ഖണ്ഡിക VII.I.12.7.(i).]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

176. നെല്ലിമാളം ജലസേചന കനാൽ പ്രവൃത്തിക്ക് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയ 2,50,535 രൂപ മറ്റ് പ്രവൃത്തികളിൽ ടി കോർപ്പറേഷന് നൽകേണ്ട തുകകളിൽ അഡ്ജസ്റ്റ് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ എൽ.എഫ്.ഡബ്ല്യു.പി.3-427/04 dated 31-3-2004 നമ്പർ കത്ത് പ്രകാരം തടസ്സം ഒഴിവാക്കി നൽകിയതിനെപ്പറ്റി സമിതി ചർച്ച ചെയ്തു. 2004-ൽ ഒഴിവാക്കിയതാണെങ്കിൽ ഓഡിറ്റ് വകുപ്പ് അത് കമ്മിറ്റിയെ നേരത്തെ അറിയിക്കേണ്ട തായിരുന്നുവെന്നും കമ്മിറ്റി 2003 ആഗസ്റ്റ് മാസം നിലവിൽ വന്നിട്ടുണ്ടെന്നും സമാഹൃത റിപ്പോർട്ട് സഭയിൽ സമർപ്പിച്ചശേഷം നിയമസഭാ സമിതി അറിയാതെ ഓഡിറ്റ്ഒബ്ജക്ഷൻ ഒഴിവാക്കി നൽകാൻ പാടില്ലെന്നും സമിതി അഭിപ്രായപ്പെട്ടു.

177. 13-10-2008-ലെ L.S.N.P. 875/08 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി നൽകിയിട്ടുണ്ടെന്ന് S.P.A.O. അറിയിച്ചു. എന്നാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിക്കൊണ്ട് നൽകിയ കത്തിന്റെ പകർപ്പ് കൈവശമില്ലെന്ന് മേപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

178. സമിതിയുടെ പരിഗണനയിലുള്ള പരാമർശം എൽ.എഫ്.എ. ഡെപ്യൂട്ടി ഡയറക്ടർ ഒഴിവാക്കാനുണ്ടായ സാഹചര്യം, ആയതിന്റെ നിലവിലെ സ്ഥിതി കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനു നൽകിയ 2,50,535 രൂപ മറ്റു പ്രവൃത്തികളിൽ ടി കോർപ്പറേഷനു നൽകേണ്ട തുകകളിൽ അഡ്ജസ്റ്റു ചെയ്തിട്ടുണ്ടെങ്കിൽ അതു സംബന്ധിച്ച വിവരം എന്നിവ ലോക്കൽ ഫണ്ട് ഓഡിറ്റു വകുപ്പ് ഡയറക്ടർ പരിശോധിച്ച് സമിതിക്കു റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

179. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ വിശദീകരണ റിപ്പോർട്ടിൽ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് അധികം നൽകിയ 2,50,535 രൂപ ടി സ്ഥാപന ത്തിന് മറ്റു പ്രവൃത്തികളിൽ നൽകേണ്ട തുകകളിൽ കുറവു വരുത്തിയതായി കണ്ടെത്തി യതിനാലാണ് ഖണ്ഡിക ഒഴിവാക്കിയതെന്നും ഇതിന്മേൽ സമിതിക്ക് ശിപാർശ ചെയ്യുന്നതിനുപകരം തടസ്സം ഒഴിവാക്കിക്കൊണ്ട് റിപ്പോർട്ട് പുറപ്പെടുവിച്ചത് സമിതി രൂപീകരിച്ച കാലഘട്ടത്തിലെ ആശയക്കുഴപ്പവും അശ്രദ്ധയും മൂലമാണെന്നും ആയത് ക്ഷമിക്കണമെന്നും അഭ്യർത്ഥിച്ചിരിക്കുന്നു.

180. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ വിശദീകരണ റിപ്പോർട്ട് 17-8-2010-ലെ യോഗത്തിൽ പരിശോധിച്ച് ബോദ്ധ്യപ്പെട്ടതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തു.

**നിഗമനങ്ങൾ/ശിപാർശകൾ**

**181. നെല്ലിമാളം ജലസേചന കനാൽ പ്രോജക്ടിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയ 2,50,535 രൂപ ടി സ്ഥാപനത്തിന് മറ്റു പ്രവൃത്തികളിൽ നൽകേണ്ട തുകകളിൽ കുറവ് ചെയ്തിട്ടുള്ളതായി സർക്കാർ മറുപടിയിൽനിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽനിന്നും സമിതിക്ക് ബോദ്ധ്യമായി. എന്നാൽ, സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക സമിതി പരിഗണിക്കുന്നതിനുമുമ്പ് ഓഡിറ്റ് തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ നടപടി, നടപടിക്രമങ്ങളുടെ ലംഘനമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. എന്നാൽ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി രൂപീകൃതമായ പ്രാരംഭദശയിലെ ആശയക്കുഴപ്പം മൂലമാണ് ആയത് സംഭവിച്ചതെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അനന്തര നടപടികളൊന്നും സ്വീകരിക്കേണ്ടതില്ലെന്നും ഓഡിറ്റ് തടസ്സം ഒഴിവാക്കിയത് സാധൂകരിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**J. G. S. Y. പ്രവൃത്തി-ആരംഭിച്ചിട്ടില്ല**

J. G. S. Y. ഫണ്ട് ഉപയോഗിച്ച് മേപ്പാടി എ. ആർ. പോലീസ് ക്യാമ്പിന് സമീപം ആദിവാസി കോളനിയിലെ തടയണ നിർമ്മിക്കുന്നതിനായി കൺവീനർക്ക് 31-3-2000-ൽ 12,500 രൂപ നൽകിയിട്ടുണ്ട്. എന്നാൽ 2 വർഷങ്ങൾക്കുശേഷവും ടി പണി പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ 12,500 രൂപ ഈടാക്കുന്ന തീയതി വരെയുള്ള പിഴപ്പലിശ സഹിതം ടിയാനിൽനിന്നും വസൂൽ ചെയ്ത് നഷ്ടം നികത്തേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.7.(ii)]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

182. ജെ.ജി.എസ്.വൈ. ഫണ്ട് ഉപയോഗിച്ച് ആദിവാസി കോളനിയിൽ തടയണ നിർമ്മിക്കുന്നതിനായി 12,500 രൂപ കൺവീനർക്ക് മുൻകൂർ നൽകിയിട്ട് പ്രവൃത്തി ആരംഭിക്കാത്തതിനെപ്പറ്റിയും തുക ഈടാക്കാൻ സ്വീകരിച്ച നടപടിയെപ്പറ്റിയും സമിതി ആരാഞ്ഞു.

183. റവന്യൂ റിക്കവറി നടപടികൾ തുടങ്ങിയിട്ടുണ്ടെന്ന് മേപ്പാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കൺവീനറായിരുന്ന ശ്രീ. വെളുക്കന് കത്തയച്ചതിന്, തടയണ നിർമ്മാണം തടസ്സപ്പെട്ടതിന് താൻ ഉത്തരവാദിയല്ലെന്നും പ്രവൃത്തി നടത്താൻ പറ്റില്ല എന്നും കാണിച്ചുള്ള മറുപടിയാണു നൽകിയതെന്നും അദ്ദേഹം ജീവിച്ചിരിപ്പുണ്ട് എന്നും സെക്രട്ടറി തുടർന്നറിയിച്ചു.

184. പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് അന്നത്തെ നിർവ്വഹണോദ്യോഗസ്ഥനായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. പി. ആർ. അഗസ്റ്റിനിൽനിന്നും തുക ഈടാക്കാനായി ആർ. ആർ. നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. മുൻകൂർ നൽകിയ തുക പലിശ സഹിതം ഈടാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 19-3-2010-ലെ കത്തുപ്രകാരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

185. "ജെ.ജി.എസ്.വൈ. പ്രവൃത്തി കൺവീനർക്ക് അധികം നൽകിയ 12,500 രൂപ പിഴപ്പലിശ സഹിതം റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി 6-11-2009-ലെ 142/09 നമ്പർ പ്രകാരം തീരുമാനമെടുക്കുകയും അതുപ്രകാരം പ്രവൃത്തിയുടെ കൺവീനറായ ശ്രീ. വെളുക്കനിൽനിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളുന്നതിന് സെക്രട്ടറിയുടെ 6-11-2009-ലെ എ 5-386/09 നമ്പർ കത്ത് പ്രകാരം അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ മറ്റു രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല".

## നിഗമനങ്ങൾ/ശിപാർശകൾ

186. **ജെ.ജി.എസ്.വൈ. പദ്ധതി പ്രകാരം കൺവീനർക്ക് മുൻകൂറായി നൽകിയ 12,500 രൂപ കൺവീനറിൽനിന്നും ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് 18-1-2008-ലെ ജെ 4-463/97 നമ്പർ കത്ത് പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതായാണ് ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാരിൽനിന്നും ലഭിച്ച ന്യൂനതാ പരിഹാര നടപടി പത്രികയിൽ പരാമർശിച്ചിട്ടുള്ളത്. പ്രസ്തുത പത്രികയിൽ കൺവീനറുടെ പേര് ശ്രീ. പി. ആർ. അഗസ്റ്റിൻ എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ, തെളിവെടുപ്പ് വേളയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ ശ്രീ. പി. ആർ. അഗസ്റ്റിൻ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറാണെന്ന് പറയുന്നു. മുൻകൂർ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടെങ്കിലും യാതൊരു റിപ്പോർട്ടും ഗ്രാമപഞ്ചായത്തു സെക്രട്ടറിയിൽ നിന്നോ സർക്കാരിൽ നിന്നോ നാളിതുവരെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ റിപ്പോർട്ടിൽ, പഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം, അധികം നൽകിയ തുക തിരിച്ച് പിടിക്കുന്നതിന് കൺവീനറായ ശ്രീ. വെളുക്കന്റെ പേരിൽ റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളുന്നതിന് 6-11-2009-ലെ എ 5-386/09-ാം നമ്പർ കത്തുമുഖേന അപേക്ഷിച്ചിട്ടുണ്ട് എന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല എന്നും പറഞ്ഞിരിക്കുന്നു.**

187. **ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ച തുക തിരികെ ഈടാക്കുന്നതിനു റവന്യൂ റിക്കവറി നടപടി ആവശ്യപ്പെട്ട് വയനാട് ജില്ലാ കളക്ടർക്ക് അയച്ച 18-1-2008-ലെ കത്തിൽ കൺവീനറുടെ പേരിനുപകരം നിർവ്വഹണോദ്യോഗസ്ഥന്റെ പേര് കടന്നുകൂടിയതെങ്ങനെയെന്നും പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച അനന്തര**

**നടപടിയെന്താണെന്നും ഇത്തരമൊരു വീഴ്ച സംഭവിച്ചതിന് ഉത്തരവാദി ആരെന്നും അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ആവശ്യപ്പെടുന്നു. പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം 6-11-2009-ലെ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിക്ക് അപേക്ഷിച്ചിട്ടുണ്ട് എന്ന് പരാമർശിക്കുന്നതല്ലാതെ പ്രസ്തുത അപേക്ഷ ആർക്കാണ് സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ 18-1-2008-ലെ റവന്യൂ റിക്കവറി ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു കത്ത് ജില്ലാ കളക്ടർക്ക് അയച്ചതിനുശേഷം 6-11-2009-ൽ പഞ്ചായത്ത് ഭരണസമിതി വീണ്ടും ഒരു തീരുമാനമെടുത്ത് മറ്റൊരു അപേക്ഷ കൂടി പുതിയതായി സമർപ്പിച്ചതിന്റെ കാരണവും വിശദാംശങ്ങളും റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച് റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു.**

## പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**മണൽ ലേലത്തുക ഈടാക്കിയിട്ടില്ല**

പഞ്ചായത്തിന്റെ അധീനതയിലുള്ള 6 കടവുകളിൽ നിന്നായി 1997-98 വർഷം മൊത്തം 53,750 രൂപ മണൽലേലത്തുകയായി ഈടാക്കാനുണ്ട്. ഈ തുക ഈടാക്കുന്നതിന് 3/2002 വരെ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. ലേല നിബന്ധനകൾ പ്രകാരം ടി കടവുകൾ ലേലം കൊണ്ടവരിൽനിന്നും 10,000 രൂപ വീതം നിരതദ്രവ്യം വാങ്ങുകയോ കരാറുടമ്പടി ഉണ്ടാക്കുകയോ ചെയ്തിട്ടില്ല. കരാർ ഉടമ്പടിയുടെ അഭാവത്തിൽ ലേലക്കാർക്കെതിരെ നിയമ നടപടികൾക്ക് സാദ്ധ്യത കാണുന്നില്ല. ഇത്തരത്തിൽ ലേലം കൊണ്ടവരുമായി കരാർ ഉടമ്പടി വയ്ക്കാതെയും നിരതദ്രവ്യം ഈടാക്കാതെയും പഞ്ചായത്തിന് 53,750 രൂപ നഷ്ടമുണ്ടാക്കിയത് അന്നത്തെ സെക്രട്ടറിയും ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കുമാണെന്ന് വിശദീകരണം ലഭിച്ചിട്ടുണ്ട്. ആയതിനാൽ 53,750 രൂപ ഈടാക്കുന്ന തീയതി വരെയുള്ള പിഴപ്പലിശ സഹിതം ടി കക്ഷികളിൽനിന്നും വസൂൽ ചെയ്ത് നഷ്ടം നികത്താവുന്നതാണ്.

ലേല വ്യവസ്ഥകളിന്മേലുള്ള മൃദുസമീപനം മൂലമുള്ള നഷ്ടങ്ങൾ ഭാവിയിൽ ഉണ്ടാകാതിരിക്കുന്നതിന് പഞ്ചായത്ത് അധികാരികൾ ശ്രദ്ധിക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.8.(ii)]

&

**മണൽ ലേലത്തുക ഈടാക്കിയില്ല**

**[1997-98 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 27]**

മണൽ ലേലത്തുക 53,750 രൂപ ഈടാക്കിയില്ല. 1997-98-ൽ ലേലംകൊണ്ട ആറ് പേരിൽ നിന്നാണ് തുക ഈടാക്കേണ്ടിയിരുന്നത്. ലേലനിബന്ധന പ്രകാരം

ഇവരുമായി കരാർ ചമച്ച് നിരതദ്രവ്യം-10,000 രൂപ വീതം ഈടാക്കിയിട്ടില്ല. ആയതിനാൽ നിയമനനടപടിക്ക് സാദ്ധ്യതയില്ല. തുക ഉത്തരവാദിയായ സെക്രട്ടറിയിൽനിന്നും ഈടാക്കേണ്ടതാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഖണ്ഡിക 3-12-2.]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

188. മണൽ ലേലത്തുകയായി 53,750 രൂപ ഈടാക്കാനുള്ളതിനെപ്പറ്റി സമിതി ചർച്ച ചെയ്തു. നിബന്ധനപ്രകാരം 10,000 രൂപ വീതം ലേലം കൊണ്ടവരിൽനിന്നും നിരതദ്രവ്യം വാങ്ങേണ്ടത് വാങ്ങിയിട്ടില്ലെന്നും കരാർ ഉടമ്പടി ഉണ്ടാക്കിയില്ലാത്തതിനാൽ അവർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ പറ്റില്ലെന്നും സമിതി വിലയിരുത്തി.

189. പരാമർശ വിധേയനായ മുൻ സെക്രട്ടറി ശ്രീ. എം. പി. ശ്രീധരനോട് സമിതി വിശദാംശങ്ങൾ ആരാഞ്ഞു. മണൽ വാരുന്നത് നിരോധിക്കാൻ കക്ഷികൾക്ക് നോട്ടീസ് കൊടുക്കുകയും നേരിട്ട് പറയുകയും ചെയ്തുവെന്നും എഗ്രിമെന്റു വയ്ക്കാൻ പലപ്രാവശ്യം അറിയിപ്പു കൊടുത്തെങ്കിലും കക്ഷികൾ ഹാജരായില്ലെന്നും മുൻസെക്രട്ടറി മറുപടി പറഞ്ഞു.

190. കൂടാതെ, സെക്ഷൻ ക്ലാർക്ക് വേണ്ടവിധം പ്രവർത്തിച്ചില്ലെന്നും ജോലിത്തിരക്കുമൂലം എല്ലാ കാര്യങ്ങളും ചെയ്യുവാൻ തനിക്കു കഴിഞ്ഞില്ലെന്നും മുൻ സെക്രട്ടറി തുടർന്നറിയിച്ചു. പഞ്ചായത്തിനു കിട്ടുവാനുള്ള തുക ഈടാക്കാൻ അഞ്ചുവർഷം കാലതാമസം വരുത്തിയ പഞ്ചായത്ത് വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർമാരോടും വകുപ്പുതല വിശദീകരണം തേടണമെന്ന് സമിതി നിർദ്ദേശിച്ചു.

191. 10,000 രൂപ നിരതദ്രവ്യം അടയ്ക്കാഞ്ഞതിനെപ്പറ്റി സമിതി ആരാഞ്ഞു. അതിൽ കൂടുതൽ തുക കടവിൽനിന്നും ലേലമായി കിട്ടിയിട്ടുണ്ടെന്ന് മുൻ സെക്രട്ടറി മറുപടി നൽകി.

192. മുൻ സെക്രട്ടറിയുടെ ഗ്രാറ്റുവിറ്റിയും മറ്റാനുകൂല്യങ്ങളും നൽകിയിട്ടില്ലെന്നും ആർ. ആർ. നടപടികൾ തുടരുകയാണെന്നും ഇപ്പോഴത്തെ സെക്രട്ടറി സമിതിയെ ധരിപ്പിച്ചു. ആനുകൂല്യങ്ങൾ എല്ലാം കൂടി 1,48,000 രൂപയുണ്ടെന്ന് സമിതിയുടെ ചോദ്യത്തിന് മുൻ സെക്രട്ടറി മറുപടി നൽകി.

193. ശ്രീ. എം. പി. ശ്രീധരന്റെ പേരിൽ വേറെയും ബാദ്ധ്യതകളുള്ളതിനാൽ ഡി.സി.ആർ.ജി. തികയില്ലെന്നും ഡി.സി.ആർ.ജി.യിൽനിന്നും ബാദ്ധ്യത തുക ഈടാക്കിയ ശേഷം ബാക്കി തുകയേ കൊടുക്കാവൂ എന്നും സമിതി നിർദ്ദേശിച്ചു.

194. ബാദ്ധ്യത തുക ഉത്തരവാദിയായ മുൻ സെക്രട്ടറി ശ്രീ. എം. പി. ശ്രീധരന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്നും ഇതു സംബന്ധിച്ച് കാസർഗോഡ് ഡി.ഡി.പി.യ്ക്ക് 5-6-2004-ന് കത്തയച്ചതിനുശേഷം ടി ഓഫീസിൽ വർക്കു ചെയ്തിരുന്ന ഡി.ഡി.പി.മാർ പ്രസ്തുത തുക

ഈടാക്കുന്നതിനു നടപടി സ്വീകരിക്കാതിരുന്നതു സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി നടപടി സ്വീകരിച്ച് ഒരു മാസത്തിനകം സമിതിക്കു റിപ്പോർട്ടു നൽകണമെന്നും ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 19-3-2010-ൽ ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

195. "31-5-2002-ന് ശ്രീ. എം. പി. ശ്രീധരൻ സർവ്വീസിൽനിന്നും വിരമിക്കുകയും കാസർഗോഡ് ഡി.ഡി.പി. മുഴുവൻ ഡി.സി.ആർ.ജി.യും അദ്ദേഹത്തിന് അനുവദിക്കുകയും ചെയ്തു. അതിനാൽ പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്ത് അധികൃതർ ടിയാനെതിരെ 53,750 രൂപ 18% പലിശയടക്കം ഈടാക്കുന്നതിനായി റവന്യൂ റിക്കവറിക്ക് ശിപാർശ ചെയ്യുകയും ആയതിൻപ്രകാരം ഈടാക്കിയ തുക 53,750 രൂപയ്ക്കുള്ള ഡി.ഡി. വടകര തഹസിൽദാരിൽനിന്ന് കൈപ്പറ്റുകയും പഞ്ചായത്ത് രസീത് നമ്പർ 61771/48/14-1-2010, 61771/49/14-1-2010 എന്നിവ പ്രകാരം പഞ്ചായത്തിൽ അടവു വരുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 18% പിഴപ്പലിശ റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയിട്ടില്ല".

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

196. "മണൽലേലത്തുക ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ ബാദ്ധ്യത തുക മുൻസെക്രട്ടറിയായ ശ്രീ. എം. പി. ശ്രീധരനിൽ നിന്നും റവന്യൂ റിക്കവറി നടപടി മുഖേന ഈടാക്കിയിട്ടുണ്ട്. ബാദ്ധ്യത തുകയായ 53,750 രൂപ വടകര തഹസിൽദാർ മുഖേന പഞ്ചായത്ത് ഫണ്ടിൽ ഒടുക്കു വരുത്തിയിട്ടുണ്ട്. ആയത് 14-1-2010-ലെ 61771/48, 61771/49 നമ്പർ രസീതുകൾ പ്രകാരം പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവു വന്നിട്ടുണ്ട്. ടി തുകയുടെ 17-10-2002 മുതലുള്ള 18% പിഴപ്പലിശ 69,660 രൂപയാണ്. റവന്യൂ റിക്കവറി നടപടിയിലൂടെ 8-2-2011-ൽ ഡി.ഡി. നമ്പർ 915386 പ്രകാരം 50,000 രൂപയും 22-3-2011-ലെ ഡി.ഡി. നമ്പർ 102610 പ്രകാരം 19,660 രൂപയും ഉൾപ്പെടെ 69,660 രൂപ ഈടാക്കി പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്. നടപടി സ്വീകരിക്കാതിരുന്ന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ ശ്രീ. എസ്. പി. രാജൻ, ശ്രീ. എം. വി. കരുണാകരൻ, ശ്രീ. പി. റ്റി. ബാലൻ, ശ്രീ. കെ. റ്റി. അയ്യപ്പൻ, ശ്രീ. അലക്സ് കെ. തോമസ്, ശ്രീമതി കെ. വിജയ, ശ്രീമതി പി. സി. ശാന്ത, ശ്രീ. എൻ. സൂരാജ് എന്നിവരാണെന്നും ഇവരെല്ലാവരും സേവനത്തിൽനിന്നും വിരമിച്ചു കഴിഞ്ഞുവെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരെല്ലാം തീരെചെറിയ കാലയളവുകളിലാണ് ഈ തസ്തികകളുടെ ചുമതല വഹിച്ചിരുന്നത്. കൂടാതെ, എല്ലാവരും വിരമിച്ച സാഹചര്യത്തിൽ വകുപ്പുതല നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുമില്ല എന്ന വിവരം നിയമസഭാ സമിതിയെ അറിയിക്കുന്നു".

197. ഇതു സംബന്ധിച്ച ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ലഭ്യമാക്കിയ കുറിപ്പിൽ, മുൻ സെക്രട്ടറി ശ്രീ. എം. പി. ശ്രീധരന്റെ ഡി.സി.ആർ.ജി.യിൽനിന്നും ബാദ്ധ്യത തുകയായ 53,750 രൂപയും ടി തുകയുടെ 17-10-2002 മുതലുള്ള പലിശയായ 69,660 രൂപ രസീത് നമ്പർ 23647/72 തീയതി 24-12-2011 പ്രകാരം 50,000 രൂപയും രസീത് നമ്പർ 60284/59 തീയതി 31-3-2011 പ്രകാരം 19,660 രൂപയും റവന്യൂ റിക്കവറിയിലൂടെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്.

**നിഗമനങ്ങൾ/ശിപാർശകൾ**

198. **മണൽ ലേലത്തുക ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ മുൻ സെക്രട്ടറി ശ്രീ. എം. പി. ശ്രീധരനിൽനിന്നും ഈടാക്കുവാനുള്ള 53,750 രൂപയും പലിശയിനത്തിലുള്ള 69,660 രൂപയും ടിയാന്റെ ഡി.സി.ആർ.ജി.യിൽനിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടച്ചതായുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

199. **ഓഡിറ്റ് പരാമർശത്തിന്മേൽ തുക ഈടാക്കുന്നതു സംബന്ധിച്ച് 5-6-2004-ലെ കത്ത് കാസറഗോഡ് ഡി.ഡി.പി.ക്ക് ലഭിച്ചതു മുതൽ തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കാതിരുന്നത് സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. ആയതിനാൽ, പ്രസ്തുത കത്തു ലഭിച്ചതിനുശേഷം സമിതി യോഗം ചേർന്ന 2009 നവംബർ 17വരെ ചുമതലയുണ്ടായിരുന്ന ബന്ധപ്പെട്ട ഡി.ഡി.പി. മാർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി നടപടി സ്വീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകണമെന്ന് തെളിവെടുപ്പ് യോഗത്തിൽ സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ യഥാസമയം നടപടി സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥരെല്ലാം വിരമിച്ചതിനാൽ വകുപ്പുതലനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് സർക്കാർ അറിയിച്ചിരിക്കുന്നു. 5-6-2004-ലെ കത്ത് പ്രകാരം തുക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ഡി.ഡി.പി.മാർക്കെതിരെ സമയബന്ധിതമായി വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാതിരുന്നത് ഭരണവകുപ്പിന്റെ അനാസ്ഥയായി സമിതി വിലയിരുത്തുന്നു. ഇത്തരം നടപടികൾ ഭാവിയിൽ ആവർത്തിക്കരുതെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പദ്ധതി നിർവ്വഹണം-എഞ്ചിനീയർമാർക്കുള്ള പ്രതിഫലം-അധികം നൽകി**

18 പൊതുമരാമത്ത് പ്രവൃത്തികളുടെ സൂപ്പർവിഷൻ, അളവെടുക്കൽ, ബിൽ തയ്യാറാക്കൽ തുടങ്ങിയ ജോലികൾക്ക് ആകെ എസ്റ്റിമേറ്റ് തുകയായ 20,70,520 രൂപയുടെ 1.5% ആയ 31,058 രൂപ കുറ്റ്യാടി ഓഗ്മെന്റേഷൻ സ്കീമിലെ അസി. എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർക്ക് 0.75% മാത്രമാണ് അർഹത എന്നിരിക്കെ അധികമായി നൽകിയ 15,529 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2002-03, ഓഡിറ്റ് ഖണ്ഡിക VII.I.12.8.(iii)]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

200. അധികം നൽകിയ 15,529 രൂപ എഞ്ചിനീയർമാർ തിരിച്ചടച്ചിട്ടുണ്ടെന്ന് പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തിരിച്ചടച്ചതിന്റെ

രേഖകൾ ഓഡിറ്റ് വകുപ്പിനു സമർപ്പിക്കണമെന്നും ഓഡിറ്റ് വകുപ്പ് പരിശോധിച്ചു ബോദ്ധ്യപ്പെട്ടതിന്റെ റിപ്പോർട്ട് സമിതിക്കു ലഭ്യമാക്കുന്നപക്ഷം പരാമർശം ഒഴിവാക്കാമെന്നും സമിതി തീരുമാനിച്ചു.

ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 19-3-2010-ലെ കത്ത് മുഖാന്തിരം ലഭ്യമാക്കിയ അധികവിവരം ചുവടെ ചേർക്കുന്നു:

201. "1997-98 ഓഡിറ്റ് റിപ്പോർട്ട് പാര 37(1) പ്രകാരം അസി. എഞ്ചിനീയർ ശ്രീ. സി. അബ്ദുൾ റഹീമിന് നൽകിയ 31,058 രൂപയിൽ ഓഡിറ്റ് നിരാകരിച്ച 15,529 രൂപ താഴെപ്പറയുന്ന രസീത് പ്രകാരം തിരിച്ചടച്ചിട്ടുണ്ട്:

രസീത് നമ്പർ 14889/71/7-6-2003 .. രൂപ 10,350

രസീത് നമ്പർ 14893/14/26-8-2003 .. രൂപ 5,179

ഓഡിറ്റ് പാര 37(2) പ്രകാരം ഓഡിറ്റ് നിരാകരിച്ച 6,471 രൂപ അസി. എക്സി. എഞ്ചിനീയർ രസീത് നമ്പർ 14889/59/5-6-2003 പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

കളക്ഷൻ ബുക്കും ക്യാഷ് ബുക്കും ഹാജരാക്കാത്തതുമൂലം അതുമായി ഒത്തുനോക്കാൻ സാധിച്ചിട്ടില്ല.

മൂന്നു രസീതുകളും 30-7-2007-നും 31-7-2007-നും ഡെപ്യൂട്ടി ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ് പരിശോധിച്ചിട്ടുണ്ട്".

**നിഗമനങ്ങൾ/ശിപാർശകൾ**

202. **ഓഡിറ്റ് നിരാകരിച്ച തുക തിരിച്ചടച്ചതിന്റെ രസീത് ഹാജരാക്കിയെങ്കിലും കളക്ഷൻ ബുക്കും ക്യാഷ്ബുക്കും ഹാജരാക്കാത്തതിനാൽ ഒത്തു നോക്കാൻ സാധിച്ചിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത ബുക്കുകൾ അടിയന്തരമായി ഓഡിറ്റിന്റെ പരിശോധനയ്ക്കു വിധേയമാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## അമ്പലവയൽ ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**മരാമത്ത് പണികൾക്ക് അധിക ചെലവ്**

**[ഓഡിറ്റ് റിപ്പോർട്ട് 1999-2000; ഖണ്ഡിക 33, 35, 37, 38, 40]**

(1) നെല്ലാർച്ചാൽ ടൗൺ, കോളനി റോഡുകളുടെ ടാറിംഗിന് പഞ്ചായത്ത് ടാർ വാങ്ങി നൽകിയിരുന്നു. എന്നാൽ ടാറിന്റെ വില വ്യത്യാസമായി കൺവീനർമാർക്ക് 18,348 രൂപ നൽകി. ഇത് ഓഡിറ്റിൽ നിരാകരിക്കുന്നു.

(2) മഞ്ഞപ്പാറ-നെല്ലാറച്ചാൽ റോഡ് ടാറിംഗിന്റെ ആകെ മൂല്യം 2,79,543 രൂപയാണ്. എന്നാൽ വൗച്ചറുകൾ പ്രകാരം 3,19,902 രൂപ കൺവീനർക്ക് നൽകി. അധികം നൽകിയത് 40,359 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

(3) 2,86,361 രൂപ ആകെ മൂല്യം കണക്കാക്കിയ കാട്ടിക്കൊല്ലി-കടൽമാട് റോഡ് ടാറിംഗിന് 3,25,000 രൂപ കൺവീനർക്ക് നൽകി. 'അധികം നൽകിയത് 38,639 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

(4) പുറ്റാട്-കരിങ്ങലോട് റോഡ് പണിയുടെ ആകെ മൂല്യം 2,82,322 രൂപയാണെങ്കിലും 2,94,191 രൂപ കൺവീനർക്ക് നൽകിയിട്ടുണ്ട്. അധികം നൽകിയത് 11,869 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

മേൽ ഇനങ്ങളിൽ ആകെ അധികം നൽകിയ 1,09,185 രൂപ തിരിച്ച് ഈടാക്കേണ്ട താണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2003-04, ഓഡിറ്റ് ഖണ്ഡിക 3.12.1.]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

203. നെല്ലാർച്ചാർ-ടൗൺ കോളനി റോഡ്, മഞ്ഞപ്പാറ-നെല്ലാർച്ചാർ റോഡ്, കാട്ടിക്കൊല്ലി-കടൽമാട് റോഡ്, പുറ്റാട്-കരിങ്ങലോട് റോഡ് എന്നീ മരാമത്തു പണികൾക്കായി യഥാക്രമം 18,348 രൂപ 40,329 രൂപ 38,639 രൂപ 11,869 രൂപ എന്നിങ്ങനെ ആകെ 1,09,185 രൂപ കൺവീനർക്ക് അധികം നൽകിയതിനെപ്പറ്റിയും തുടർനടപടികളെ പറ്റിയും സമിതി ആരാഞ്ഞു.

204. റവന്യൂ റിക്കവറി നടപടികൾ തുടങ്ങിയെന്നും അധികം പണം കൈപ്പറ്റിയ കൺവീനർമാർക്കെതിരായാണ് നടപടികളെന്നും മുൻ സെക്രട്ടറി ശ്രീ. യു. കെ. ശശീന്ദ്രനാണ് തുക നൽകിയതെന്നും അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

205. മുൻ സെക്രട്ടറിയോട് സമിതി വിശദീകരണം ആരാഞ്ഞു. ജനകീയാസൂത്രണ ത്തിന്റെ പ്രാരംഭഘട്ടമായിരുന്നതിനാൽ പോരായ്മകളുണ്ടായിട്ടുണ്ടെന്നും എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തിയ തുകയ്ക്കാണ് അനുമതി നൽകിയതെന്നും മുൻസെക്രട്ടറി സമിതിയിൽ വിശദീകരണം നൽകി. മാർക്കറ്റ് വിലയും എസ്റ്റിമേറ്റ് വിലയും തമ്മിലുള്ള വ്യത്യാസമാണെന്നും മാർക്കറ്റ് വില കൂടുതലായിരുന്നുവെന്നും പ്രവൃത്തി കൺവീനർ വർക്ക് ആയിരുന്നുവെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

206. 15 ലക്ഷം രൂപയിൽ താഴെയുള്ള വർക്കുകൾക്ക് പഞ്ചായത്തുകൾ തന്നെ ടാർ വാങ്ങി നൽകണമെന്ന് അക്കാലത്ത് നിർദ്ദേശമുണ്ടായിരുന്നെന്ന് സമിതി ഈയവസര ത്തിൽ അറിയിച്ചു. പഞ്ചായത്താണ് ടാർ വാങ്ങി നൽകിയതെങ്കിൽ കൺവീനർക്ക് അധികം തുക നൽകിയതെന്തിനാണെന്ന് വ്യക്തമല്ലെന്ന് സമിതി ചൂണ്ടിക്കാട്ടി.

207. എസ്റ്റിമേറ്റിൽ ഉള്ള ടാറിന്റെ വില യഥാർത്ഥ വിലയേക്കാൾ കുറവാണെങ്കിൽ കൂടുതൽ തുകയ്ക്ക് ടാർ വാങ്ങി കൺവീനർക്ക് ഇഷ്യൂ ചെയ്തിട്ട് ബാക്കി തുക കൺവീനറിൽനിന്നും തിരിച്ചുപിടിക്കണമെന്ന് സമിതി അഭിപ്രായപ്പെട്ടു.

208. തുക തിരിച്ചുപിടിച്ചപ്പോൾ എസ്റ്റിമേറ്റു തുക മാത്രമേ തിരിച്ച് പിടിച്ചിട്ടുണ്ടാകൂ എന്നും ഈ ഒബ്ജക്ഷൻ ശരിയല്ലെന്നും എസ്റ്റിമേറ്റ് മാർക്കറ്റ് വിലയ്ക്കനുസരിച്ച് റിവൈസ് ചെയ്യണമായിരുന്നുവെന്നും എസ്.പി.എ.ഒ. സമിതിയിൽ വ്യക്തമാക്കി.

209. ടാർ സപ്ലൈ ചെയ്തതിനുശേഷമല്ലേ കൺവീനർമാരെക്കൊണ്ടു വർക്കു ചെയ്യിക്കുകയുള്ളൂ എന്ന് സമിതി ആരാഞ്ഞു. ടാറിന്റെ വില റിക്കവറി തുകയായിട്ടായിരിക്കും കാണിക്കുകയെന്നും എസ്റ്റിമേറ്റ്, മാർക്കറ്റ് വിലയ്ക്കനുസരിച്ച് ഉയർത്താത്തതുകൊണ്ടാണ് അവ്യക്തത ഉണ്ടായതെന്നും എസ്.പി.എ.ഒ. സമിതിയെ അറിയിച്ചു.

210. എസ്റ്റിമേറ്റിൽ അംഗീകരിച്ച തുക കൊടുക്കുക പഞ്ചായത്തിന്റെ ഉത്തരവാദിത്വ മാണെന്നും എഗ്രിമെന്റ് പരിശോധിച്ചിട്ടാണോ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കിയതെന്നും സമിതി ആരാഞ്ഞു. 1999-2000-ലെ ഉത്തരവു പ്രകാരം ആ വർഷത്തെ പ്രവൃത്തി കൾക്ക് ടാർ വാങ്ങി നൽകാൻ സർക്കാർ അനുമതി നൽകിയിരുന്നില്ലെന്നും പിന്നീടുള്ള ഉത്തരവുകൾ പ്രകാരം ടാറിന്റെ വില നൽകാൻ സർക്കാർ അനുമതി നൽകിയെങ്കിലും അത് 2000-2001 വർഷത്തെ പ്രവൃത്തികൾക്കാണ് ബാധകമാകുന്നതെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ജോയിന്റ് ഡയറക്ടർ സമിതിയിൽ വിശദീകരിച്ചു.

211. ഗവൺമെന്റ് അനുമതിയില്ലാതെ പഞ്ചായത്തു ടാർ വാങ്ങി നൽകിയതാണോ ഓഡിറ്റുനിരാകരണത്തിന് കാരണമെന്ന് സമിതി ആരാഞ്ഞു. അനുമതിയില്ലാതെ ടാർ വാങ്ങുകയും അധികരിച്ച് തുകയാവുകയും ചെയ്തിട്ടുണ്ടെന്നും ജോയിന്റ് ഡയറക്ടർ മറുപടി നൽകി.

212. രേഖയിൽ സെക്രട്ടറി ടാർ വാങ്ങി നൽകിയെന്നാണ് കാണുന്നതെന്നും കൺവീനറാണെങ്കിൽ രണ്ട് തടസ്സങ്ങൾ വരുമായിരുന്നുവെന്നും ജോയിന്റ് ഡയറക്ടർ തുടർന്നറിയിച്ചു.

213. പഞ്ചായത്തിന് ടാർ വാങ്ങി നൽകാൻ അനുമതിയില്ലാത്ത സാഹചര്യത്തിൽ കൺവീനർ ടാർ വാങ്ങുമ്പോൾ മാർക്കറ്റ് റേറ്റിലല്ലാതെ വാങ്ങാൻ സാധിക്കുമോ എന്ന് എസ്.പി.എ.ഒ. സമിതിയിൽ സന്ദേഹം പ്രകടിപ്പിച്ചു.

214. പ്രസ്തുത പരാമർശത്തെ സംബന്ധിച്ച് പെർഫോമൻസ് ഓഡിറ്റ് വിഭാഗം പരിശോധിച്ച് നിജസ്ഥിതി എന്താണെന്നുള്ള വിശദമായ റിപ്പോർട്ട് സമിതിക്കു നൽകണ മെന്നും അതനുസരിച്ച് നടപടി സ്വീകരിക്കാമെന്നും സമിതി നിർദ്ദേശം നൽകി.

215. പരാമർശ വിഷയത്തിൽ സ്വീകരിച്ച തുടർനടപടികളെ സംബന്ധിച്ച് പ്രാദേശിക പരിശോധന നടത്തുന്നതിന് യാതൊരുവിധ രേഖകളും പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 19-3-2010-ലെ കത്തുമുഖേന അറിയിച്ചിട്ടുണ്ട്.

നിഗമനങ്ങൾ/ശിപാർശകൾ

**216.** **അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ നാല് മരാമത്തു പണികളുമായി ബന്ധപ്പെട്ട് കൺവീനർക്ക് അധികമായി 1,09,185 രൂപ നൽകിയതായ ഓഡിറ്റ് ഖണ്ഡികയുടെ പരിശോധനാവേളയിൽ, മെറ്റീരിയൽ സപ്ലൈ ചെയ്യണമെങ്കിൽ ആയത് കരാർ വ്യവസ്ഥയിൽ ഉൾപ്പെടുത്തേണ്ടതായിരുന്നുവെന്ന് സമിതി അഭിപ്രായപ്പെടുകയും പരാമർശ വിധേയമായ പ്രവൃത്തികളുടെ കരാർ വ്യവസ്ഥയിൽ ഇക്കാര്യം ഉൾപ്പെടുത്താത്തത് സംബന്ധിച്ച വിശദീകരണം ആരായുകയും ചെയ്തു. എന്നാൽ, സമിതിയുടെ ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകുവാൻ തെളിവെടുപ്പ് യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർക്ക് സാധിച്ചിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ പ്രാദേശിക പരിശോധന നടത്തി വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറോട് സമിതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ടി റിപ്പോർട്ട് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നാളിതുവരെയും സമർപ്പിച്ചിട്ടില്ല. പ്രാദേശിക പരിശോധന നടത്തുന്നതിനാവശ്യമായ യാതൊരു രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനു പഞ്ചായത്ത് നൽകിയിട്ടില്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറുടെയും പഞ്ചായത്തിന്റെയും പ്രസ്തുത നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. കൂടാതെ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും അടിയന്തരമായി പ്രാദേശിക പരിശോധന നടത്തുവാനും ചട്ടവിരുദ്ധമായി തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിട്ടപ്പെടുത്തുവാനും അതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടിന്റെ ഓരോ പകർപ്പ് സർക്കാരിനും സമിതിക്കും സമർപ്പിക്കുവാനും സമിതി ആവശ്യപ്പെടുന്നു. ടി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു.**

## തരിയോട് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**വീടുള്ളവർക്ക് വീടിന് ധനസഹായം ; 1.7 ലക്ഷം ദുർവ്യയം**

**[ഓഡിറ്റ് റിപ്പോർട്ട് 2000-2001, 2001-2002; ഖണ്ഡിക 10]**

വീടില്ലാത്ത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം ലക്ഷ്യമിട്ട ഭവന പദ്ധതിയിൽ വീടുള്ളവർക്ക് ധനസഹായം.

ഓടിട്ട വീടുള്ളതായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സാക്ഷ്യപ്പെടുത്തിയ 5 ഗുണഭോക്താക്കൾക്കാണ് 2000-01, 2001-02 വർഷങ്ങളിൽ 35,000 രൂപ വീതം 1,75,000 രൂപ ഗ്രാമപഞ്ചായത്ത് പദ്ധതി വിഹിതത്തിൽനിന്ന് നൽകിയത്.

പദ്ധതി സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായതിനാൽ ആകെ ചെലവ് 1,75,000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക 3.12,I.1.1.]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം IIആയി ചേർത്തിരിക്കുന്നു.

217. പ്രോജക്ട് റിപ്പോർട്ടിൽ തരിയോട് ഗ്രാമപഞ്ചായത്തിൽ താമസക്കാരായ വാസയോഗ്യമായ വീടില്ലാത്ത പട്ടികവർഗ്ഗക്കാരായ ഗുണഭോക്താക്കളുടെ പുനരധിവാസമെന്നാണ് പറഞ്ഞിരിക്കുന്നതെന്നും പഞ്ചായത്ത് സമിതി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തുവെന്നും പദ്ധതി മോണിറ്റർ ചെയ്തിട്ടുണ്ടെന്നും ഘട്ടംഘട്ടമായാണ് തുക നൽകിയതെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിക്കു മൊഴി നൽകി.

218. സമിതിയുടെ അനുവാദത്തോടെ ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പു ജോയിന്റ് ഡയറക്ടറുടെ പ്രാദേശിക പരിശോധനാ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതും സെക്രട്ടറിയുടെ വിശദീകരണവും പരിഗണിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങൾ/ശിപാർശകൾ**

**219. വാസയോഗ്യമായ വീടില്ലാത്ത പട്ടികവർഗ്ഗക്കാരായ ഗുണഭോക്താക്കളുടെ പുനരധിവാസത്തിന് ധനസഹായം നൽകുക എന്നതായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നതെന്ന് തെളിവെടുപ്പ് വേളയിലെ വിശദീകരണത്തിൽനിന്നും സമിതി മനസ്സിലാക്കുന്നു. ഓട് മേഞ്ഞ വീടാണെങ്കിലും അവ വാസയോഗ്യമായ അവസ്ഥയിലായിരുന്നു എന്ന നിഗമനത്തിലെത്തുവാൻ സാധിക്കുകയില്ല. അത്തരം വീടുകൾക്കും ബലക്ഷയമുണ്ടാകാമെന്നും അവ വാസയോഗ്യമാക്കുവാൻ ധനസഹായം നൽകിയ പഞ്ചായത്തിന്റെ നടപടി അനുചിതമാണെന്ന് പറയുവാൻ കഴിയില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. പദ്ധതിപ്രകാരമുള്ള ധനസഹായം ലഭിച്ച പരാമർശ വിധേയരായ വ്യക്തികൾ പട്ടികവർഗ്ഗ വിഭാഗക്കാരാണെന്നും ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടവരാണെന്നും അവർക്ക് ധനസഹായം നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമുണ്ടെന്നും പദ്ധതി നടത്തിപ്പിൽ മോണിട്ടറിംഗ് ഉണ്ടായിരുന്നുവെന്നും ഘട്ടംഘട്ടമായാണ് ധനസഹായം നൽകിയതെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണവും ആയത് പരിഗണിക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ജോയിന്റ് ഡയറക്ടറുടെ അഭിപ്രായവും മുൻനിർത്തി ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**പെൻഷൻ വിതരണത്തിൽ അപാകത**

**[ഓഡിറ്റ് റിപ്പോർട്ട് 1998-99; ഖണ്ഡിക 3-3]**

പെൻഷൻ വിതരണത്തിനായി 1998-99 ൽ 3,02,079 രൂപ പിൻവലിച്ചിട്ടുണ്ട്. അംഗീകരിച്ച പെൻഷൻ ലിസ്റ്റ്, മണിയോർഡർ കൈപ്പറ്റ് രസീത്, മറ്റ് ബന്ധപ്പെട്ട ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിലേക്ക് ഭരണ വകുപ്പിന്റെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.79.1.]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

220. പെൻഷൻ വിതരണം ചെയ്തതിനു രേഖകൾ ഉണ്ടെന്നും 1998-99 കാലത്ത് 3,02,079 രൂപയാണ് പെൻഷൻ വിതരണം ചെയ്യുന്നതിനായി പിൻവലിച്ചതെന്നും 2,34,230 രൂപയുടെ വൗച്ചർ കണ്ടെത്തിയിട്ടുണ്ടെന്നും ബാക്കി തുക കൊടുത്തതിന്റെ രേഖകൾ ഉണ്ടെന്നും തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

221. എല്ലാം പഞ്ചായത്തംഗീകരിച്ചിട്ടാണ് ചെയ്തിരിക്കുന്നതെന്നും താൻ സ്ഥലം മാറിപ്പോയപ്പോൾ സെക്ഷൻ ക്ലാർക്കിനെ രേഖകളെല്ലാം ഓഫീസ് ഓർഡർ മുഖാന്തിരം ഏൽപ്പിച്ചിരുന്നുവെന്നും ഓഫീസ് ഷിഫ്റ്റ് ചെയ്ത സമയത്ത് സംഭവിച്ച കാര്യങ്ങളാണെന്നും രജിസ്റ്റർ കണ്ടുപിടിച്ചു കൊടുത്തുവെന്നും മുൻ സെക്രട്ടറി സമിതിയിൽ വിശദീകരണം നൽകി.

222. വിതരണ രജിസ്റ്ററിലും മറ്റു രജിസ്റ്ററുകളിലും മുഴുവൻ തുകയും രേഖപ്പെടുത്തിയിട്ടുണ്ടെന്നും മണിഓർഡർ അയച്ചു കൊടുത്തിട്ടുണ്ടെന്നും അതിന്റെ കൂപ്പണാണ് കിട്ടാത്തതെന്നും 67,849 രൂപയുടെ രസീതാണ് കിട്ടുവാനുള്ളതെന്നും തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

223. മുഴുവൻ തുകയുടെയും രേഖകൾ മുൻ സെക്രട്ടറി കണ്ടെത്തി ഓഡിറ്റു വകുപ്പിന്റെ പുനഃപരിശോധനയ്ക്ക് ഒരു മാസത്തിനകം ഹാജരാക്കണമെന്ന് സമിതി നിർദ്ദേശം നൽകി.

224. 67,849 രൂപയുടെ വൗച്ചറുകൾ ഇതുവരെ ഓഡിറ്റിന് ഹാജരാക്കുകയോ ഇതു സംബന്ധിച്ച വിവരം ഓഡിറ്റിനെ അറിയിക്കുകയോ ചെയ്തിട്ടില്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ 19-3-2010-ലെ കത്തിൽ അറിയിച്ചിരിക്കുന്നു.

### നിഗമനങ്ങൾ/ശിപാർശകൾ

225. **പെൻഷൻ വിതരണത്തിന് പിൻവലിച്ച 3,02,079 രൂപ വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 67,849 രൂപ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട കൈപ്പറ്റ് രസീതോ, കൂപ്പണോ പഞ്ചായത്ത് ഫണ്ടിൽ തിരികെ അടച്ചതിന്റെ രേഖകളോ ഹാജരാക്കാത്തിനാൽ അവ അടിയന്തരമായി കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കുവാൻ സമിതിയുടെ 17-11-2009-ലെ യോഗത്തിൽ ഗ്രാമപഞ്ചായത്തിന്റെ മുൻ സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് നാളിതുവരെയായി ഹാജരാക്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 19-3-2010-ലെ കത്തുമുഖേന അറിയിക്കുകയുണ്ടായി. ആയതിനാൽ, ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ രണ്ടുമാസത്തിനകം ഓഡിറ്റിന് ഹാജരാക്കുവാനും ആയത് പരിശോധിച്ച് ബോദ്ധ്യമാകുന്നപക്ഷം ഓഡിറ്റ് തടസ്സം നീക്കി റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു. നിർദ്ദിഷ്ട**

**കാലയളവിനുള്ളിൽ രേഖകൾ ഹാജരാക്കാത്തപക്ഷം ഓഡിറ്റ് തടസ്സപ്പെടുത്തിയ 67,849 രൂപ പരാമർശ വിധേയമായ കാലത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാനും സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു.**

## പനമരം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി വിഹിതം അപഹരിച്ചു**

**[ഓഡിറ്റ് റിപ്പോർട്ട് 2000-2001; ഖണ്ഡിക 13]**

നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി വിഹിതം പണമായി പിൻവലിച്ച് അപഹരിച്ചു. ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് നിർവ്വഹണ ഉദ്യോഗസ്ഥനായ പി.ഡബ്ല്യു.ഡി. ഓവർസിയറാണ് 44,101 രൂപ അപഹരിച്ചത്.

നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം, ആദായ നികുതി, മേൽനോട്ടക്കൂലി തുടങ്ങിയ ചെലവുകൾ നടത്തുന്നതിന് ഓവർസിയർ 10/2000-ൽ 2,39,705 രൂപ പഞ്ചായത്ത് ഫണ്ടിൽനിന്നും പണമായി പിൻവലിച്ചിരുന്നു. ഇതിൽ 1,95,604 രൂപ ചെലവ് രേഖകൾ ഹാജരാക്കി ക്രമപ്പെടുത്തിയിട്ടുണ്ട്. ബാക്കി 44,101 രൂപ തിരിച്ചടച്ചില്ല.

അപഹരിച്ച 44,101 രൂപ തിരിച്ചീടാക്കേണ്ടതും ഉദ്യോഗസ്ഥനെതിരെ നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-05, ഓഡിറ്റ് ഖണ്ഡിക 3.12.I.2.1.]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

226. ഓവർസിയറായിരുന്ന ശ്രീ. എസ്. സദാശിവൻ പിള്ളയാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നും 44,000 രൂപയിൽ 18,000 രൂപ തിരിച്ചടച്ചിട്ടുണ്ടെന്നും തുക കൃത്യമായി അടയ്ക്കുന്നുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോദ്ധ്യപ്പെടുത്തി. റിക്കവറി നടപടികൾ പൂർത്തിയാക്കി സമിതിക്കു റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

227. ബന്ധപ്പെട്ട ഓവർസിയറുടെ ശമ്പളത്തിൽനിന്നും പ്രസ്തുത തുക പ്രതിമാസം 2,000 രൂപ നിരക്കിൽ ഈടാക്കിവരുന്നുണ്ടെന്നും 2010 ഫെബ്രുവരിവരെ 24,000 രൂപ ഈടാക്കിയിട്ടുണ്ടെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 12-10-2011-ലെ കത്തുപ്രകാരം നൽകിയ മറുപടി ചുവടെ ചേർക്കുന്നു:

228. "ശ്രീ. സദാശിവൻ പിള്ള, പി.ഡബ്ല്യു.ഡി. ഓവർസിയർ എന്നവരുടെ ശമ്പളത്തിൽനിന്നും 23-12-2008 മുതൽ 2-2-2011 വരെയുള്ള കാലഘട്ടത്തിൽ

പ്രതിമാസം 2,000 രൂപ വീതം റിക്കവറി നടത്തുകയും ആകെ അടവുവരുത്തേണ്ട തുകയായ 44,101 രൂപ അസിസ്റ്റന്റ് എഞ്ചിനീയർ, പി.ഡബ്ല്യു.ഡി. (റോഡ്സ് സെക്ഷൻ) പനമരം എന്നവർ പനമരം ഗ്രാമപഞ്ചായത്ത് ഓഫീസിൽ ഒടുക്കിയിട്ടുമുണ്ട്."

**നിഗമനങ്ങൾ/ശിപാർശകൾ**

**229. നിർവ്വഹണ ഉദ്യോഗസ്ഥൻ തുക മുഴുവൻ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചതായ സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

## കോട്ടത്തറ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**റോഡ് ടാറിംഗ്, പൂർത്തീകരിച്ചില്ല. കൺവീനർക്ക് അധിക തുക നൽകി**

**[2000-2001 ഓഡിറ്റ് റിപ്പോർട്ട് ; ഖണ്ഡിക 3-7]**

ചെമ്പകച്ചാൽ-മെച്ചന റോഡ് ടാറിംഗ്-മൂല്യനിർണ്ണയ തുകയേക്കാൾ അധികമായി 23,640 രൂപ കൺവീനർക്ക് നൽകി.

1997-98-ലെ വി.ടി.സി. ഫണ്ടുപയോഗിച്ച് 1999-2000-ൽ ആരംഭിച്ച പ്രവൃത്തി നാളിതുവരെ പൂർത്തിയായിട്ടില്ല. കൺവീനർക്ക് ആകെ 93,640 രൂപ നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ആകെ മൂല്യം 70,000 രൂപ ആയിരിക്കെ മൂല്യനിർണ്ണയത്തെക്കാൾ അധികമായി കൺവീനർക്ക് നൽകിയ 23,640 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

ആരംഭിച്ച് 5 വർഷം കഴിഞ്ഞിട്ടും പണി പൂർത്തീകരിക്കാൻ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടാകാത്തതിനാൽ പദ്ധതി ലക്ഷ്യപ്രാപ്തി നേടാതെ 93,640 രൂപ പാഴ്ചെലവായി.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.80.1.]

ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

&

ഓഡിറ്റ് ഖണ്ഡിക

**പുഴകളിൽ വീണ മരങ്ങൾ അട്ടിവെയ്ക്കുന്നതിന് അധിക തുക നൽകി**

**[2000-2001 ഓഡിറ്റ് റിപ്പോർട്ട്; ഖണ്ഡിക 3-8]**

ഗ്രാമപഞ്ചായത്തിന്റെ അതിർത്തിയിലെ പുഴകളിൽ വീണു കിടക്കുന്ന മരങ്ങൾ വലിച്ചു കയറ്റി അട്ടിവെയ്ക്കുന്നതിന് ക്വോട്ട് ചെയ്ത നിരക്കിനേക്കാൾ അധികതുക നൽകിയതിന് പഞ്ചായത്തിന് 32,983 രൂപ നഷ്ടം.

പ്രവൃത്തിക്ക് 2000-01, 2001-02 വർഷങ്ങളിലേക്കായി കരാറുകാരന് 7-12-2001 വരെ ആകെ 1,04,500 രൂപ നൽകിയിട്ടുണ്ട്. ഇയാൾ അട്ടിവെച്ച മരങ്ങളും വിറകും അളന്ന് തിട്ടപ്പെടുത്തിയ കൽപ്പറ്റ ഫോറസ്റ്റ് റേഞ്ച് ഓഫീസറുടെ 19-3-2003-ലെ റിപ്പോർട്ടിൽ 1171.59 ക്യൂ. അടി മരവും 6 മെട്രിക് ടൺ വിറകും അട്ടിവെച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. കരാറുകാരൻ ക്വോട്ട് ചെയ്ത നിരക്ക് പ്രകാരം നൽകാവുന്നത് 71,517.45 രൂപയാണ്.

| | |
|---|---|
| മരം 1171.59 ക്യൂ. അടി (@ 55 രൂപ 1 ക്യൂ. അടിക്ക്) | .. 64,437.45 രൂപ |
| വിറക് (അട്ടിയിട്ട വിറകിന് ഒന്നായി മൂല്യം കണക്കാക്കിയത്) .. | 7,080. രൂപ |
| ആകെ | 71,517.45 രൂപ |

കൂടുതൽ തുക കിട്ടാനുണ്ടെന്ന് കാണിച്ച് കരാറുകാരൻ ബഹു. ഓംബുഡ്സ്മാന് നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ 28-2-2004-ന്റെ വിധി അട്ടിയിട്ട തടിയുടെ കൂലി കണക്കാക്കി നൽകുന്നതിനും വെള്ളത്തിൽ കിടക്കുന്ന ബാക്കി മരങ്ങൾ കയറ്റി അട്ടിയിടുവാനും നിർദ്ദേശിച്ചെങ്കിലും ഗ്രാമപഞ്ചായത്ത് തുടർ നടപടി സ്വീകരിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ അധികം നൽകിയ 32,983 രൂപ തിരികെ ഈടാക്കണം.

[ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ, സമാഹൃത റിപ്പോർട്ട് 2005-06, ഓഡിറ്റ് ഖണ്ഡിക 2.80.2.]

പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

230. ശ്രീ. സി. ടി. രഘുനാഥനായിരുന്നു അക്കാലത്തെ പഞ്ചായത്ത് സെക്രട്ടറി യെന്നും അദ്ദേഹം ഇപ്പോഴും സർവ്വീസിൽ ഉണ്ടെന്നും യോഗത്തിൽ ഹാജരായിട്ടില്ലെന്നും പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

231. റോഡ് ടാറിംഗിന് കൺവീനർക്ക് അധികം നൽകിയ വകയിൽ 23,640 രൂപയും പുഴകളിൽ വീണ മരങ്ങൾ അട്ടിവെയ്ക്കുന്നതിന് അധികമായി നൽകിയ 32,983 രൂപയും മുൻസെക്രട്ടറിയിൽ നിന്നും ഈടാക്കുവാനുണ്ടെന്നും സെക്രട്ടറി സമിതിക്ക് മറുപടി നൽകി.

232. ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൻപ്രകാരം എഗ്രിമെന്റ് പുതുക്കിയിട്ടില്ലാ ത്തതിനാലും മതിയായ രേഖകളില്ലാത്തതിനാലും കൺവീനർമാരുടേയും മറ്റു ബന്ധപ്പെട്ടവരുടേയും പേരിൽ നടപടി സ്വീകരിക്കാൻ വ്യവസ്ഥയില്ലെന്നും മുൻ സെക്രട്ടറിയുടെ പേരിൽ വേറെയും റിക്കവറികൾ ഉള്ളതിനാൽ ഇനി റിക്കവറി ചെയ്യാൻ മതിയായ തുക ഉണ്ടാകില്ലെന്നും ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിൻപ്രകാരം പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്ത് ആർ. ആർ. നടപടികൾ സ്വീകരിച്ചുവെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

233. റവന്യൂ റിക്കവറി നടപടിക്കെതിരെ മുൻ സെക്രട്ടറി ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് വാങ്ങിയിരിക്കുന്നുവെന്ന് സെക്രട്ടറി തുടർന്ന് അറിയിച്ചു. കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ടെന്നും സെക്രട്ടറി സമിതിയിൽ വ്യക്തമാക്കി.

234. കേസിന്റെ പുരോഗതി സമിതിയെ അറിയിക്കണമെന്നും സ്റ്റേ വെക്കേറ്റ് ചെയ്ത് ആർ. ആർ. നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ടു നൽകണമെന്നും സമിതി നിർദ്ദേശം നൽകി.

തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 17-8-2010-ലെ കത്തു മുഖാന്തിരം ആദ്യഖണ്ഡികയ്ക്കു നൽകിയ അധികവിവരം ചുവടെ ചേർക്കുന്നു:

235. "ഈ വിഷയം സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ നിലവിലുള്ള W.P. (c) No. 21166/09 നമ്പർ കേസിൽ നിലവിൽ സ്റ്റേ തുടരുകയാണ്. കോട്ടത്തറ ഗ്രാമപഞ്ചായത്ത് ഇക്കാര്യത്തിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. കേസ് നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് ചുമതലപ്പെടുത്തിയ അഡ്വക്കേറ്റ് ബഹു. കേരള ഹൈക്കോടതിയിൽ ഹാജരായെങ്കിലും കേസ് സിറ്റിംഗിന് എടുത്തിട്ടില്ല എന്ന വിവരം അറിയിക്കുന്നു".

**നിഗമനങ്ങൾ/ശിപാർശകൾ**

236. **ചെമ്പകച്ചാൽ-മെയ്യന റോഡ് ടാറിംഗ് പൂർത്തീകരിക്കാത്ത കൺവീനർക്ക്, ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണ്ണയത്തുകയേക്കാൾ 23,640 രൂപയും പുഴകളിൽ വീണ മരങ്ങൾ കരയിൽ കയറ്റി അട്ടിവെയ്ക്കുന്നതിന് കരാറുകാരന് ക്വോട്ട് ചെയ്ത തുകയേക്കാൾ 32,983 രൂപയും അധികം നൽകിയതിലൂടെ ഗ്രാമപഞ്ചായത്തിന് ആകെ 56,623 രൂപ നഷ്ടമുണ്ടായി. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കുവാനുള്ള റവന്യൂ റിക്കവറി നടപടിക്കെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ മേൽ നടപടികൾക്ക് സ്റ്റേ ഉത്തരവുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെയും റിപ്പോർട്ടുകളിൽനിന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം പലിശ സഹിതം അടിയന്തരമായി ഈടാക്കുവാൻ പ്രസ്തുത കേസ്സിന്മേലുള്ള സ്റ്റേ ഉത്തരവ് നീക്കികിട്ടുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാനും ആയതു സംബന്ധിച്ച റിപ്പോർട്ടു നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു.**

വർക്കല കഹാർ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2014 ജൂലൈ 16.

## അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം | നിഗമനങ്ങൾ/ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 5 | പുതാടി ഗ്രാമപഞ്ചായത്ത് | ആഡിറ്റ് പരാമർശത്തിന് വിധേയമായ തുകയിൽ പഞ്ചായത്ത് അംഗത്തിൽനിന്നും ഈടാക്കുവാനുള്ള 27,514 രൂപ ഈടാക്കുന്നതിനുള്ള നടപടിക്കെതിരെ ബഹു. ഹൈക്കോടതി സ്റ്റേ ഉത്തരവ് നൽകിയിട്ടില്ലെന്ന് തെളിവെടുപ്പ് വേളയിലെ മറുപടിയിൽനിന്നും സമിതിക്ക് ബോധ്യപ്പെടുകയുണ്ടായി. ആയതിനാൽ, പ്രസ്തുത കേസ്സിൽ കോടതി നടപടികൾ ത്വരിതപ്പെടുത്തുവാനും ആർ. ആർ. നടപടിയിന്മേൽ ബഹു. ഹൈക്കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതിനാൽ പഞ്ചായത്ത് അംഗത്തിൽനിന്നും തുക ഈടാക്കുന്നതിനുള്ള ആർ. ആർ. നടപടി തുടരുന്നതിനും ആവശ്യമായ അടിയന്തരനടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 13 | മീനങ്ങാടി ഗ്രാമപഞ്ചായത്ത് | ജനകീയാസൂത്രണ മാനദണ്ഡങ്ങൾ പാലിക്കാതെയാണ് പരാമർശ വിധേയമായ മൂന്ന് പ്രവൃത്തികളും പഞ്ചായത്ത് നിർവ്വഹണം നടത്തിയതെന്ന് സമിതി മനസ്സിലാക്കുന്നു. ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലെ അനുപേക്ഷണീയമായ ജനകീയ പങ്കാളിത്തം ഉറപ്പാക്കാതെ മേൽ പ്രവൃത്തികൾ ചെയ്തതിന്റെ ഫലമായി ലക്ഷക്കണക്കിന് രൂപയുടെ അധിക ചെലവ് വന്നതായും അതിനാൽ അക്കാര്യം സമഗ്രമായ അന്വേഷണത്തിന് വിധേയമാക്കേണ്ടതാണെന്ന് ഓഡിറ്റ് ഭരണവകുപ്പിന് ശിപാർശ നൽകിയിട്ടും ആയതിന് ഭരണവകുപ്പ് മതിയായ ഗൗരവം നൽകിയില്ലായെന്നും സമിതി നിരീക്ഷിക്കുന്നു. ഓഡിറ്റ് |

1089/2014.

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ചൂണ്ടിക്കാട്ടിയ നഷ്ടമായ 3,55,968 രൂപയിൽ മരണപ്പെട്ട ഒരു ഉദ്യോഗസ്ഥന്റെ ഡി. സി. ആർ.ജി.യിൽനിന്നും കേവലം 14,322 രൂപ മാത്രമാണ് നാളിതുവരെ ഈടാക്കിയിട്ടുള്ളത്. ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ സമഗ്രമായി അന്വേഷണം നടത്തി ഉത്തരവാദികളായവരെ കണ്ടെത്തി ബാദ്ധ്യത നിർണ്ണയിച്ച് ആയത് ഈടാക്കി റിപ്പോർട്ട് നൽകാൻ തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശത്തിന്മേൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നോ, അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നോ, സർക്കാരിൽ നിന്നോ സമിതിക്ക് യാതൊരു മറുപടിയും ഇതുവരെയും ലഭിച്ചിട്ടില്ല. |
| 3 | 14 | മീനങ്ങാടി ഗ്രാമപഞ്ചായത്ത് | നിയമസഭാ സമിതിയുടെ നിർദ്ദേശമനുസരിച്ച്, ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള ആകെ നഷ്ടമായ 3,55,968 രൂപയിൽ നിന്ന് ടാർ, ടാർ ബാരൽ എന്നിവ സംബന്ധിച്ച നഷ്ടം ഒഴിവാക്കി ബാക്കി തുക 2,15,245 രൂപ ടി കാലയളവിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ പേർക്ക് ബാദ്ധ്യത തിട്ടപ്പെടുത്തുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട് എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു. ഓഡിറ്റ് ചൂണ്ടിക്കാട്ടുന്ന ക്രമക്കേടുകൾക്ക് അടിയന്തര പരിഹാരം കാണുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണ്. പരാമർശ വിധേയമായ സംഗതിയിൽ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡികയുടെ പരിശോധനാവേളയിൽ സമഗ്രാന്വേഷണം നടത്തി നഷ്ടത്തുക കണക്കാക്കി ഈടാക്കുവാൻ സമിതി നിർദ്ദേശം നൽകുകയും നഷ്ടത്തുക |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിർണ്ണയിച്ച് ഉത്തരവാദികളെ കണ്ടെത്തുകയും ചെയ്തിട്ടും ആയത് ഈടാക്കുന്നതിൽ ഗുരുതരമായ വീഴ്ച വരുത്തിയതായി സമിതി വിലയിരുത്തുന്നു. സമിതി ആവശ്യപ്പെട്ടതിൻ പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിക്കുന്നതിലും ഭരണവകുപ്പ് മതിയായ ശ്രദ്ധ പുലർത്തിയതായി കാണുന്നില്ല. ഇത് സമിതിയോടുള്ള കടുത്ത അനാദരവായി സമിതി നിരീക്ഷിക്കുകയും അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ, പരാമർശവിധേയമായ സംഗതിയിൽ പുനർനിർണ്ണയം നടത്തി തിട്ടപ്പെടുത്തിയ നഷ്ടത്തുക 2,15,245 രൂപ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും അടിയന്തരമായി ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 27 | എടവക ഗ്രാമപഞ്ചായത്ത് | കരാർ വ്യവസ്ഥ പ്രകാരം മണൽ ലേലത്തുക അടയ്ക്കാത്തതിന്റെ പേരിലുള്ള കേസിൽ പഞ്ചായത്തിന് അനുകൂലമായി വിധിയുണ്ടായിട്ടും യഥാസമയം നടപടി സ്വീകരിക്കാത്തതിന്റെ ഫലമായാണ് പരാമർശവിധേയമായ സംഗതിയിൽ കരാറുകാരനിൽനിന്നും ഇതുവരെയായി തുക ഈടാക്കുവാൻ കഴിയാതെ പോയതെന്ന് സമിതി വിലയിരുത്തുന്നു. കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ചിട്ടുള്ള കേസ് എത്രയും വേഗം തീർപ്പാക്കുവാനും ഹൈക്കോടതി വിധിയനുസരിച്ച് പഞ്ചായത്തിന് ലഭ്യമാകേണ്ട ബാക്കി തുകകൂടി അടിയന്തരമായി ഈടാക്കുവാനും ആവശ്യമായ നടപടികൾ ത്വരിതപ്പെടുത്തി ഇക്കാര്യത്തിലുള്ള നിലവിലെ സ്ഥിതി റിപ്പോർട്ട് ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 5 | 29 | മാനന്തവാടി ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് റിപ്പോർട്ടിൽ നിരാകരിച്ച ഗുണഭോക്തൃ വിഹിതമായ 3,250 രൂപ തിരി കെയടച്ചിട്ടുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ പഞ്ചായത്ത് സെക്രട്ടറി വിശദീകരണം നൽകിയതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച രേഖ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിച്ച് ബോദ്ധ്യപ്പെടു ത്തുന്നപക്ഷം തടസ്സം നീക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ, ഇതു സംബന്ധിച്ച് യാതൊരു റിപ്പോർട്ടും സർക്കാരിൽ നിന്നോ, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നോ സമിതിക്ക് നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ പ്രസ്തുത രേഖകൾ അടിയന്തരമായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിക്കുവാൻ ഗ്രാമപഞ്ചായത്തിനോടും ആയത് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോടും സമിതി ശിപാർശ ചെയ്യുന്നു. തുക തിരിച്ചടച്ചിട്ടുണ്ടെങ്കിൽ പരാമർശം ഒഴിവാക്കാനും അല്ലാത്തപക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 6 | 32 | ,, | മണി ഓർഡർ കൈപ്പറ്റാതെ മടങ്ങിവന്ന പെൻഷൻ തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ടെന്ന ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 7 | 34 | പൊഴുതന ഗ്രാമപഞ്ചായത്ത് | വിവിധ മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, മേൽനോട്ടം, ചെക്ക് മെഷർമെന്റ്, ബിൽ തയ്യാറാക്കൽ എന്നിവയ്ക്ക് സ്വകാര്യ എഞ്ചിനീയർമാർക്ക് അധികനിരക്കിൽ പ്രതിഫലം നൽകി യതുമൂലം പഞ്ചായത്തിന് നഷ്ടം സംഭവിച്ചതായി ഓഡിറ്റ് പരാമർശിച്ച തുക |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തിരിച്ചടച്ചതായി പഞ്ചായത്ത് സെക്രട്ടറി സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ അറിയിക്കുകയും ആയത് ഓഡിറ്റ് വകുപ്പിനെ ബോദ്ധ്യപ്പെടുത്തി റിപ്പോർട്ട് നൽകണമെന്ന് സമിതി ആവശ്യപ്പെടുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ, ടി റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും ആയതിന് വിധേയമായി ഓഡിറ്റ് തടസ്സം നീക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 8 | 37 | പൊഴുതന ഗ്രാമപഞ്ചായത്ത് | സ്വകാര്യ എഞ്ചിനീയർ മുഖേന എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കാമെന്നുള്ള സർക്കാർ ഉത്തരവ് ദുരുപയോഗം ചെയ്തതാണ് നഷ്ടമുണ്ടായതിന് കാരണമെന്ന് സമിതി നിരീക്ഷിക്കുന്നു. എർത്ത് എസ്കവേഷൻ ജോലിയിൽ കുഴിച്ചെടുത്ത മണ്ണ് ഉപയോഗിക്കാതെ വേറെ മണ്ണുപയോഗിച്ച് എർത്ത് ഫില്ലിംഗ് നടത്തിയത് ശരിയായ നടപടിയല്ലെന്ന് സമിതി അഭിപ്രായപ്പെടുന്നു. സ്വകാര്യ എഞ്ചിനീയറാണെങ്കിലും സർക്കാർ (പി.ഡബ്ല്യൂ.ഡി.) നിരക്കനുസരിച്ചായിരുന്നു എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടിയിരുന്നതെന്നും ആയത് പാലിക്കാത്തതുകൊണ്ടാണ് ഓഡിറ്റ് പരാമർശമുണ്ടായതെന്നും സമിതി വിലയിരുത്തുന്നു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കുന്ന പ്രവണത ഒഴിവാക്കാൻ ബന്ധപ്പെട്ട വകുപ്പിന്റെ പ്രത്യേക ശ്രദ്ധയുണ്ടാവണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 9 | 38 | ,, | സ്വകാര്യ എഞ്ചിനീയറെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ വന്ന പിശകായതിനാലും നഷ്ടം സംഭവിച്ച തുകയ്ക്ക് ആരെയും ഉത്തരവാദിയാക്കുവാൻ കഴിയാത്ത സാഹചര്യമായതിനാലും മേലിൽ ഇത്തരം വീഴ്ചകൾ ആവർത്തിക്കരുതെന്ന താക്കീതോടെ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 10 | 40 | പൊഴുതന ഗ്രാമപഞ്ചായത്ത് | എലിവിഷം വിതരണം നടത്തിയ പദ്ധതിയിൽ അധികച്ചെലവുണ്ടായത് പഞ്ചായത്ത് അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ ആയതിന്റെ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിനായി രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 11 | 46 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത് തലത്തിലുണ്ടാകുന്ന സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയാൽ അവ പരിഹരിക്കേണ്ടതിനും നടപടി സ്വീകരിക്കുന്നതിനും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥൻ പഞ്ചായത്ത് ഡയറക്ടറാണെന്നും ടിയാൻ അത് കാര്യക്ഷമമായി നിർവ്വഹിക്കാത്തതിനാലാണ് വീഴ്ചകൾ ആവർത്തിക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. ട്രാക്ടർ വാടകയിനത്തിൽ ഈടാക്കേണ്ടിയിരുന്ന മുഴുവൻ തുകയും മുൻ പഞ്ചായത്ത് സെക്രട്ടറിയുടെ പക്കൽ നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കിയതായി തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 12 | 50 | ,, | വാടകത്തുക കുടിശ്ശികയും പലിശയും അടക്കം 2,083 രൂപ 23-6-1999-ൽ തിരിച്ചടച്ചതായി ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 13 | 53 | ,, | വിനോദ നികുതിയിനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കിയതായി സമിതി മനസ്സിലാക്കുന്നു. യഥാസമയം പ്രസ്തുത തുക ഈടാക്കാത്തതിനാൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ പലിശകൂടി ഈടാക്കുവാനും ആയത് സംബന്ധിച്ച നടപടിയുടെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിലവിലെ സ്ഥിതി സംബന്ധിച്ച് റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 14 | 57 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് നേരിട്ട് നടത്തിയ മണൽ വില്പനയിൽ 7/2001 മുതൽ 30-3-2002 വരെയുള്ള ആകെ വരുമാനമായ 4,23,325 രൂപയിൽ 1,74,920 രൂപ മാത്രമാണ് വരവ് രജിസ്റ്റർ പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുള്ളതെന്നും ഈയിനത്തിൽ 2,48,405 രൂപയുടെ കുറവ് വന്നിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. വയനാട് ജില്ലാ റിവർ മാനേജ്മെന്റ് കമ്മിറ്റി നിശ്ചയിച്ചതിനേക്കാൾ കൂടിയ വിലയ്ക്കാണ് മണൽ വില്പന നടത്തിയതെന്നും ഇങ്ങനെ അധികമായി തുക ഈടാക്കിയെങ്കിലും ആയത് പഞ്ചായത്ത് ഫണ്ടിൽ അടവാക്കിയിട്ടില്ല. മണൽ വില്പനയിൽ ഈടാക്കുന്ന അറ്റവിലയിൽ 50% റിവർ മാനേജ്മെന്റ് ഫണ്ടിൽ അടയ്ക്കണമെന്നിരിക്കെ ടി ഫണ്ടിൽ അടയ്ക്കേണ്ടിയിരുന്ന തുകയിലും 1,425 രൂപ കുറവുണ്ടായിരിക്കുന്നു. മണൽ വില്പന സംബന്ധിച്ച വിശദീകരണം ഓഡിറ്റ് ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അവ നല്കുന്നതിൽ ഗ്രാമപഞ്ചായത്ത് നിഷേധാത്മക നിലപാടാണ് സ്വീകരിച്ചത്. മണൽ വിൽപ്പനയിൽ ഗുരുതരമായ ധനദുർവിനിയോഗം നടന്നതായും സമിതി നിഗമനത്തിലെത്തുന്നു. |
| 15 | 58 | ,, | പരാമർശവിധേയമായ കാലയളവിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽനിന്നും റവന്യൂ റിക്കവറി മുഖേന 25,000 രൂപ ഈടാക്കിയതിനുശേഷം ടിയാൻ റവന്യൂ റിക്കവറിക്കെതിരെ സമ്പാദിച്ച സ്റ്റേ നീക്കുവാൻ ഫലപ്രദമായ നടപടി സ്വീകരിക്കുന്നതിൽ ഗ്രാമപഞ്ചായത്ത് പരാജയപ്പെട്ടെന്നും സമിതി നിരീക്ഷിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ഫണ്ടിൽ അടയ്ക്കേണ്ട ലക്ഷക്കണക്കിന് രൂപ യഥാസമയം അടയ്ക്കാതെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പൊതുപ്പണം ദുർവിനിയോഗം നടത്തിയ ഉദ്യോഗസ്ഥനിൽനിന്നും പ്രസ്തുത തുക പലിശ സഹിതം ഈടാക്കുവാനുള്ള ഉത്തരവാദിത്വം ഗ്രാമപഞ്ചായത്തിനുണ്ട്. ആയതിനാൽ സ്റ്റേ ഉത്തരവ് നീക്കികിട്ടുവാനുള്ള നടപടി സ്വീകരിക്കുകയും തുക ഈടാക്കുവാനുള്ള അടിയന്തര നടപടി സ്വീകരിക്കുകയും ചെയ്യുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 16 | 63 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | കൈപ്പറ്റാതെ തിരിച്ചുവന്ന കർഷകത്തൊഴിലാളി പെൻഷൻ തുക പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കാത്തതു സംബന്ധിച്ച ക്രമക്കേട് കാട്ടിയ ഉദ്യോഗസ്ഥൻ, പ്രസ്തുത ധനാപഹരണം ഓഡിറ്റ് ചൂണ്ടിക്കാട്ടിയ വേളയിൽ സർവ്വീസിലുണ്ടായിരുന്നുവെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ മതിയായ ശ്രദ്ധ ചെലുത്തിയിരുന്നുവെങ്കിൽ ടിയാൻ സർവ്വീസിൽനിന്നും വിരമിക്കും മുൻപ് ടി തുക ഈടാക്കാമായിരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ചയുണ്ടായെന്ന് സമിതി നിരീക്ഷിക്കുന്നു. ധനാപഹരണം നടത്തിയ തുക റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിൽ കാലതാമസമുണ്ടാകുന്നുവെന്ന് നിരീക്ഷിച്ച സമിതി ഡി. സി. ആർ. ജി.യിൽനിന്നും പരമാവധി തുകയും അവശേഷിക്കുന്ന തുക റവന്യൂ റിക്കവറി മുഖേനയും ഈടാക്കുവാനുള്ള നടപടി ത്വരിതപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 17 | 66 | ,, | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക VII.I.12.3(v)-ലും 2004-2005-ലെ സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക 3.12.I.3.5-ലും പരാമർശിച്ചിട്ടുള്ള ചെറ്റപ്പാലം-സീതാമൗണ്ട് |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | റോഡ് ടാറിംഗ് സംബന്ധിച്ച ഓഡിറ്റ് പരാമർശത്തിന്മേൽ നഷ്ടത്തുക ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ ഓഡിറ്റ് ഖണ്ഡികകൾക്ക് മറുപടി നല്കുന്നതോടൊപ്പം ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പോരായ്മകൾ യഥാസമയം പരിഹരിക്കേണ്ടതാണെന്നും ആയതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി അഭിപ്രായപ്പെടുന്നു. ഇത്തരം അപാകതകൾ ഭാവിയിൽ ഉണ്ടാകാതെ സർക്കാരും ഓഡിറ്റ് വകുപ്പും ശ്രദ്ധിക്കണമെന്നും സമിതി നിഷ്കർഷിക്കുന്നു. |
| 18 | 70 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് പരാമർശത്തിന് വിധേയമായ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സർവ്വീസിൽനിന്നും വിരമിച്ചതായും വിവിധ ക്രമക്കേടുകൾക്ക് ഇദ്ദേഹത്തിന്റെ പേരിൽ നിരവധി കേസ്സുകൾ നിലവിലുണ്ടെന്നും തെളിവെടുപ്പ് യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥരുടെ മറുപടിയിൽ നിന്ന് സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ ടി ഉദ്യോഗസ്ഥന്റെ പേരിലുള്ള എല്ലാ കേസ്സുകളും വകുപ്പുതലത്തിൽ പരിശോധിച്ച് നടപടി സ്വീകരിച്ച് തുക ഈടാക്കുവാൻ തെളിവെടുപ്പ് യോഗത്തിൽ വച്ച് സമിതി പഞ്ചായത്ത് ഡയറക്ടറെ ചുമതലപ്പെടുത്തുകയുണ്ടായി. എന്നാൽ, പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാരിൽനിന്ന് യാതൊരു മറുപടിയും നാളിതുവരെ സമിതിക്ക് ലഭിക്കുകയുണ്ടായില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം റവന്യൂ റിക്കവറി നടപടികൾക്കായി വയനാട് ജില്ലാകളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ, റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തുക ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 19 | 75 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | എസ്.സി. വിഭാഗം വനിതകൾക്ക് മാത്രമായി വിഭാവനം ചെയ്ത പ്രോജക്ടിനാണ് ഡി.പി.സി. അംഗീകാരം നല്കിയതെന്ന് മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി തെളിവെടുപ്പു വേളയിൽ വ്യക്തമാക്കിയിരുന്നു. ഗ്രാമപഞ്ചായത്ത് തീരുമാനപ്രകാരം അംഗീകരിച്ച് നൽകിയ ലിസ്റ്റ് പ്രകാരമാണ് പദ്ധതി പ്രാവർത്തികമാക്കിയതെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജൻ സമിതി മുമ്പാകെ വെളിപ്പെടുത്തുകയുണ്ടായത്. 1998-99-ലെ "കിടാരി വളർത്തൽ" പ്രോജക്ടിന് അവസാനഘട്ടത്തിൽ പ്രാതിനിധ്യം ഇല്ലാതെ വന്നപ്പോഴാണ് പ്രോജക്ട് വനിതകൾക്കു വേണ്ടി മാറ്റിയതെന്നും പഞ്ചായത്ത് അംഗീകരിച്ച ലിസ്റ്റിൽ ആറ് പുരുഷ ഗുണഭോക്താക്കളുണ്ടായിരുന്നുവെന്നും അവരിൽ മൂന്നു പേർക്കാണ് ആനുകൂല്യം നല്കിയതെന്നും പഞ്ചായത്തിന്റെ റസല്യൂഷൻ പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയതെന്നും വെറ്ററിനറി സർജൻ സമിതി മുമ്പാകെ ഉറപ്പിച്ചു പറയുകയും സമിതി നിർദ്ദേശ പ്രകാരം ആയത് ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്താമെന്ന് സമ്മതിക്കുകയുമുണ്ടായി. |
| 20 | 76 | ,, | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നല്കിയ പുനഃപരിശോധനാ റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം അവ്യക്തമാണെന്നും ഗുണഭോക്താക്കളുടെ എണ്ണം മാത്രമാണ് മിനിട്സിൽ രേഖപ്പെടുത്തിയിട്ടുള്ളതെന്നും വനിതാ പ്രോജക്ട് എന്ന് പ്രത്യേകം പറഞ്ഞിട്ടില്ലെന്നും വ്യക്തമാക്കിയിരിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 21 | 77 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | പഞ്ചായത്ത് കമ്മിറ്റിയുടെ റസല്യൂഷനിൽ വനിതാ പ്രോജക്ട് എന്ന് വ്യക്തമാക്കപ്പെടാത്ത സ്ഥിതിക്ക് പ്രോജക്ട് വനിതകൾക്കു മാത്രമുള്ളതാണെന്ന നിഗമനത്തിൽ ഓഡിറ്റ് പരാമർശം വരാനിടയായ സാഹചര്യം പരിശോധിക്കപ്പെടേണ്ടതാണെന്ന് സമിതി കരുതുന്നു. തെളിവെടുപ്പ് വേളയിൽ വെളിപ്പെടുത്തിയ വസ്തുതകളുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടിന്റെയും വെളിച്ചത്തിൽ പഞ്ചായത്ത് നല്കിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് പ്രകാരമാണ് നിർവ്വഹണോദ്യോഗസ്ഥൻ പ്രോജക്ട് നടപ്പിലാക്കിയതെന്ന് ബോദ്ധ്യമാകുന്നു. ആയതിനാൽ നിർവ്വഹണോദ്യോഗസ്ഥനായ വെറ്ററിനറി സർജന്റെ ഭാഗത്ത് എന്തെങ്കിലും വീഴ്ച സംഭവിച്ചിട്ടുള്ളതായി സമിതി കരുതുന്നില്ല. പ്രോജക്ടിൽ എന്തെങ്കിലും മാറ്റം വരുത്തുമ്പോൾ ആയതിന് മതിയായ അംഗീകാരവും വ്യക്തതയും ഉണ്ടാകണമെന്ന അഭിപ്രായത്തോടെ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 22 | 84 | ,, | തൊഴിൽ നികുതി കുടിശ്ശികയിനത്തിൽ 1988-89 മുതൽ 1995-1996 വരെയും 1996-1997-ലും 1998-1999 രണ്ടാം അർദ്ധവർഷം വരെയും 1,17,770 രൂപ പിരിഞ്ഞുകിട്ടാനുള്ള തുക യഥാസമയം ഈടാക്കുന്നതിലും നികുതി സംബന്ധമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ഗുരുതരമായ വീഴ്ചയാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുണ്ടായതെന്ന് സമിതി നിരീക്ഷിക്കുന്നു. ചട്ടം അനുശാസിക്കും പ്രകാരം വിവിധ ഇനങ്ങളിലുള്ള നികുതികളുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് രജിസ്റ്ററുകൾ എന്നിവ സൂക്ഷിക്കാത്തതുമൂലം ഏതൊക്കെ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വ്യക്തികളിൽനിന്നും ഏതൊക്കെ ഇനത്തിലുള്ള നികുതികളാണ് കുടിശ്ശിക യുണ്ടായിട്ടുള്ളതെന്ന് വേർതിരിച്ചറിയുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ള തെന്ന് തെളിവെടുപ്പ് വേളയിൽ ഉദ്യോഗസ്ഥർ മറുപടി നൽകുകയുണ്ടായി. ഓഡിറ്റ് റിപ്പോർട്ടിൽ കുടിശ്ശികയായി ചൂണ്ടിക്കാണിച്ച തുക ഏതെങ്കിലും രേഖകളെ അടിസ്ഥാനമാക്കി കണക്കാക്കിയ താകയാൽ കുടിശ്ശിക വരുത്തിയ വ്യക്തികളേയും ആയതിനുത്തരവാദികളായ ഉദ്യോഗസ്ഥരെയും കണ്ടുപിടിക്കുക പ്രയാസ മാണെന്ന ഗ്രാമപഞ്ചായത്തിന്റെ നിലപാട് അംഗീകരിക്കുവാനാവില്ല. ഗ്രാമപഞ്ചായ ത്തിന് വിവിധ ഇനങ്ങളിലായി ലഭിക്കേണ്ട ധനം പിരിക്കേണ്ട ചുമതല ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കാണ്. ആയതിനാൽ പ്രസ്തുത ഉത്തരവാദിത്വം നിറവേറ്റാതെ കുടിശ്ശിക ഉണ്ടാകുവാനും അതിലൂടെ സർക്കാർ പണം നഷ്ടപ്പെടുവാനും ഇടയാക്കിയതിന് കാരണക്കാരായ മുഴുവൻ ഉദ്യോഗസ്ഥരെയും കണ്ടെത്തി ബാദ്ധ്യത നിശ്ചയിച്ച് അവരിൽനിന്നും നഷ്ടത്തുക പലിശ സഹിതം ഈടാക്കി റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 23 | 87 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | കടമാൻതോട് തടയണ നിർമ്മാണ പ്രവൃത്തിക്ക് 11-8-2000-ൽ മുൻകൂറായി ഗ്രാമപഞ്ചായത്ത് നൽകിയ 87,500 രൂപ യിൽ 75,000 രൂപ 31-3-2002-ൽ മാത്രമാണ് കൺവീനർ തിരിച്ചടച്ചത്. പ്രവൃത്തി ആരംഭിക്കാത്തപക്ഷം മുൻകൂറായി കൈപ്പറ്റിയ തുക 45 ദിവസ ങ്ങൾക്കകം തിരിച്ചടയ്ക്കണമെന്നും അല്ലാത്തപക്ഷം 18% പലിശ ഈടാക്കണ മെന്നുമുള്ള ഓംബുഡ്സ്മാന്റെ വിധി പരിപൂർണ്ണമായും നടപ്പാക്കുന്നതിൽ പഞ്ചായത്ത് പരാജയപ്പെട്ടതായി സമിതി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വിലയിരുത്തുന്നു. തിരിച്ചടച്ച മുൻകൂർ തുകയായ 75,000 രൂപ കഴിച്ചുള്ള തുകയായ 12,500 രൂപ പിഴപ്പലിശ സഹിതം ഈടാക്കുന്നതിന് കളക്ടർക്ക് സമർപ്പിച്ച റവന്യൂ റിക്കവറി അപേക്ഷയുടെ അടിസ്ഥാനത്തിൽ 15,000 രൂപ ഈടാക്കാൻ കഴിഞ്ഞെങ്കിലും പിഴപ്പലിശ തുക അപേക്ഷയിൽ പരാമർശിക്കാത്തതിനാലാണ് പലിശത്തുക ഈടാക്കാൻ കഴിയാതെ പോയത്. ആയതിനാൽ കടമാൻതോട് തടയണ നിർമ്മാണത്തിന് മുൻകൂറായി നല്കിയ തുകയ്ക്കുള്ള പിഴപ്പലിശ അടിയന്തരമായി ഈടാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 24 | 88 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | കൂടാതെ, സൊസൈറ്റിക്കവല-ഇരുപ്പൂട് റോഡ് ടാറിംഗ് പ്രവൃത്തിക്ക് നല്കിയ 15,000 രൂപ ബന്ധപ്പെട്ട വ്യവസായ സഹകരണ സംഘത്തിൽനിന്നും പിഴപ്പലിശ സഹിതം റവന്യൂ റിക്കവറി നടപടി മുഖേന ഈടാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിനും തുക ഈടാക്കി അറിയിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 25 | 93 | ,, | കാലാവധി പൂർത്തിയായ 10,000 രൂപ മൂല്യമുള്ള ഇന്ദിരാ വികാസ് പത്രങ്ങൾ മാറിയെങ്കിലും ആയത് പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചിട്ടില്ല എന്ന ഓഡിറ്റ് നിരീക്ഷണം ശരിയാണെന്ന് സമിതി വിലയിരുത്തുന്നു. ഓഡിറ്റ് തടസ്സം ഉന്നയിച്ചതിനുശേഷം 2008-ൽ മാത്രമാണ് നടപടി സ്വീകരിച്ച് തുടങ്ങിയത്. ഡേ ബുക്കും അക്കൗണ്ട്സും ചട്ടങ്ങൾ പ്രകാരം സൂക്ഷിക്കുകയും ആയത് ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥൻ യഥാസമയം പരിശോധിക്കുകയും ചെയ്തിരുന്നുവെങ്കിൽ പരാമർശവിധേയമായ ധനാപഹരണം |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഉണ്ടാകുമായിരുന്നില്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. ഇക്കാര്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഭാഗത്തുനിന്നും ഭരണപരമായ വീഴ്ചയുണ്ടായതായി സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ, ഓഡിറ്റ് ഖണ്ഡികയിൽ ഉന്നയിച്ച തുക പലിശ സഹിതം ഈടാക്കുവാനാവശ്യമായ റവന്യൂ റിക്കവറി നടപടി ത്വരിതപ്പെടുത്തി ആയത് സംബന്ധിച്ച വിശദവിവരങ്ങൾ റിപ്പോർട്ട് ചെയ്യുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 26 | 98 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | പെൻഷൻ, ശമ്പളം, തൊഴിൽരഹിത വേതനം എന്നിവയുടെ വിതരണത്തിനായുള്ള ധനം അപഹരിച്ചാൽ ആയത് എളുപ്പം കണ്ടുപിടിക്കാൻ കഴിയുന്നതാണെന്ന് സമിതി മനസ്സിലാക്കുന്നു. പരാമർശവിധേയമായ 47,930 രൂപയുടെ അപഹരണം കണ്ടുപിടിക്കാത്തത് പ്രസ്തുത കാലയളവിലെ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടെയും വീഴ്ചയാണെന്ന് സമിതി വിലയിരുത്തുന്നു. ധനാപഹരണങ്ങൾ യഥാസമയം കണ്ടുപിടിക്കാത്ത ഉദ്യോഗസ്ഥരുടെ പേരിലും ബാദ്ധ്യത ചുമത്തേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. പെൻഷൻ, തൊഴിൽരഹിത വേതനം എന്നിവയുടെ വിതരണം സംബന്ധിച്ച ഡേ ബുക്കും അനുബന്ധരേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുകയും അവ പരിശോധിക്കുകയും ചെയ്യേണ്ടത് ബന്ധപ്പെട്ട സൂപ്രണ്ട്, സെക്രട്ടറി, ഡെപ്യൂട്ടി ഡയറക്ടർ എന്നിവരുടെ ചുമതലയാണെന്ന് നിരീക്ഷിച്ച സമിതി, പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ഭരണപരമായ പരിശോധന നടത്തി വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്ന് സമിതിയോഗത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇൻസ്പെക്ടിംഗ് ഓഫീസർമാരുടെയും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സൂപ്പർ വൈസറി ഓഫീസർമാരുടെയും ഭാഗത്ത് പിഴവുകൾ വന്നിട്ടുണ്ടെന്നും പരാമർശവിധേയമായ വിഷയം പ്രത്യേകം പരിശോധിച്ച് 2000-ൽ സർവ്വീസിലുണ്ടായിരുന്ന പെർഫോമൻസ് ഓഡിറ്റിലെ ഇൻസ്പെക്ടർമാർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരുടെ പേരിൽ അന്വേഷണം നടത്തുമെന്നും ശിക്ഷാ നടപടി സ്വീകരിക്കുമെന്നും തെളിവെടുപ്പ് യോഗത്തിൽ ഹാജരായ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ സമിതിക്ക് ഉറപ്പ് നല്കുകയുണ്ടായി. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് ആയതിന്റെ ചുമതലയുള്ള വയനാട് ഡെപ്യൂട്ടി കളക്ടർക്ക് 18-1-2010-ൽ കത്ത് നല്കിയതായും 2000-2001 വർഷത്തിൽ ചുമതലയുണ്ടായിരുന്ന ജീവനക്കാരുടെ പേര് വിവരം ശേഖരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നതായും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ, ഇക്കാര്യത്തിൽ സ്വീകരിച്ച അനന്തരനടപടി സംബന്ധിച്ച് യാതൊരു മറുപടിയും സർക്കാരിൽനിന്നും നാളിതുവരെ ലഭിച്ചിട്ടില്ല. സമിതി മുമ്പാകെ നല്കിയ ഉറപ്പ് പാലിക്കാത്തത് സമിതിയോടുള്ള അനാദരവായി സമിതി വിലയിരുത്തുകയും കടുത്ത അതൃപ്തി രേഖപ്പെടുത്തുകയും ചെയ്യുന്നു. |
| 27 | 99 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | കൂടാതെ, ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള കർഷകത്തൊഴിലാളി പെൻഷൻ, തൊഴിൽരഹിത വേതനം എന്നിവയുടെ വിതരണത്തിനായുള്ള തുകയിൽ അപഹരിക്കപ്പെട്ട 47,930 രൂപ പലിശ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കുവാനുള്ള നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കുവാനും ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വകുപ്പുതല ശിക്ഷാനടപടി സ്വീകരിച്ച് റിപ്പോർട്ടു ചെയ്യുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 28 | 107 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | പാടിച്ചിറ പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടനിർമ്മാണത്തിന്റെ അവസാന ബിൽ തീർപ്പാക്കി നാലു മാസത്തിനുശേഷം യാതൊരു സാധൂകരണ രേഖയുമില്ലാതെ 40,000 രൂപ വീണ്ടും നല്കിയതായി സമിതി മനസ്സിലാക്കുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ട് 2004-2005-ലെ ഓഡിറ്റ് ഖണ്ഡിക 3.12.I.3.4-ൽ പരാമർശിച്ചിരിക്കുന്ന ധനാപഹരണത്തിന് ആരോപണ വിധേയനായ സെക്രട്ടറി ഉൾപ്പെടെ മൂന്നു സെക്രട്ടറിമാർ വയനാട് ജില്ലയിൽ മാത്രമല്ല മറ്റു ജില്ലകളിൽ ജോലി ചെയ്യുന്ന സമയത്തും ടിയാൻമാരുടെ പേരിൽ ഇത്തരം കേസ്സുകളുണ്ടെന്ന് തെളിവെടുപ്പ് വേളയിൽ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ അറിയിക്കുകയുണ്ടായി. പ്രസ്തുത പഞ്ചായത്ത് സെക്രട്ടറിമാരുടെയും ഉദ്യോഗസ്ഥരുടെയും കൃത്യനിർവ്വഹണം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ കൃത്യമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ സമിതി ആവശ്യപ്പെടുകയും ആയതിന്മേൽ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ ഉറപ്പ് നല്കുകയും ചെയ്തെങ്കിലും സ്വീകരിച്ച നടപടി സംബന്ധിച്ച് യാതൊരു മറുപടിയും പഞ്ചായത്ത് ഡയറക്ടറിൽ നിന്നോ സർക്കാരിൽ നിന്നോ സമിതിക്ക് നാളിതുവരെ ലഭിച്ചിട്ടില്ല. പരാമർശ വിധേയമായ കാലത്തെ സെക്രട്ടറിയിൽ നിന്നും റവന്യൂ റിക്കവറി മുഖേന തുക ഈടാക്കുവാനുള്ള നടപടിക്കെതിരെ ബഹു. ഹൈക്കോടതി മുമ്പാകെ ടിയാൻ നല്കിയ റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ റവന്യൂ റിക്കവറി നടപടി സ്റ്റേ |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| | | | ചെയ്തിരിക്കുകയാണെന്നും സ്റ്റേ ഒഴിവാക്കുന്നതിന് കത്തു നല്കിയിരിക്കുകയാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. |
| 29 | 108 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | സമിതി മുമ്പാകെ നല്കിയ ഉറപ്പ് പാലിക്കാത്തതിലുള്ള സമിതിയുടെ അതൃപ്തി രേഖപ്പെടുത്തുന്നു. കൂടാതെ, പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെയുള്ള അന്വേഷണത്തിന്റെയും അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടിയുടെയും വിശദാംശങ്ങൾ സമർപ്പിക്കുവാൻ സമിതി ആവശ്യപ്പെടുന്നു. പഞ്ചായത്തിനുണ്ടായ നഷ്ടം ഈടാക്കുവാനുള്ള റവന്യൂ റിക്കവറി നടപടിക്കെതിരെയുള്ള സ്റ്റേ ഉത്തരവ് നീക്കികിട്ടുന്നതിന് സ്വീകരിച്ച നടപടി, കേസിന്റെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച റിപ്പോർട്ട് നല്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 30 | 109 | ,, | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നടത്തുന്ന പരിശോധനയിൽ കണ്ടെത്തുന്ന പ്രധാനപ്പെട്ട ക്രമക്കേടുകൾ പഞ്ചായത്ത് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്ന പതിവുണ്ടായിരുന്നതായി പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ സമിതി മുമ്പാകെ ബോധിപ്പിക്കുകയുണ്ടായി. ഓഡിറ്റ് ചൂണ്ടിക്കാട്ടുന്ന ക്രമക്കേടുകൾക്കെതിരെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറാണ് അനന്തര നടപടികൾ സ്വീകരിക്കേണ്ടതെങ്കിലും പ്രസ്തുത ക്രമക്കേടുകൾ പഞ്ചായത്ത് ഡയറക്ടറുടെ ശ്രദ്ധയിൽപ്പെടുത്തുന്നപക്ഷം അത്തരം കാര്യങ്ങളിന്മേൽ, സമിതി മുമ്പാകെ വരുന്നതിനുമുമ്പുതന്നെ വകുപ്പുതല നടപടികൾ സ്വീകരിക്കുവാൻ സാധിക്കുമെന്നും അദ്ദേഹം വ്യക്തമാക്കുകയുണ്ടായി. പഞ്ചായത്ത് അഡീഷണൽ ഡയറക്ടറുടെ നിർദ്ദേശം പരിഗണിച്ച സമിതി, ഭാവിയിൽ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് കണ്ടെത്തുന്ന പ്രധാനപ്പെട്ടതും ഭരണപരമായ നടപടികൾകൂടി ആവശ്യമായി വരുന്നതുമായ ക്രമക്കേടുകൾ സംബന്ധിച്ച വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് ബന്ധപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് കൊടുക്കുന്നതോടൊപ്പം ആയതിന്റെ ഒരു പകർപ്പ് പഞ്ചായത്ത് ഡയറക്ടറുടെ അറിവിലേക്കും നല്കണമെന്ന് ശിപാർശ ചെയ്യുന്നു. |
| 31 | 115 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | പ്രസ്തുത ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാനുള്ള സമിതി നിർദ്ദേശത്തിന്മേൽ പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. സമിതി നിർദ്ദേശം പാലിക്കാത്തതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. 'തൊഴിൽ നികുതി കുടിശ്ശിക പിരിവിൽ അലംഭാവം' എന്ന പരാമർശവുമായി ബന്ധപ്പെട്ട് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടെന്നും നടപടികളൊന്നും ആയിട്ടില്ല എന്നും, 'തൊഴിൽരഹിത വേതനം ബാക്കി തുക തിരികെ ഒടുക്കിയിട്ടില്ല' 'രേഖയില്ലാത്ത ചെലവ്' എന്നീ പരാമർശങ്ങളുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികൾ ബഹു. ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ടു ചെയ്യുന്നു. ആയതിനാൽ, പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടത്തിനുത്തരവാദികളാണെന്ന് കണ്ടെത്തിയിട്ടുള്ള ഉദ്യോഗസ്ഥരിൽനിന്നും പലിശ സഹിതം തുക ഈടാക്കുവാനും അവർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 32 | 116 | മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് | റവന്യൂ റിക്കവറി നടപടിക്കെതിരെയുള്ള ബഹു. ഹൈക്കോടതിയുടെ സ്റ്റേ നീക്കികിട്ടുവാനാവശ്യമായ നടപടി സ്വീകരിക്കുവാനും ഇക്കാര്യത്തിൽ എടുത്ത നടപടികൾ സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 33 | 125 | തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് | പദ്ധതിപ്രകാരം അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ച് തൊഴിലാളികൾക്ക് പരിശീലനം നൽകിയതിനുശേഷം വാങ്ങേണ്ടിയിരുന്ന മെതിയന്ത്രവും സ്പ്രേയറും നേരത്തെ വാങ്ങിയെങ്കിലും വർഷങ്ങൾ കഴിഞ്ഞിട്ടും സെന്റർ ആരംഭിക്കുകയോ പരിശീലനം നൽകുകയോ ചെയ്തിട്ടില്ല. പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ ആരായിരുന്നുവെന്ന് സമിതി ആരാഞ്ഞതിന് പഞ്ചായത്ത് സെക്രട്ടറിയായിരുന്നു പദ്ധതി നടപ്പാക്കിയതെന്നും ടിയാനാണ് ഉപകരണങ്ങൾ വാങ്ങിയതെന്നുമാണ് കൃഷി ഓഫീസറുടെ മറുപടിയെന്ന് സർക്കാർ അറിയിച്ചിരുന്നു. |
| 34 | 126 | ,, | കൃഷി വകുപ്പ് ഡയറക്ടറുടെ ഉത്തരവ് നടപ്പിലാക്കുന്നതിൽ നിർവ്വഹണോദ്യോഗസ്ഥൻ ഗുരുതരമായ വീഴ്ച വരുത്തിയിരിക്കുന്നു എന്ന ഓഡിറ്റ് പരമാർശത്തിൽനിന്ന് കൃഷി ഓഫീസറാണ് പദ്ധതി നടത്തിപ്പിൽ വീഴ്ച വരുത്തിയതെന്ന് കാണുന്നതിനാൽ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ, പഞ്ചായത്ത് സെക്രട്ടറി, ഉപകരണങ്ങൾ വാങ്ങിയ ഉദ്യോഗസ്ഥൻ എന്നിവരുടെ പേരു വിവരങ്ങളും പ്രോജക്ടിന്റെ പകർപ്പും ഒരാഴ്ചയ്ക്കുള്ളിൽ ല്ഭ്യമാക്കുവാൻ തെളിവെടുപ്പ് യോഗത്തിൽ നിർദ്ദേശിക്കുകയുണ്ടായി. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളുന്ന റിപ്പോർട്ട് 25-1-2010-ലെ കത്തുപ്രകാരം വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ഓഡിറ്റ് ഡയറക്ടർ സമിതിയെ അറിയിച്ചെങ്കിലും ആയത് സംബന്ധിച്ച യാതൊരു വിവരവും സമിതിക്ക് നാളിതു വരെ ലഭിച്ചിട്ടില്ല. സമിതി ആവശ്യപ്പെട്ട വിവരങ്ങൾ നാളിതുവരെയും നൽകാത്ത സർക്കാരിന്റെ നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. |
| 35 | 127 | തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് | പദ്ധതി നിർവ്വഹണത്തിൽ ഉദ്യോഗസ്ഥ തലത്തിൽ ഗുരുതരമായ വീഴ്ച ഉണ്ടായതായി സമിതി വിലയിരുത്തുന്നു. പരാമർശവിധേയമായ സംഗതിയിൽ യഥാർത്ഥ പദ്ധതി നിർവ്വഹണോദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കാത്തതും ബന്ധപ്പെട്ട ഫയൽ കാണ്മാനില്ല എന്ന വാദവും യഥാസമയം സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കാത്തതും ഉത്തരവാദികളായ ഉദ്യോഗസ്ഥരെ ബാദ്ധ്യതയിൽ നിന്നും രക്ഷപ്പെടുത്തുവാനുള്ള ഒരു ഉപായമായി മാത്രം സമിതി വിലയിരുത്തുന്നു. |
| 36 | 128 | ,, | ഈ സാഹചര്യത്തിൽ, പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ ആരായിരുന്നു; നിർവ്വഹണോദ്യോഗസ്ഥൻ കൃഷി ഓഫീസറായിരുന്നുവെങ്കിൽ ടിയാൻ നിർവ്വഹണച്ചുമതല ഏറ്റെടുക്കാതിരിക്കാനുള്ള കാരണം; ടിയാനിൽ അർപ്പിതമായ പ്രസ്തുത കർത്തവ്യം ഏറ്റെടുക്കാത്തതിനെതിരെ ടിയാന്റെ പേരിൽ സ്വീകരിച്ച നടപടി; നടപടിയൊന്നും സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം; കൃഷി ഓഫീസർ, നിർവ്വഹണോദ്യോഗസ്ഥന്റെ ചുമതല ഏറ്റെടുക്കാത്ത സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രസ്തുത ചുമതല ഏറ്റെടുത്തിട്ടുണ്ടോ, എങ്കിൽ ആയത് ഏൽപ്പിച്ച അധികാരസ്ഥാനവും ഉത്തരവും സംബന്ധിച്ച വിവരങ്ങൾ; അഗ്രോ സർവ്വീസ് സെന്റർ സ്ഥാപിച്ച് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | തൊഴിലാളികൾക്ക് പരിശീലനം നൽകിയതിനുശേഷം മാത്രം വാങ്ങേണ്ട ഉപകരണങ്ങൾ മുൻകൂട്ടി വാങ്ങിയ ഉദ്യോഗസ്ഥൻ ആരാണ്; ആയതിന് അനുമതി നൽകിയ അധികാരിയും ഉത്തരവും ഏതാണ്; പദ്ധതിയുടെ തുടർ പ്രവർത്തനം നടത്താത്തതിനുള്ള കാരണം എന്നിവ സംബന്ധിച്ച വിശദമായ റിപ്പോർട്ടും പ്രോജക്ടിന്റെ ഒരു പകർപ്പും നൽകുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 37 | 129 | തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് | പദ്ധതി നടപ്പാക്കാത്തതിനാൽ പദ്ധതിപ്പണം ദുരുപയോഗം ചെയ്യപ്പെട്ടതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ പദ്ധതി നടപ്പിലാക്കാത്തതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുവാനും പദ്ധതിപ്പണം ദുർവ്യയം ചെയ്തതിന് ഉത്തരവാദികളായവരിൽനിന്ന് പ്രസ്തുത തുക പലിശ സഹിതം തുല്യമായി ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 38 | 130 | ,, | കൂടാതെ സർക്കാർ മറുപടിയിൽ പരാമർശിച്ചിട്ടുള്ളതിൻപ്രകാരം പ്രോജക്ട് നടപ്പിലാക്കുവാൻ നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടി, പ്രോജക്ടിന്റെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 39 | 132 | ,, | ഓഡിറ്റ് തടസ്സമുന്നയിച്ച വൈദ്യുതി ബിൽ സർചാർജ്ജിനത്തിൽ അടച്ച 10,188 രൂപ പഞ്ചായത്ത് ഫണ്ടിൽ തിരിച്ചടച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 40 | 134 | ,, | ഓഡിറ്റ് നിരാകരിച്ച 7,000 രൂപ തിരിച്ചടച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 41 | 142 | തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് | പദ്ധതിപ്രകാരം ചെറുകിട വ്യവസായ യൂണിറ്റിനുള്ള രജിസ്ട്രേഷനുള്ള സ്ഥാപനത്തിനാണ് ആനുകൂല്യം നൽകേണ്ടതെങ്കിലും സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്ത രണ്ട് സ്വയംസേവക സംഘത്തിനാണ് ആനുകൂല്യം നൽകിയത്. പദ്ധതി രൂപകൽപ്പന ചെയ്തപ്പോഴുണ്ടായിരുന്ന വ്യവസ്ഥയ്ക്ക് വിരുദ്ധമായി ആനുകൂല്യം വിതരണം ചെയ്ത നടപടിയോട് സമിതി വിയോജിക്കുകയും ഭാവിയിൽ ഇത്തരം പ്രവണത ഒഴിവാക്കണമെന്ന് നിഷ്കർഷിക്കുകയും ചെയ്യുന്നു. തിരിച്ചടക്കേണ്ടതാണെന്ന വ്യവസ്ഥ പ്രകാരമാണ് 80,000 രൂപ നൽകിയതെങ്കിലും സ്വയംസേവക സംഘങ്ങളുടെ പ്രവർത്തനം നിലച്ചതിനു ശേഷം കണ്ടുകെട്ടിയ ഫർണിച്ചറിന് നിശ്ചയിച്ച വിലയായ 15,000 രൂപ ഉൾപ്പെടെ ആകെ 33,000 രൂപ മാത്രമേ ഈടാക്കിയിട്ടുള്ളുവെന്ന് തെളിവെടുപ്പ് വേളയിൽ ലഭിച്ച മറുപടികളിൽനിന്ന് സമിതിക്ക് ബോദ്ധ്യമായി. ആയതിനാൽ പ്രസ്തുത തുക കഴിച്ചുള്ള തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാനും സമിതി ആവശ്യപ്പെട്ടിരുന്നു. സമിതി നിർദ്ദേശപ്രകാരം, ഈടാക്കാൻ അവശേഷിക്കുന്ന 38,691 രൂപ സ്നേഹ സ്വയംസേവക സംഘം സെക്രട്ടറിയിൽ നിന്നും 18% പലിശ സഹിതം ഈടാക്കുവാൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നോട്ടീസ് അയച്ചിട്ടുണ്ടെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. എന്നാൽ, ഇതു സംബന്ധിച്ച് സർക്കാരിൽനിന്നും യാതൊരു മറുപടിയും നാളിതുവരെയായി സമിതിക്ക് ലഭിച്ചിട്ടില്ല. ആയതിനാൽ, നാളിതുവരെ പ്രസ്തുത തുക ഈടാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള കാരണം അറിയിക്കുന്നതിനും അടിയന്തരമായി തുക ഈടാക്കുവാനുള്ള നടപടി സ്വീകരിക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 42 | 149 | തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് പരാമർശവും ആയതിനുള്ള സർക്കാരിന്റെയും നിർവ്വഹണോദ്യോഗസ്ഥന്റെയും മറുപടികളും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പുനഃപരിശോധനാ റിപ്പോർട്ടും 17-11-2009, 17-8-2010 എന്നീ യോഗങ്ങളിൽ വിശദമായി പരിശോധിക്കുകയുണ്ടായി. 1998-1999 വാർഷിക പദ്ധതിയിലുൾപ്പെടുത്തി നടപ്പാക്കാൻ കഴിയാത്ത പ്രോജക്ടുകൾ സ്പിൽ ഓവർ പദ്ധതിയായി 1999-2000 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കാമെന്നും ഇതിലേക്ക് 1999-2000 വർഷത്തെ Plan document അംഗീകരിക്കുന്നതുവരെ കാത്തിരിക്കേണ്ട ആവശ്യമില്ലെന്നും ആയതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു പ്രമേയം പാസ്സാക്കിയാൽ മതിയെന്നും ആസൂത്രണവും സാമ്പത്തിക കാര്യവും വകുപ്പിന്റെ 5-4-1999-ലെ ജി.ഒ. (എംഎസ്.) നമ്പർ 20/99/Plg. സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശത്തിൽ വ്യക്തമാക്കുന്നു. 1998-1999 ലെ ഉത്തരവു പ്രകാരം എസ്‌സി./എസ്.റ്റി.-ബി.പി.എൽ. കുടുംബങ്ങൾക്ക് 75%, മറ്റു ബി.പി.എൽ. കുടുംബങ്ങൾക്ക് 50%, നോൺ ബി.പി.എൽ. കുടുംബങ്ങൾക്ക് 25% എന്നതോതിലായിരുന്നു സബ്സിഡി നിശ്ചയിച്ചിരുന്നത്. എന്നാൽ, 'സ്പിൽ ഓവർ' പദ്ധതിയായി മേൽപദ്ധതി നടപ്പാക്കിയപ്പോൾ 1999-2000 പദ്ധതി പരിപാടിയായാണ് പഞ്ചായത്ത് പ്രമേയം പാസ്സാക്കി നിർവ്വഹണോദ്യോഗസ്ഥനു നൽകിയതെന്ന് സമിതി നിരീക്ഷിക്കുന്നു. നിർവ്വഹണോദ്യോഗസ്ഥൻ 5-4-1999-ലെ ഉത്തരവിലെ മാർഗ്ഗനിർദ്ദേശപ്രകാരമുള്ള '75% for SC/ST & other BPL families and 25% for non BPL families' എന്ന നിരക്കിൽ പദ്ധതി നടപ്പാക്കിയതെന്നും പദ്ധതിയുമായി ബന്ധപ്പെട്ട് സാമ്പത്തിക ക്രമക്കേടോ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | നിർവ്വഹണോദ്യോഗസ്ഥന്റെ ഭാഗത്തു വീഴ്ചയോ സംഭവിച്ചിട്ടില്ലെന്നും സമിതി വിലയിരുത്തുന്നു. ആയതിനാൽ, പ്രസ്തുത ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 43 | 156 | സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള അംഗീകൃത അധിക നിരക്കിനേക്കാൾ കൂടിയ അധിക നിരക്ക് നൽകിയതിലൂടെ പദ്ധതി വിഹിതത്തിൽനിന്നും നഷ്ടമായ 25,978 രൂപയുടെ നഷ്ടത്തിന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ മരണപ്പെട്ടതിനാൽ അദ്ദേഹത്തിന്റെ ഭാര്യയിൽനിന്നും റവന്യൂ റിക്കവറി മുഖേന ഈടാക്കുവാനുള്ള നടപടിക്ക് ബഹു. ഹൈക്കോടതി 19-1-2009-നു സ്റ്റേ ഉത്തരവ് നൽകിയിരിക്കുകയാണെന്നും ആയത് തുടരുകയാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 11-5-2010-ലെ മറുപടിയിൽനിന്നും ബോധ്യമാകുന്നു. ആയതിനാൽ പ്രസ്തുത സ്റ്റേ ഉത്തരവിന്റെ നിലവിലെ സ്ഥിതി അറിയിക്കുവാനും സ്റ്റേ ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നപക്ഷം ആയത് നീക്കികിട്ടുവാനാവശ്യമായ അടിയന്തര നടപടി സ്വീകരിച്ച് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 44 | 165 | ,, | വനിതകൾക്കുമാത്രമായി ആനുകൂല്യം നൽകുന്നതിന് അംഗീകാരം ലഭിച്ച കാലിത്തൊഴുത്ത് നിർമ്മാണ പദ്ധതിയിൽ 7 പുരുഷ ഗുണഭോക്താക്കൾക്ക് 1,600 രൂപ വീതം ആകെ 11,200 രൂപ നൽകിയതായി സമിതി മനസ്സിലാക്കുന്നു. മതിയായ എണ്ണം വനിതാ ഗുണഭോക്താക്കളെ ലഭിക്കാത്തതിനാലാണ് പുരുഷ ഗുണഭോക്താക്കൾക്ക് കൂടി ആനുകൂല്യം നൽകിയതെന്നും 2003-2004-ലെ മറ്റൊരു പദ്ധതിയിൽ വനിതകളെ ഉൾപ്പെടുത്തി ഈ കുറവ് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പരിഹരിച്ചിട്ടുണ്ടെന്നുമുള്ള ഗ്രാമപഞ്ചായത്തിന്റെ വാദം അംഗീകരിക്കാനാവില്ല. ഒരിക്കൽ അംഗീകരിച്ച പദ്ധതിയിൽ മാറ്റം വരുത്തുവാൻ ഡി.പി.സി.യുടെ അംഗീകാരം ആവശ്യമാണ്. ഇക്കാര്യത്തിൽ ഡി.പി.സി.-യുടെ അംഗീകാരം ലഭിച്ചിട്ടില്ല. കൂടാതെ 1999 മുതൽ മാർഗ്ഗനിർദ്ദേശങ്ങൾ ലംഘിച്ച് നൽകിയ തുക തടസ്സപ്പെടുത്തിക്കൊണ്ടുള്ള ഓഡിറ്റ് പരാമർശമടങ്ങിയ ഖണ്ഡിക നിയമസഭ മുമ്പാകെ സമർപ്പിച്ച സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ വന്നതിനുശേഷം സഭാസമിതി പരിശോധനാ വിധേയമാക്കുന്നതിനുമുമ്പ് തന്നെ 4-6-2003-ലെ ഗ്രാമപഞ്ചായത്ത് ഭരണ സമിതി പരിഗണിക്കുകയും പദ്ധതിയിൽ വരുത്തിയ ഭേദഗതിക്ക് അംഗീകാരം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ സർച്ചാർജ് നടപടികളിൽനിന്ന് ബന്ധപ്പെട്ടവരെ ഒഴിവാക്കുകയും ചെയ്തതായും സമിതിക്ക് ബോദ്ധ്യപ്പെട്ടു. അംഗീകരിച്ച പദ്ധതിയിൽ മാറ്റം വരുത്തുവാൻ തീരുമാനിച്ച തീയതി, നമ്പർ, രേഖകൾ, ഭരണ സമിതി പ്രസിഡന്റ്, അംഗങ്ങൾ, വിയോജിപ്പ് രേഖപ്പെടുത്തിയവർ എന്നിവ അടങ്ങിയ റിപ്പോർട്ട് രണ്ടാഴ്ചയ്ക്കകം നൽകണമെന്ന് തെളിവെടുപ്പ് വേളയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് സമിതി ആവശ്യപ്പെട്ടിരുന്നു. ഇതു സംബന്ധിച്ച് 11-5-2010-ൽ തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറി നൽകിയ റിപ്പോർട്ടിൽ പദ്ധതിയിൽ മാറ്റം വരുത്തി നടപ്പിലാക്കിയ 1999-2000 കാലയളവിലെ വിവരങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതല്ല എന്നും പ്രസ്തുത പദ്ധതിയിൽ ഭേദഗതിവരുത്തി ആനുകൂല്യം നൽകിയ നടപടിക്ക് 4-6-2003-ലെ ഗ്രാമപഞ്ചായത്ത് ഭരണ സമിതി അംഗീകാരം നൽകിയ തീരുമാനത്തിന്റെ പകർപ്പും 2003-ലെ ഭരണസമിതി |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പ്രസിഡന്റ്, അംഗങ്ങൾ എന്നിവരുടെ പേരു വിവരങ്ങളുമാണെന്ന് കാണുന്നു. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ റിപ്പോർട്ടും ഇതേ വിധത്തിലുള്ളതാണെന്നും സമിതി മനസ്സിലാക്കുന്നു. |
| 45 | 166 | സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് | ഒരിക്കൽ അംഗീകരിച്ച പദ്ധതി മതിയായ അംഗീകാരം നേടാതെ ഭേദഗതി വരുത്തി നടപ്പിലാക്കിയ പഞ്ചായത്തിന്റെ നടപടി ഉചിതമല്ല എന്ന് സമിതി അഭിപ്രായപ്പെടുന്നു. വനിതാ ഗുണഭോക്താക്കൾക്കുള്ള പദ്ധതിയിലെ ആനുകൂല്യം പുരുഷന്മാർക്ക് നൽകുവാൻ പദ്ധതി കാലയളവിലെ ഭരണസമിതി തീരുമാനമെടുത്തിട്ടുള്ളപക്ഷം ഓഡിറ്റ് തടസ്സപ്പെടുത്തിയ തുക പലിശ സഹിതം 1999-2000 കാലയളവിലെ ഭരണ സമിതി പ്രസിഡന്റിൽ നിന്നും അംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഭരണസമിതി തീരുമാനമില്ലാതെയാണ് സബ്സിഡി തുക ക്രമവിരുദ്ധമായി വിതരണം ചെയ്തതെങ്കിൽ ആയതിനുത്തരവാദികളായ നിർവ്വഹണോദ്യോഗസ്ഥരിൽനിന്ന് പലിശ സഹിതം ടി തുക ഈടാക്കുവാനും സമിതി ശിപാർശ ചെയ്യുന്നു. നിയമസഭയിൽ സമർപ്പിച്ച സമാഹൃത റിപ്പോർട്ടിൽ പരാമർശവിധേയമായ സംഗതി പരിശോധിക്കുന്നതിനും ആവശ്യമായ നിർദ്ദേശങ്ങളും ശിപാർശകളും നൽകുന്നതിനുമുള്ള അധികാരം സഭാ സമിതിക്കാണ്. ആയത് സഭാസമിതിയുടെ പ്രത്യേകാവകാശമാണെന്നിരിക്കെ സമിതി പ്രസ്തുത ഓഡിറ്റ് ഖണ്ഡികയും അതിന്മേലുള്ള ന്യൂനതാപരിഹാര നടപടി പത്രികയും പരിഗണിക്കുന്നതിനും തെളിവെടുക്കുന്നതിനും മുമ്പേ, പദ്ധതി ഭേദഗതി വരുത്തിയതിന് 4-6-2003-ലെ ഗ്രാമപഞ്ചായത്ത് ഭരണസമിതി അംഗീകാരം നൽകിയ നടപടി തികച്ചും അനുചിതമാ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | ണെന്നും ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ അവകാശാധികാരങ്ങൾക്ക് അതീതമായ സംഗതിയാണെന്നും ശ്രദ്ധയിൽപ്പെടുത്തുവാൻ സമിതി ആഗ്രഹിക്കുന്നു. ഭാവിയിൽ ഇത്തരത്തിലുള്ള തീരുമാനങ്ങൾ ഉണ്ടാകരുതെന്നും ഓഡിറ്റ് റിപ്പോർട്ടുകളിലെ നടപടിക്രമങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവബോധമുള്ളവരായിരിക്കണമെന്നും അവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയെ ആവശ്യമായ സന്ദർഭങ്ങളിൽ ധരിപ്പിക്കേണ്ടതാണെന്നും സമിതി ആവശ്യപ്പെടുന്നു. ഇക്കാര്യത്തിൽ ഭരണവകുപ്പ് ആവശ്യമായ നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 46 | 167 | സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 4-6-2003-ൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ വെളിച്ചത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി ക്രമവിരുദ്ധമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ഇക്കാര്യത്തിലുണ്ടായ വീഴ്ചയെ സമിതി ഗൗരവമായാണ് വീക്ഷിക്കുന്നത്. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ലെന്നും ഇത്തരം വീഴ്ചകൾ നിരന്തരം ഉണ്ടാകുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ടുകളും സമാഹൃത റിപ്പോർട്ടുകളും സഭയിൽ സമർപ്പിച്ച് കഴിഞ്ഞാൽ അവയിലെ ഓഡിറ്റ് ഖണ്ഡികകൾ സഭാസമിതി പരിഗണിച്ച് അന്തിമ തീരുമാനം എടുക്കുന്നതിനുമുമ്പോ ഓഡിറ്റ് ഉന്നയിക്കുന്ന ന്യൂനത പരിഹരിക്കുന്നതിനു മുമ്പോ ഓഡിറ്റ് തടസ്സം നീക്കുന്ന കീഴ്വഴക്കം അവസാനിപ്പിക്കണമെന്നും അവ പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 47 | 168 | സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് | സമിതി തെളിവെടുപ്പ് വേളയിൽ 1999-2000-ലെ ഭരണസമിതി പ്രസിഡന്റ്, അംഗങ്ങൾ പദ്ധതിയിലെ ഭേദഗതി സംബന്ധിച്ച വിവരങ്ങൾ എന്നിവയാണ് ആവശ്യപ്പെട്ടിരുന്നതെങ്കിലും 1999-2000 കാലയളവിലെ പദ്ധതി ഭേദഗതി ചെയ്ത് നടപ്പാക്കിയതിന് 2003-ലെ ഭരണസമിതി സാധൂകരണം നൽകിയ യോഗത്തിലെ വിവരങ്ങളാണ് സമിതിക്ക് നൽകിയത്. സമിതി ആവശ്യപ്പെട്ട യഥാർത്ഥ വിവരങ്ങൾ നൽകാത്ത പഞ്ചായത്തിന്റെയും സർക്കാരിന്റെയും നടപടിയിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. കൂടാതെ, ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകളുണ്ടാകരുതെന്നും സമിതി ആവശ്യപ്പെട്ട വിവരങ്ങൾ ഏതെന്ന് മനസ്സിലാക്കി അവ നൽകേണ്ടതാണെന്നും സമിതി ആവശ്യപ്പെടുന്നു. |
| 48 | 175 | വൈത്തിരി ഗ്രാമപഞ്ചായത്ത് | ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-2003-ലെ സമാഹൃത റിപ്പോർട്ടിലെ VII.I.12.6(i) & (ii) ഓഡിറ്റ് ഖണ്ഡികകളിലായി പരാമർശിച്ചിട്ടുള്ള ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾക്ക് വാടക വർദ്ധിപ്പിച്ചതിലൂടെ ഈടാക്കേണ്ട അധിക തുക ഈടാക്കാത്തതിലൂടെ പഞ്ചായത്തിനുണ്ടായ 8,040 രൂപയുടെയും മൂന്നു പൊതുമരാമത്ത് പ്രവൃത്തികൾക്ക് പ്രവൃത്തിമൂല്യത്തേക്കാൾ അധികം നൽകിയതിലൂടെയുണ്ടായ 34,430 രൂപയുടെയും നഷ്ടത്തിന് ഉത്തരവാദി അന്നത്തെ പഞ്ചായത്ത് സെക്രട്ടറിയാണെന്ന് തെളിവെടുപ്പിൽനിന്നും വ്യക്തമായി. പ്രസ്തുത ഉദ്യോഗസ്ഥൻ സർവ്വീസിൽ ഉണ്ടായിട്ടും നഷ്ടത്തുക റവന്യൂ റിക്കവറിയിലൂടെ ഈടാക്കുവാൻ വകുപ്പ് സ്വീകരിച്ച നടപടി ശരിയല്ലെന്നും ടി തുക 12% പലിശ സഹിതം ടിയാന്റെ ശമ്പളത്തിൽ നിന്നും ഈടാക്കുവാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സമിതി ആവശ്യപ്പെട്ടു. സമിതി നിർദ്ദേശിച്ചതനുസരിച്ച് പലിശത്തുക നിർണ്ണയിച്ച് പലിശസഹിതം നഷ്ടത്തുക ബന്ധപ്പെട്ട സെക്രട്ടറിയുടെ ശമ്പളത്തിൽനിന്നും പ്രതിമാസം 2,711 രൂപ വീതം 34 തവണകളായി (ആകെ 92,160 രൂപ) തിരിച്ചീടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിച്ചിട്ടുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിൻപ്രകാരം പ്രസ്തുത തുക ഈടാക്കിയതു സംബന്ധിച്ച വിശദ വിവരവും നിലവിലെ സ്ഥിതിയും അറിയിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 49 | 181 | മേപ്പാടി ഗ്രാമപഞ്ചായത്ത് | നെല്ലിമാളം ജലസേചന കനാൽ പ്രോജക്ടിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയ 2,50,535 രൂപ ടി സ്ഥാപനത്തിന് മറ്റു പ്രവൃത്തികളിൽ നൽകേണ്ട തുകകളിൽ കുറവ് ചെയ്തിട്ടുള്ളതായി സർക്കാർ മറുപടിയിൽനിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും സമിതിക്ക് ബോദ്ധ്യമായി. എന്നാൽ, സമാഹൃത റിപ്പോർട്ടിലെ ഓഡിറ്റ് ഖണ്ഡിക സമിതി പരിഗണിക്കുന്നതിനുമുമ്പ് ഓഡിറ്റ് തടസ്സം ഒഴിവാക്കിയ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ നടപടി, നടപടിക്രമങ്ങളുടെ ലംഘനമാണെന്ന് സമിതി അഭിപ്രായപ്പെടുന്നു. എന്നാൽ, ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി രൂപീകൃതമായ പ്രാരംഭദശയിലെ ആശയക്കുഴപ്പംമൂലമാണ് ആയത് സംഭവിച്ചതെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ അനന്തര നടപടികളൊന്നും സ്വീകരിക്കേണ്ടതില്ലെന്നും ഓഡിറ്റ് തടസ്സം ഒഴിവാക്കിയത് സാധൂകരിക്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
| --- | --- | --- | --- |
| 50 | 186 | മേപ്പാടി ഗ്രാമപഞ്ചായത്ത് | ജെ.ജി.എസ്.വൈ. പദ്ധതിപ്രകാരം കൺവീനർക്ക് മുൻകൂറായി നൽകിയ 12,500 രൂപ കൺവീനറിൽനിന്നും ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് 18-1-2008-ലെ ജെ 4-463/97 നമ്പർ കത്ത് പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതായാണ് ഓഡിറ്റ് ഖണ്ഡികയിന്മേൽ സർക്കാരിൽ നിന്നും ലഭിച്ച ന്യൂനതാ പരിഹാര നടപടി പത്രികയിൽ പരാമർശിച്ചിട്ടുള്ളത്. പ്രസ്തുത പത്രികയിൽ കൺവീനറുടെ പേര് ശ്രീ. പി. ആർ. അഗസ്റ്റിൻ എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ, തെളിവെടുപ്പ് വേളയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ ശ്രീ. പി. ആർ. അഗസ്റ്റിൻ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറാണെന്ന് പറയുന്നു. മുൻകൂർ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ തെളിവെടുപ്പ് വേളയിൽ സമിതി ആവശ്യപ്പെട്ടെങ്കിലും യാതൊരു റിപ്പോർട്ടും ഗ്രാമപഞ്ചായത്തു സെക്രട്ടറിയിൽ നിന്നോ സർക്കാരിൽ നിന്നോ നാളിതുവരെ ലഭിച്ചിട്ടില്ല. ഇതു സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ നൽകിയ റിപ്പോർട്ടിൽ, പഞ്ചായത്ത് ഭരണസമിതി തീരുമാന പ്രകാരം, അധികം നൽകിയ തുക തിരിച്ച് പിടിക്കുന്നതിന് കൺവീനറായ ശ്രീ. വെള്ളക്കന്റെ പേരിൽ റവന്യൂ റിക്കവറി നടപടികൾ കൈക്കൊള്ളുന്നതിന് 6-11-2009-ലെ എ 5-386/09-ാം നമ്പർ കത്തു മുഖേന അപേക്ഷിച്ചിട്ടുണ്ട് എന്നും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല എന്നും പറഞ്ഞിരിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 51 | 187 | മേപ്പാടി ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിച്ച തുക തിരികെ ഈടാക്കുന്നതിനു റവന്യൂ റിക്കവറി നടപടി ആവശ്യപ്പെട്ട് വയനാട് ജില്ലാ കളക്ടർക്ക് അയച്ച 18-1-2008-ലെ കത്തിൽ കൺവീനറുടെ പേരിനുപകരം നിർവ്വഹണോദ്യോഗസ്ഥന്റെ പേര് കടന്നുകൂടിയതെങ്ങനെയെന്നും പ്രസ്തുത കത്തിന്മേൽ സ്വീകരിച്ച അനന്തര നടപടിയെന്താണെന്നും ഇത്തരമൊരു വീഴ്ച സംഭവിച്ചതിന് ഉത്തരവാദി ആരെന്നും അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ സമിതി ആവശ്യപ്പെടുന്നു. പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം 6-11-2009-ലെ കത്ത് പ്രകാരം റവന്യൂ റിക്കവറി നടപടിക്ക് അപേക്ഷിച്ചിട്ടുണ്ട് എന്ന് പരാമർശിക്കുന്നതല്ലാതെ പ്രസ്തുത അപേക്ഷ ആർക്കാണ് സമർപ്പിച്ചിട്ടുളളതെന്ന് വ്യക്തമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ18-1-2008-ലെ റവന്യൂ റിക്കവറി ആവശ്യപ്പെട്ടുകൊണ്ടുളള ഒരു കത്ത് ജില്ലാകളക്ടർക്ക് അയച്ചതിനുശേഷം 6-11-2009-ൽ പഞ്ചായത്ത് ഭരണ സമിതി വീണ്ടും ഒരു തീരുമാനമെടുത്ത് മറ്റൊരു അപേക്ഷകൂടി പുതിയതായി സമർപ്പിച്ചതിന്റെ കാരണവും വിശദാംശങ്ങളും റവന്യൂ റിക്കവറി നടപടിയുടെ നിലവിലെ സ്ഥിതിയും സംബന്ധിച്ച് റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു. |
| 52 | 198 | പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്ത് | മണൽ ലേലത്തുക ഈടാക്കിയില്ല എന്ന ഓഡിറ്റ് പരാമർശത്തിന്മേൽ മുൻ സെക്രട്ടറി ശ്രീ. എം. പി. ശ്രീധരനിൽനിന്നും ഈടാക്കുവാനുള്ള 53,750 രൂപയും പലിശയിനത്തിലുള്ള 69,660 രൂപയും ടിയാന്റെ ഡി.സി.ആർ.ജി.യിൽനിന്നും ഈടാക്കി പഞ്ചായത്തു ഫണ്ടിൽ അടച്ചതായുളള തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 53 | 199 | പടിഞ്ഞാറെത്തറ ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് പരാമർശത്തിന്മേൽ തുക ഈടാക്കുന്നതു സംബന്ധിച്ച് 5-6-2004-ലെ കത്ത് കാസറഗോഡ് ഡി. ഡി. പി.-ക്ക് ലഭിച്ചതു മുതൽ തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കാതിരുന്നത് സമിതി ഗൗരവത്തോടെ വീക്ഷിക്കുന്നു. ആയതിനാൽ, പ്രസ്തുത കത്തു ലഭിച്ചതിനുശേഷം സമിതി യോഗം ചേർന്ന 2009 നവംബർ 17 വരെ ചുമതലയുണ്ടായിരുന്ന ബന്ധപ്പെട്ട ഡി. ഡി. പി.മാർക്കെതിരെ വകുപ്പുതല അന്വേഷണം നടത്തി നടപടി സ്വീകരിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് നൽകണമെന്ന് തെളിവെടുപ്പ് യോഗത്തിൽ സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ യഥാസമയം നടപടി സ്വീകരിക്കാതിരുന്ന ഉദ്യോഗസ്ഥരെല്ലാം വിരമിച്ചതിനാൽ വകുപ്പുതല നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന് സർക്കാർ അറിയിച്ചിരിക്കുന്നു. 5-6-2004-ലെ കത്ത് പ്രകാരം തുക ഈടാക്കുന്നതിൽ വീഴ്ച വരുത്തിയ ഡി.ഡി.പി.മാർക്കെതിരെ സമയബന്ധിതമായി വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാതിരുന്നത് ഭരണ വകുപ്പിന്റെ അനാസ്ഥയായി സമിതി വിലയിരുത്തുന്നു. ഇത്തരം നടപടികൾ ഭാവിയിൽ ആവർത്തിക്കരുതെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| 54 | 202 | ,, | ഓഡിറ്റ് നിരാകരിച്ച തുക തിരിച്ചടച്ചതിന്റെ രസീത് ഹാജരാക്കിയെങ്കിലും കളക്ഷൻ ബുക്കും ക്യാഷ്ബുക്കും ഹാജരാക്കാത്തതിനാൽ ഒത്തുനോക്കാൻ സാധിച്ചിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അറിയിച്ച സാഹചര്യത്തിൽ പ്രസ്തുത ബുക്കുകൾ അടിയന്തരമായി ഓഡിറ്റിന്റെ പരിശോധനക്കു വിധേയമാക്കണമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 55 | 216 | അമ്പലവയൽ ഗ്രാമപഞ്ചായത്ത് | അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ നാല് മരാമത്തു പണികളുമായി ബന്ധപ്പെട്ട് കൺവീനർക്ക് അധികമായി 1,09,185 രൂപ നൽകിയതായ ഓഡിറ്റ് ഖണ്ഡികയുടെ പരിശോധനാവേളയിൽ, മെറ്റീരിയൽ സപ്ലൈ ചെയ്യണമെങ്കിൽ ആയത് കരാർ വ്യവസ്ഥയിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു വെന്ന് സമിതി അഭിപ്രായപ്പെടുകയും പരാമർശ വിധേയമായ പ്രവൃത്തികളുടെ കരാർ വ്യവസ്ഥയിൽ ഇക്കാര്യം ഉൾപ്പെടു ത്താത്തത് സംബന്ധിച്ച വിശദീകരണം ആരായുകയും ചെയ്തു. എന്നാൽ, സമിതിയുടെ ചോദ്യത്തിന് വ്യക്തമായ ഉത്തരം നൽകുവാൻ തെളിവെടുപ്പ് യോഗത്തിൽ ഹാജരായ ഉദ്യോഗസ്ഥർക്ക് സാധിച്ചിരുന്നില്ല. പ്രസ്തുത സാഹചര്യ ത്തിൽ പ്രാദേശിക പരിശോധന നടത്തി വിഷയം സംബന്ധിച്ച് വിശദമായ റിപ്പോർട്ട് സമർപ്പിക്കണമെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറോട് സമിതി ആവശ്യപ്പെ ട്ടിരുന്നു. എന്നാൽ ടി റിപ്പോർട്ട് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ നാളിതു വരെയും സമർപ്പിച്ചിട്ടില്ല. പ്രാദേശിക പരിശോധന നടത്തുന്നതിനാവശ്യമായ യാതൊരു രേഖകളും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനു പഞ്ചായത്ത് നൽകിയിട്ടില്ല എന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ അറിയിച്ചിരിക്കുന്നു. സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറു ടെയും പഞ്ചായത്തിന്റെയും പ്രസ്തുത നടപടിയിൽ സമിതി അതൃപ്തി രേഖപ്പെടു ത്തുന്നു. കൂടാതെ സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും, ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറും അടിയന്തരമായി പ്രാദേശിക പരിശോധന നടത്തുവാനും ചട്ടവിരുദ്ധമായി തുക നൽകിയിട്ടുണ്ടെങ്കിൽ ആയത് തിട്ടപ്പെടുത്തുവാനും അതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ടിന്റെ ഓരോ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | പകർപ്പ് സർക്കാരിനും സമിതിക്കും സമർപ്പിക്കുവാനും സമിതി ആവശ്യപ്പെടുന്നു. ടി റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിച്ച് റിപ്പോർട്ട് നൽകുവാൻ സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 56 | 219 | തരിയോട് ഗ്രാമപഞ്ചായത്ത് | വാസയോഗ്യമായ വീടില്ലാത്ത പട്ടികവർഗ്ഗക്കാരായ ഗുണഭോക്താക്കളുടെ പുനരധിവാസത്തിന് ധനസഹായം നൽകുക എന്നതായിരുന്നു പദ്ധതി വിഭാവനം ചെയ്തിരുന്നതെന്ന് തെളിവെടുപ്പ് വേളയിലെ വിശദീകരണത്തിൽനിന്നും സമിതി മനസ്സിലാക്കുന്നു. ഓട് മേഞ്ഞ വീടാണെങ്കിലും അവ വാസയോഗ്യമായ അവസ്ഥയിലായിരുന്നു എന്ന നിഗമനത്തിലെത്തുവാൻ സാധിക്കുകയില്ല. അത്തരം വീടുകൾക്കും ബലക്ഷയമുണ്ടാകാമെന്നും അവ വാസയോഗ്യമാക്കുവാൻ ധനസഹായം നൽകിയ പഞ്ചായത്തിന്റെ നടപടി അനുചിതമാണെന്ന് പറയുവാൻ കഴിയില്ലെന്നും സമിതി അഭിപ്രായപ്പെടുന്നു. പദ്ധതിപ്രകാരമുള്ള ധനസഹായം ലഭിച്ച പരാമർശവിധേയരായ വ്യക്തികൾ പട്ടികവർഗ്ഗ വിഭാഗക്കാരാണെന്നും ഗുണഭോക്തൃപട്ടികയിൽ ഉൾപ്പെട്ടവരാണെന്നും അവർക്ക് ധനസഹായം നൽകുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമുണ്ടെന്നും പദ്ധതി നടത്തിപ്പിൽ മോണിട്ടറിംഗ് ഉണ്ടായിരുന്നുവെന്നും ഘട്ടംഘട്ടമായാണ് ധനസഹായം നൽകിയതെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണവും ആയത് പരിഗണിക്കാവുന്നതാണെന്ന ലോക്കൽ ഫണ്ട് ജോയിന്റ് ഡയറക്ടറുടെ അഭിപ്രായവും മുൻനിർത്തി ഓഡിറ്റ് തടസ്സം നീക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 57 | 225 | തരിയോട് ഗ്രാമപഞ്ചായത്ത് | പെൻഷൻ വിതരണത്തിന് പിൻവലിച്ച 3,02,079 രൂപ വിതരണം ചെയ്തതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും 67,849 രൂപ വിതരണം ചെയ്തതുമായി ബന്ധപ്പെട്ട കൈപ്പറ്റ് രസീതോ, കൂപ്പണോ പഞ്ചായത്ത് ഫണ്ടിൽ തിരികെ അടച്ചതിന്റെ രേഖകളോ ഹാജരാക്കാത്തതിനാൽ അവ അടിയന്തരമായി കണ്ടെത്തി ഓഡിറ്റിന് ഹാജരാക്കുവാൻ സമിതിയുടെ 17-11-2009-ലെ യോഗത്തിൽ ഗ്രാമപഞ്ചായത്തിന്റെ മുൻ സെക്രട്ടറിയോട് സമിതി നിർദ്ദേശിച്ചിരുന്നു. എന്നാൽ പ്രസ്തുത റിപ്പോർട്ട് നാളിതുവരെയായി ഹാജരാക്കിയിട്ടില്ലെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ 19-3-2010-ലെ കത്തുമുഖേന അറിയിക്കുകയുണ്ടായി. ആയതിനാൽ, ഓഡിറ്റ് ആവശ്യപ്പെട്ട രേഖകൾ രണ്ടുമാസത്തിനകം ഓഡിറ്റിന് ഹാജരാക്കുവാനും ആയത് പരിശോധിച്ച് ബോദ്ധ്യമാകുന്നപക്ഷം ഓഡിറ്റ് തടസ്സം നീക്കി റിപ്പോർട്ട് നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു. നിർദ്ദിഷ്ട കാലയളവിനുള്ളിൽ രേഖകൾ ഹാജരാക്കാത്തപക്ഷം ഓഡിറ്റ് തടസ്സപ്പെടുത്തിയ 67,849 രൂപ പരാമർശ വിധേയമായ കാലത്തെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കി റിപ്പോർട്ട് സമർപ്പിക്കുവാനും സർക്കാരിനോട് സമിതി ശിപാർശ ചെയ്യുന്നു. |
| 58 | 229 | പനമരം ഗ്രാമപഞ്ചായത്ത് | നിർവ്വഹണ ഉദ്യോഗസ്ഥൻ തുക മുഴുവൻ പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടച്ചതായ സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം നീക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 59 | 236 | കോട്ടത്തറ ഗ്രാമപഞ്ചായത്ത് | ചെമ്പകച്ചാൽ-മെയ്യന റോഡ് ടാറിംഗ് പൂർത്തീകരിക്കാത്ത കൺവീനർക്ക്, ചെയ്ത പ്രവൃത്തിയുടെ മൂല്യനിർണ്ണയത്തുകയേക്കാൾ 23,640 രൂപയും പുഴകളിൽ വീണ മരങ്ങൾ കരയിൽ കയറ്റി അട്ടിവെയ്ക്കുന്നതിന് കരാറുകാരന് ക്വാട്ട് ചെയ്ത തുകയേക്കാൾ 32,983 രൂപയും അധികം നൽകിയതിലൂടെ ഗ്രാമപഞ്ചായത്തിന് ആകെ 56,623 രൂപ നഷ്ടമുണ്ടായി. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുവാനുള്ള റവന്യൂ റിക്കവറി നടപടിക്കെതിരെ ടിയാൻ ബഹു. ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ മേൽ നടപടികൾക്ക് സ്റ്റേ ഉത്തരവുള്ളതായി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെയും തദ്ദേശസ്വയംഭരണ സെക്രട്ടറിയുടെയും റിപ്പോർട്ടുകളിൽനിന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം പലിശ സഹിതം അടിയന്തരമായി ഈടാക്കുവാൻ പ്രസ്തുത കേസ്സിന്മേലുള്ള സ്റ്റേ ഉത്തരവ് നീക്കികിട്ടുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാനും ആയതു സംബന്ധിച്ച റിപ്പോർട്ടു നൽകുവാനും സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം II

### ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടറുടെ സമാഹൃത റിപ്പോർട്ടിൻമേൽ (2005-2006) പുതാടി ഗ്രാമ പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്ന ആഡിറ്റ് ന്യൂനതാ പരിഹാര നടപടി പത്രിക (Remedial measures taken statement)

| ക്രമ നമ്പർ | സമാഹൃത ആഡിറ്റ് റിപ്പോർട്ട് വർഷം | ആഡിറ്റ് ഖണ്ഡിക | | ആഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടി |
|---|---|---|---|---|
